# NEW VISION

FOR A CHANGING WORLD

VOLUME 22 ISSUE 9 JUNE 2021 ANNUAL SUBSCRIPTION RS 250 PER COPY RS 20






# NEW VISION FOR A CHANGING WORLD

'New Vision for a Changing World' is an ecumenical magazine owned by Navadarshan Trust, a public charitable trust registered in 1999. The periodical initially started in 1992 as a bimonthly entitled 'New Vision' with Prof. Dr.Mathew Koshy Punnackad as the editor and Rev.Prof.K.C.Mathew as the publisher. We got the title, New Vision for a Changing World, during the registration, and it came under Navadarshan Trust. It serves as a forum for the exchange of views and source inspiration for enlightened action. 2006, Navadarshan Trust reconstituted the editorial board with Most Rev.Dr.Philipose Mar Chrysostom Valiya Metropolitan as the Patron, Rt.Rev. Sam Mathew as the Chairman, Prof.Dr.Cyriac Thomas as the Hon. Chief Editor and Dr. Mathew Koshy Punnackadu as the Publisher. With the demise of Bishop of Rev.Sam Mathew, Rt.Rev.Dr.Thomas Mar Theethose became the Chairman.

പുസ്തകം 21 ലക്കം 9 ജൂൺ 2021

## അകത്തളത്തിൽ

3 എഡിറ്റോറിയൽ
ധന്യമായ ജീവിതത്തിന് പ്രണാമം

4 മാർ ക്രിസോസ്റ്റം ഇഫക്ട് — തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ

5 കിളിവാതിൽ
സാധ്യതകളിലേക്ക് വിരൽ ചൂണ്ടിയ പ്രഭാഷണം — ഡോ. ജോസ് പാറക്കടവിൽ

8 – 34 ക്രിസോസ്റ്റം തിരുമേനി അനുസ്മരണം

കർദ്ദിനാൾ ബസേലിയോസ് ക്ലിമിസ് ബാവാ
എം. എ. ബേബി
ജോഷ്വാ മാർ ഇഗ്നാത്തിയോസ്
രമേശ് ചെന്നിത്തല
ഡോ. ഗീവർഗീസ് മാർ കൂറിലോസ്
ബിനോയ് വിശ്വം
ബിഷപ്പ് ഡോ. ഉമ്മൻ ജോർജ്ജ്
ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര
ജസ്റ്റിസ് കെ. ടി. തോമസ്
ഫാ. ഡോ. പോൾ തേലക്കാട്ട്
ഫാ. ഡോ. കെ. എം. ജോർജ്
മുല്ലക്കര രത്നാകരൻ
റൈറ്റ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ
ഡോ. തോമസ് ഐസക്
സി.വി. സൈമൺകുട്ടി
ജോളി എബ്രഹാം
റവ. ബിനു വർഗീസ്
Rev.Dr.M.J.Joseph
Jacob Joseph,Toronto
ഡോ.മാത്യു കോശി പുന്നയ്ക്കാട്

**കവർ ചിത്രം**

**ന്യൂവിഷൻ മാസികയുടെ രക്ഷാധികാരിയായിരുന്ന മാർ ക്രിസോസ്റ്റം മാർത്തോമ്മ മെത്രാപ്പൊലീത്താ തിരുമേനിക്ക് പത്രാധിപസമിതിയംഗങ്ങൾ ആദരാഞ്ജലികളർപ്പിക്കുന്നു.**

CHAIRMAN
Rt.Rev.Dr.Thomas Mar Theethos
CHIEF EDITOR
Prof. Dr.Cyriac Thomas
EXECUTIVE EDITOR
Prof.Dr. Jose Parakadavil 9447364487
EDITOR AND PUBLISHER
Prof. Dr.Mathew Koshy Punnackad
9847275754
ASSOCIATE EDITOR
Cherian C. John 8113038111
MANAGING EDITORS
George Mathew C.
Koshy George (USA)
MANAGERS
Prof.Dr. Sabu George
9447895931
Koshy V.George
9446115002
BOARD MEMBERS
Prof. John George, Athyal
T. Mathew (USA)
Rev.Abraham P. Varkey

Subscription Details
One year Rs.250, Two years Rs.400
Three years Rs.600

ADDRESS
Manager, New Vision office,
Punnakkadu, 689652,Kozhencherry
ബാങ്ക് മുഖേന: ഫെഡറൽ ബാങ്ക് കോഴഞ്ചേരി ശാഖ
a/c No.:10260200008413 IFSC: FDRL0001026.

പരസ്യ നിരക്കുകൾ

| | |
|---|---|
| Cover Back page Colour | : 10000.00 |
| Cover Inside Colour | : 7000.00 |
| Half page Colour | : 3000.00 |
| Full page | : 5000.00 |
| Half | : 1500.00 |
| Quarter | : 500.00 |

Advertisement of Subscribers discounts will be given

ലിപി വിന്യാസം : സുജ ഇവാഞ്ചൽ പ്രസ്
അച്ചടി : ഇവാഞ്ചൽ പ്രസ് തിരുവല്ല 0469 2630223

നിങ്ങളുടെ കത്തുകളും സാഹിത്യസൃഷ്ടികളും അയയ്ക്കേണ്ട വിലാസം
ഡോ. മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ ന്യൂ വിഷൻ, പുന്നയ്ക്കാട് പി ഒ, കോഴഞ്ചേരി 689652, കേരളം
ഫോൺ/ഫാക്സ് : 0468 2214068 മൊബൈൽ : 9847275754
E-mail: newvisionmagazine@gmail.com Website : newvisionmagazine.org

എഡിറ്റോറിയൽ

# ധന്യമായ ജീവിതത്തിന് പ്രണാമം



ചിരിയുടെ തമ്പുരാനല്ല, നൂതന ആശയങ്ങളുടെ തമ്പുരാനാണെന്നു തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് ന്യൂവിഷൻ മാസികയുടെ തലപ്പത്ത് ക്രിസോസ്റ്റം തിരുമേനിയുണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിച്ചത്. മാർത്തോമ്മാ മെത്രപ്പോലിത്താ കൂടിയായിരുന്ന തിരുമേനിയെ നേരിൽ കണ്ട് അഭ്യർത്ഥിച്ചപ്പോൾ തിരുമേനി പറഞ്ഞു. 'ഞാൻ നിങ്ങൾ ചോദിക്കുമ്പോഴെല്ലാം അഭിമുഖം തന്നത് മാസിക എനിക്കിഷ്ടമായത് കൊണ്ടാണ്. പക്ഷേ മാസികയുടെ പത്രാധിപസമിതയംഗങ്ങളുടെ കൂടെ എന്റെ പേരു കൂടി ഉണ്ടാവണമെങ്കിൽ, ഞങ്ങളുടെ സഭയുടെ സിനഡിന്റെ അനുവാദം വേണം. സിനഡിനോട് ചോദിച്ചിട്ട് ഞാൻ വിവരം അറിയിക്കാം'. രണ്ടു മൂന്നു മാസങ്ങൾക്ക് ശേഷം ബന്ധപ്പെട്ടപ്പോൾ സിനഡ് അനുവദിച്ചുവെന്ന് പറയുകയുണ്ടായി. അന്നു മുതൽ തിരുമേനിയുടെ ആശയങ്ങൾ ന്യൂവിഷനിൽ ക്രമമായി പ്രസിദ്ധീകരിക്കുവാനാരംഭിച്ചു. റിട്ടയാർ ചെയ്ത് മാരാമൺ വന്നപ്പോൾ അതൊരു പംക്തിയായി മാറി. ആക്കാലയളവിൽ തിരുമേനിയുടെ ആശയങ്ങൾ അച്ചടിച്ചു വന്നിരുന്ന ഏക പ്രസിദ്ധീകരണം ന്യൂവിഷനായിരുന്നു. അഭിമുഖ സംഭാഷണത്തിന് നേരത്തെ സമയം ക്രമീകരിച്ചു തന്നാൽ പിന്നീട് മൂന്നു മണിക്കൂറോളം ഞങ്ങൾ തമ്മിൽ സംവാദമായിരുന്നു. വാദ പ്രതിവാദങ്ങൾ തന്നെ. അതുകൊണ്ട് തന്നെ തിരുമേനിയുമായുള്ള അഭിമുഖം വായിക്കുവാൻ അനവധി പേർ മാസികയുടെ വരിക്കാരായി. തിരുമേനിയുടെ നർമ്മങ്ങളിലെ വിപ്ലവകരമായ ആശയങ്ങൾ അഭിമുഖങ്ങളിലൂടെ അവതരിപ്പിക്കുവാൻ സാധിച്ചു. തിരുമേനി ന്യൂവിഷൻ മാസികയുമായി സഹകരിക്കുന്നതിന്റെ കാരണം ഒരിക്കൽ പറയുകയുണ്ടായി. 'ന്യൂവിഷൻ ഞാൻ സ്ഥിരമായി വായിക്കാറുണ്ട്. ധാരാളം പുതിയ കാഴ്ചപ്പാടുകൾ ന്യൂവിഷനിൽ കൂടി ലഭിക്കാറുണ്ട്. നല്ല ഒരു സംരംഭമാണ്. ആശയങ്ങളോടെല്ലാം ഞാൻ പൂർണ്ണമായി യോജിക്കുന്നില്ലെങ്കിലും ആളുകളെ ചിന്തിപ്പിക്കുവാനും ഒരു സംഭവത്തിന്റെ മറുവശം മനസ്സിലാക്കുവാനും ന്യൂവിഷൻ സഹായിക്കുന്നു'.

ക്രൈസ്തവ ബിഷപ്പുമാരെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ വെല്ലുവിളിച്ചും പലതും തിരുത്തിക്കുറിച്ചുമായിരുന്നു തിരുമേനിയുടെ തൊണ്ണൂറുകളിലെ യാത്ര. അതിന് തിരുമേനി നൽകുന്ന മറുപടി, 'എനിക്ക് ബിഷപ്പിനെക്കുറിച്ച് ചില സ്വപ്നങ്ങളുണ്ടായിരുന്നു. മാർത്തോമ്മാ മെത്രാപ്പോലിത്താ ആയപ്പോൾ അവയൊന്നും പ്രയോഗത്തിൽ കൊണ്ടു വരുവാൻ സാധിച്ചില്ല. കാരണം ഭരണ കാര്യങ്ങൾ തന്നെ ചെയതു തീർക്കുവാൻ സമയം ലഭിച്ചിരുന്നില്ല. റിട്ടയാർ ചെയ്തപ്പോൾ മുമ്പുണ്ടായിരുന്ന ബന്ധങ്ങളും കാഴ്ചപ്പാടുകളും പ്രായോഗിക ജീവിതത്തിൽ കൊണ്ടു വരുവാൻ സാധിച്ചു. ജീവിതം ഒരു തുടർച്ചയാണ്. ഓരോ ഘട്ടവും ഓരോ ആഘോഷങ്ങളാണ്'. ഡോ.ബാബു പോൾ ഒരിക്കൽ തിരുമേനിയോട്തന്നെ പറഞ്ഞു, 'തിരുമേനിയുടെ ആശയങ്ങൾ തികച്ചും വിപ്ളവകരമാണ്. ബിഷപ്പാകുന്നതിന് മുമ്പേ തിരുമേനി ഇത് പറഞ്ഞായിരുന്നെങ്കിൽ വൈദീകനായി തന്നെ കഴിയേണ്ടി വന്നേനേം'.

പഞ്ചാബിലെ ഗോൾഡൻ ടെമ്പിളിൽ പോയപ്പോൾ കിട്ടിയ പ്രസാദം കഴിച്ചതും ശബരിമലയിൽ നിന്നു കൊണ്ടു വന്ന പ്രസാദം കഴിക്കുവാൻ തയ്യാറായതും ക്ഷേത്രങ്ങൾ സന്ദർശിക്കുവാൻ പോകുന്നതുമെല്ലാം ദൈവത്തെക്കുറിച്ചുള്ള പരമ്പരാഗത കാഴ്ചപ്പാടുകളെ ചോദ്യം ചെയ്യുകയെന്ന ഉദ്ദേശത്തോടു കൂടിത്തന്നെയായിരുന്നു. മാർത്തോമ്മാ സഭയിലെ ഒരു ഉപദേശി, ക്രിസോസ്റ്റം തിരുമേനി ദൈവവിശ്വാസിയല്ലായെന്ന് പള്ളിയിൽ പ്രസംഗിച്ചപ്പോൾ യുവജനങ്ങൾ പരാതിയുമായി ക്രിസോസ്റ്റം തിരുമേനിയുടെയടുക്കൽ വരികയുണ്ടായി. ഉപദേശി പറഞ്ഞത് ശരിയാണെന്നും, ഉപദേശിയുടെ സങ്കല്പത്തിലുള്ള ദൈവത്തിൽ എനിക്ക് വിശ്വാസമില്ലായെന്നും തിരുമേനി തുറന്നടിച്ചു. യേശുവിനെ ക്രിസ്ത്യാനികളുടെ മാത്രമാക്കിയുള്ള ഇടത്തൂട്ട് ഉപദേശമാണ് നാം പഠിപ്പിക്കുന്നതെന്ന് തിരുമേനി ഒരിക്കൽ പറയുകയുണ്ടായി. എല്ലാവരേയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു ദൈവമായിരുന്നു ക്രിസോസ്റ്റം തിരുമേനിയുടെ ദൈവ സങ്കല്പം.ദൈവം ഒന്നേയുള്ളുവെന്ന് തിരുമേനി എപ്പോഴും പറയുമായിരുന്നു.

ആൾദൈവങ്ങളുടെയടുക്കൽ പോകുന്നതും അവരോടൊപ്പം വേദി പങ്കിടുന്നതും സഭയി

*ശേഷം പേജ് 6ൽ*

സഭാവേലികൾക്കതീതമായി ക്രൈസ്തവസഭയുടെ കാലിക പ്രസക്തമായ ദൗത്യങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളും നീതിക്കും മനുഷ്യത്വത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിൽ വിശ്വാസികൾ സ്വീകരിക്കേണ്ട നിലപാടുകളെക്കുറിച്ചുള്ള വിചിന്തനങ്ങളും തുടർചർച്ചകളും കൂട്ടായ്മകളുടെ രൂപീകരണവുമാണ് സ്വതന്ത്രപ്രസിദ്ധീകരണമായ ന്യൂവിഷൻ മാസികയുടെ ലക്ഷ്യങ്ങൾ. ന്യൂവിഷൻ കുടുംബത്തിലെ അംഗങ്ങളായ വായനക്കാരുടെ നിർലോപമായ സാമ്പത്തിക സഹായങ്ങളാണ് ഈ മാസികയുടെ വരുമാന സ്രോതസ്.





# മാർ ക്രിസോസ്റ്റം ഇഫക്ട്



**ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ**
ചെയർമാൻ, ന്യൂവിഷൻ പത്രാധിപ സമിതി

നമുക്കെല്ലാം പിതാവായിരുന്ന നാടിന്റെ കാവലാളായിരുന്ന, സത്യാന്വേഷികൾക്ക് മാർഗ്ഗദർശിയായിരുന്ന, സ്നേഹിതർക്ക് അപ്പച്ചനായിരുന്ന, വിശ്വാസികളെ നിരന്തരം തിരുത്തലിന്, ആഹ്വാനം ചെയ്ത, അവിശ്വാസികളോട് ദൈവം നിങ്ങളെ വിശ്വസിക്കുന്നു എന്നോതിയ, നിഷ്ക്രിയരെ കർമ്മനിരതരാകാൻ വെല്ലുവിളിച്ച, വിവേകത്തിന്റെ നിറകുടവും, വിനയത്തിന്റെ ആൾരൂപവുമായി തന്റെ നർമ്മത്തിലൂടെ മർമ്മം പങ്കിട്ട ആ ക്രിസ്തു ശിഷ്യൻ, ദൈവത്തോടു നർമ്മം പറയാൻ മടങ്ങി.

അസ്തിത്വ ചിന്തകന്മാർക്ക് മരണം ഉണ്മയുടെ അഭാവമാണ് (Absence of being). വിശ്വാസിക്ക് മരണം ഉണ്മുടെ പൂർണ്ണതയാണ്, അസ്തിത്വത്തിന്റെ പുത്തുലയലാണ്. മാർ ക്രിസോസ്റ്റം തിരുമേനിയുടെ വാക്കുകളിൽ മരണം ജീവിതത്തിന്റെ പൂർണ്ണതയാണ്. ക്രിസ്തു ലാസറിന്റെ കല്ലറവാതില്ക്കൽ നിന്നു പറഞ്ഞു. "ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരണം കാണുകയില്ല". പരിമിതിയുള്ള മനുഷ്യന്, പരിമിതിയില്ലാത്ത ദൈവത്തെ കാണാൻ, ഒന്നുകിൽ ദൈവം സ്വയം പരിമിതിയിലേക്ക് പ്രവേശിക്കണം. അല്ലെങ്കിൽ പരിമിതിയുള്ള മനുഷ്യൻ, സ്ഥലകാല പരിമിതിയിൽ നിന്ന് നിത്യതയിലേക്ക് പ്രവേശിക്കണം, അതു സാധിക്കാനുള്ള ദൈവത്തിന്റെ വിസ്മയതാക്കോലാണ് മരണം. അതുകൊണ്ട് മരണം അപകടമോ, അനിശ്ചിതമോ അല്ല, മറിച്ച് അനുഗ്രഹവും പൂർണ്ണതയുമാണ് എന്ന് തിരുമേനി വിശ്വസിച്ചിരുന്നു അതുകൊണ്ട് തിരുമേനി മരണത്തെ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല, എന്നുമാത്രമല്ല മരണം അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു എന്നു വേണം കരുതാൻ. അതുകൊണ്ട് മരണദിവസംപോലും അദ്ദേഹത്തിന് പ്രവചിക്കാനായി. ഈ ദൈവവിശ്വാസമാണ്, ഈശ്വരബോധമാണ്, ഭൗതികതയുടെ കേവല ചിന്തയ്ക്കപ്പുറത്തേക്ക് അദ്ദേഹത്തെ നയിച്ചിരുന്നത്.

എല്ലാം നേടണം, വെട്ടിപ്പിടിക്കണം എന്ന ആർജ്ജന ചിന്തയിൽനിന്ന്, ഒന്നും കൊണ്ടുപോകാൻ കഴിയാത്ത ഈ ലോകത്തിൽ കൊടുത്തുപോകുന്നതാണ് ഉത്തമം എന്ന ബോധ്യം അദ്ദേഹത്തെ കരുണയുടെ സ്നേഹപ്രവാഹമാക്കി. അതുകൊണ്ടു തന്നെ സ്നേഹവും, സൗഹൃദവും ലോഭമില്ലാതെ അദ്ദേഹം എല്ലാവർക്കും നല്കി. ഈ ദാനത്തിൽ ഭേദചിന്തകളില്ല. ജാതി, മത മതിൽക്കെട്ടുകളില്ല. എല്ലാവരെയും ചേർത്തുപിടിക്കുന്ന ആ സാന്നിദ്ധ്യത്തിലേക്ക് ആർക്കും മുന്നറിയിപ്പില്ലാതെ എത്തിച്ചേരാം. ദർശനസാഫല്യം പ്രാപിക്കാം. ആ സ്നേഹസാഗരത്തിൽ നാടോടിബാലന്മാർ മുതൽ, ഇന്ത്യയുടെ രാഷ്ട്രപതി വരെ നീന്തിത്തുടിച്ചു. ഭിക്ഷക്കാർ ആ കൂട്ടുകെട്ടിലുണ്ട്, കുഷ്ഠരോഗികളുണ്ട്, മാനസികവൈകല്യമുള്ളവരുണ്ട്, അവഗണിക്കപ്പെട്ടവരും ഉപേക്ഷിക്കപ്പെട്ടവരുമുണ്ടായിരുന്നു. അങ്ങനെ ചേർത്തുപിടിച്ച അവർക്ക് അദ്ദേഹം സാന്ത്വസ്പർശമായിരുന്നു. അദ്ദേഹത്തിന്റെ വാസസ്ഥലമായിരുന്ന മാരാമൺ ജൂബിലിഹോം എല്ലാവർക്കും പ്രതീക്ഷയുടെയും, പ്രത്യാശയുടെയും പ്രഭവകേന്ദ്രവുമായി.

ദൈവസ്നേഹവും മനുഷ്യസ്നേഹവും ഒരു നാണയത്തിന്റെ ഇരുവശങ്ങളായി കണ്ട അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലൂടെ ദൈവസ്നേഹം യഥാർത്ഥ്യമാക്കുന്നത് സഹോദരസ്നേഹത്തിലൂടെയാണെന്ന് അദ്ദേഹം നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ദൈവത്തിന്റെ പേരുപറയുകയും അതേസമയം സാത്താന്റെ വഴികളിലൂടെ നടക്കുകയും ചെയ്യുന്ന നാം ആത്മവിമർശനം നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ ചെയ്തികൾ ക്രിസ്തുവിന് പ്രസാദകരമോ, അതോ നമുക്ക് പ്രയോജനകരമോ എന്ന് ആത്മവിമർശനം നടത്തുമ്പോൾ അതിന്റെ ഉത്തരമാണ് നമ്മുടെ ആത്മീയതയുടെ അളവുകോൽ. മനുഷ്യത്വത്തിന്റെ പൂർണ്ണതയിലേക്കുള്ള യാത്രയായിരുന്നു അദ്ദേഹത്തിനു ആത്മീയത. ആ ആത്മീയതയിൽ സഹോദരന്റെ മുഖം ദൈവത്തിന്റെ മുഖംപോലെ ദർശിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അപരനുവേണ്ടി വിരിച്ചുപിടിക്കുന്ന കരങ്ങളാണ് ഒരുവന്റെ ആത്മീയതയുടെ പ്രകാശനം. ഈ ചെറിയവരിൽ ഒരുത്തനു ചെയ്യുന്നതെല്ലാം എനിക്കാകുന്നു ചെയ്യുന്നതെന്ന ക്രിസ്തുവചനം രക്ഷക്കായുള്ള താക്കോൽ വാക്യമായി അദ്ദേഹം സ്വീകരിച്ചിരുന്നു.

പരസ്പരം പങ്കിടുന്ന പ്രത്യാശ സമൂഹങ്ങൾ ഉണ്ടാകണം എന്നത് അദ്ദേഹത്തിന്റെ ഉപദേശവും,സ്വപ്നവും ആയിരുന്നു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, എന്നിവ എല്ലാവർക്കും ലഭ്യമാകണമെന്ന് ആ മഹാത്മാവ് ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി അന്ത്യത്തോളം യത്നിച്ചിരുന്നു. Meals on Wheels ഉൾപ്പെടെയുള്ള സംരംഭങ്ങൾ അതിനുദാഹരണങ്ങളാണ്.

ഭിന്നശേഷിക്കാരെയും, ഭിന്നലിംഗക്കാരെയും ഒക്കെ അംഗീകരിച്ച് അവരുടെ കഴിവുകളെ പരിപോഷിപ്പിച്ച്, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ അദ്ദേഹം നിരന്തരം വാദിച്ചിരുന്നു. തിരുമേനിയുടെ ദേഹവിയോഗം മനോരമ റിപ്പോർട്ടുചെയ്തപ്പോൾ എഴുതിയ ഒരു വാചകം ഇങ്ങനെ : 'വിടവാങ്ങിയത് ബധിര സമൂഹത്തിന്റെ തോഴൻ'. (കാസർകോഡ് മാർത്തോമ്മാ സഭയ്ക്ക്, 4 പതിറ്റാണ്ടുമുൻപ് Deaf - Dumb സ്കൂൾ ആരംഭിച്ചിരുന്നു). അദ്ദേഹം ഒരിക്കൽ ആ സ്കൂളിൽ വന്നപ്പോൾ സന്ദർശക ഡയറിയിലെഴുതി: "Deaf are the part of the society and do belong to the society. If the society does not accept them as part of the society it may mean that the society is handicaped. The handicaped are not the problem of the society, but the society is the problem of the handicaped". സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ശബ്ദവും തോഴനായിരുന്നു തിരുമേനി.എല്ലാ പരിസ്ഥിതി പ്രശ്നങ്ങളും ആത്മീയ പ്രശ്നങ്ങളാണ്. മനുഷ്യത്വത്തിന് എതിരെയുള്ള എല്ലാ കടന്നു കയറ്റങ്ങളും എല്ലാ പരിസ്ഥിതി പ്രശ്നങ്ങളും ഗുരുതരമായ ആത്മീയ പ്രശ്നങ്ങളാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

എല്ലാ മതങ്ങളെയും ആദരവോടെ കണ്ട തിരുമേനി വിശാല എക്യുമെനിസമെന്ന ചിന്തയുടെ പ്രവാചകനുയിരുന്നു. ഒരു മതം മറ്റൊരു മതത്തെ ഇല്ലാതാക്കുകയല്ല, പരസ്പരം പരിപോഷിപ്പിക്കുന്ന പാരസ്പര്യത്തിന്റെ മഴവിൽ സംസ്കാരമാണ് വേണ്ടത് എന്ന തുറന്ന സമീപനമാണ് തിരുമേനി സ്വീകരിച്ചിരുന്നത്. അതേ കാഴ്ചപ്പാടോടെ തന്നെ ക്രിസ്തുവിന്റെ ശരീരമായ സഭകളുടെ ഐക്യവും, അദ്ദേ



ഹത്തിന്റെ സ്വപ്നമായിരുന്നു.

ഒരു മതനിരപേക്ഷ സമൂഹത്തിൽ ബഹുസ്വരതയെ അതിന്റെ അടിസ്ഥാനപ്രമാണമായി അദ്ദേഹം കണ്ടിരുന്നു. ഇന്നു രാജ്യത്തു വളർന്നുവരുന്ന വർഗ്ഗീയതയെയും അതു സൃഷ്ടിക്കുന്ന മുറിവുകളെയും കുറിച്ച് അദ്ദേഹം ഖിന്നനായിരുന്നു. ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല അതിലുപരി സംസ്കാരവും, മൂല്യവുമായിരിക്കണമെന്ന് അദ്ദേഹം അഭിലഷിച്ചിരുന്നു. സത്യസന്ധതയും, അഭിപ്രായസ്വാതന്ത്ര്യവും, തുല്യനീതിയും രാജ്യത്ത് പുലരണമെന്നും എല്ലാവരെയും വിശേഷാൽ അവഗണിക്കപ്പെടുന്നവരുടെ, മനുഷ്യാന്തസ്സ് ഉയർത്തിപ്പിടിക്കുന്ന ഒരു ക്രമമായിരിക്കണം ഏതു ഗവൺമെന്റും സ്വീകരിക്കേണ്ടത് എന്നു അദ്ദേഹം വിശ്വസിച്ചിരുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ഫ്രഞ്ചു വിപ്ലവതത്വങ്ങൾ അദ്ദേഹത്തിന്റെ ചിന്തയെ സ്വാധീനിച്ചിരുന്നു. എന്നാൽ ഈ ചിന്തകളുടെ എല്ലാം അടിത്തറയും, പ്രേരകശക്തിയുമായി അദ്ദേഹം സ്വീകരിച്ചിരുന്നത്, ലോകരക്ഷകനായ യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവശാസ്ത്ര ദർശനങ്ങളിലായിരുന്നു. യേശുക്രിസ്തുവിലുള്ള ഭാവംതന്നെ നിങ്ങളിൽ ഉണ്ടായിരിക്കണമെന്ന ദൈവവിചാരമാണ് അദ്ദേഹത്തെ മനുഷ്യത്വമുള്ള മനുഷ്യനാകാൻ നിരന്തരം ശക്തീകരിച്ചു കൊണ്ടിരുന്നത്.

ഒരു മനുഷ്യന് ചെയ്യാൻ പാടില്ലാത്തതെന്തെങ്കിലും യേശുക്രിസ്തു ചെയ്തിട്ടുണ്ടോ? എന്ന് തന്റെ പ്രഭാഷണത്തിൽ അദ്ദേഹം ആവർത്തിച്ചു. അങ്ങനെയെങ്കിൽ യഥാർത്ഥ മനുഷ്യനായി ജീവിച്ച യേശുവാണ് നമ്മുടെ മാതൃക എന്നും അവൻ ജീവിച്ചതുപോലെ ജീവിക്കുന്നവാനും നടന്നവഴിയെ നടക്കുവാനും, കണ്ട കാഴ്ചകൾ കാണുവാനും, കേട്ട നിലവിളികൾ കേൾക്കുവാനും, അവൻ നിന്നിടത്തു നില്ക്കുവാനും, അവന്റെ കണ്ണുനിറഞ്ഞ സാഹചര്യങ്ങളിൽ നമ്മുടെ കണ്ണുകൾ നിറയുവാനും നമുക്കും സാധിക്കണം. നിറഞ്ഞ കണ്ണുകളിലൂടെ കാണുന്ന കാഴ്ചകളാണ് സത്യസന്ധമായ കാഴ്ചകൾ. അവൻ ചേർത്തുപിടിച്ചവരെ നാമും ചേർത്തുപിടിക്കണം, ഒപ്പം എന്തിനോടെല്ലാം അവൻ കലഹിച്ചുവോ അതിനോടെല്ലാം നാമും കലഹിക്കണം... ഓരോരുത്തർ സ്വന്തം ഗുണമല്ല അപരന്റെ ഗുണം കൂടി അന്വേഷിക്കണം, മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണണം. സ്നേഹിതനുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല എന്നുരച്ച ക്രിസ്തുനാഥന്റെ ഭാവം നാമും സ്വീകരിക്കുമ്പോൾ, "നിന്റെ (ദൈവത്തിന്റെ) നാമം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകും, ഭൂമി സ്വർഗ്ഗീയമാകും." ഇത് utopia ആയി മാത്രം കണ്ട ആളല്ലായിരുന്നു ക്രിസോസ്റ്റം തിരുമേനി. യാഥാർത്ഥ്യമായി കണ്ടവനും, അതിനായി ജീവിതം എറിഞ്ഞുകൊടുത്തവനുമായിരുന്നു.

യേശുക്രിസ്തു ക്രൂശിൽ പൂർണ്ണമായി നല്കി, ശൂന്യവല്ക്കരിച്ചു. അപ്പോൾ പൂർണ്ണതയുടെ പൂർണ്ണതയായ നിത്യതയിലേക്ക് പിതാവ് സ്വീകരിച്ചു. എല്ലാം നല്കിക്കഴിഞ്ഞപ്പോഴാണ്, എല്ലാം നേടുന്നത്. ക്രൂശ് സ്നേഹത്തിന്റെ അത്യുത്തമമായ മാതൃകയാണ്. സ്നേഹത്തിൽ നേടലില്ലല്ലോ, നല്കൽ മാത്രമാണ്. ശുദ്ധമായ സ്നേഹപ്രവാഹമാണ്. അപ്പോൾ പൂർണ്ണമായി ശൂന്യമാക്കുമ്പോൾ പൂർണ്ണമായി നിറയുന്നു. Complete emptyness is complete fullness. കുരിശിൽ ഉയർത്തപ്പെട്ട കർത്താവ്, ഉയിർപ്പിലേക്ക് (Resurrection) ഉയർത്തപ്പെടുകയായിരുന്നു.

ക്രിസോസ്റ്റം തിരുമേനിയും തന്റെ നിയോഗവഴി ഇപ്രകാരം കണ്ട ഉത്തമശിഷ്യനായിരുന്നു. തന്റെ ഭൗതിക വസ്തുക്കളെല്ലാം സഭയ്ക്കും അതിലൂടെ മനുഷ്യനന്മയ്ക്കും നല്കി. തന്റെ ഉള്ളതും, ഉണ്മയും ദൈവത്തിനും, സഹജീവികൾക്കും നല്കി യാത്രയായി, നിത്യ സ്മരണയായി.

ജീവിതം സാർത്ഥകമാക്കിയ ആ കർമ്മയോഗി താൻ പ്രിയംവെച്ച പിതാവിന്റെ സന്നിധി പൂകി. ഒപ്പം അദ്ദേഹം നമ്മിൽ നിത്യ ഓർമ്മയായി ജീവിക്കുന്നു. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്ന ആരും മരണം കാണുകയില്ല എന്ന തിരുവചനം യാഥാർത്ഥ്യമാക്കി മടങ്ങി. അദ്ദേഹത്തിന്റെ ദേഹവിയോഗം നമുക്ക് ഒരിക്കലും നഷ്ടമല്ല, നേട്ടവും, മാതൃകയും, വെല്ലുവിളിയുമാണ്.

ആത്മീയതയ്ക്ക് മനുഷ്യമുഖം നല്കി സഹോദര്യത്തിന് ദൈവ ഭാവം നൽകി, വെട്ടിയ വഴിയിലൂടെയുള്ള യാത്രക്ക് പകരം പുതിയ വഴി വെട്ടി നമുക്ക് മുമ്പേ യാത്ര ചെയ്ത ആ മഹിതാചാര്യന്റെ ജീവിതം വിസ്മയം തന്നെ. അദ്ദേഹം ജീവിച്ച ഇരുപതാം നൂറ്റാണ്ടും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യപാദവും കേരളചരിത്രത്തിൽ, വിശേഷൽ ക്രൈസ്തവ ചരിത്രത്തിൽ ക്രിസോസ്റ്റം യുഗമായി അറിയപ്പെടുകയും, ശാസ്ത്ര ലോകത്ത് ഭാരതീയനായ സി വി രാമന്റെ സംഭാവനകളെ രാമൻ എഫക്ട് ആയി രേഖപ്പെടുത്തിയിക്കുന്നതു പോലെ ക്രിസോസ്റ്റം എഫക്ട് ആയി വരും തലമുറക്ക് പ്രകാശവും പ്രത്യാശയും പ്രചോദനവും നൽകിക്കൊണ്ടിരിക്കും.

## ക്രിസോസ്റ്റം തിരുമേനിയുടെ പാചകക്കാരനായിരുന്ന ഏബ്രഹാം

തിരുമേനിയുടെ കുക്ക് പോയപ്പോൾ തിരുമേനിയുടെ സെക്രട്ടറിയച്ചൻ ഏലപ്പാറയിലെ അച്ചനുമായി ബന്ധപ്പെട്ടാണ് ഏബ്രഹാമിനെ തരപ്പെടുത്തിയത്. ഏബ്രഹാം ഏലപ്പാറയിൽ ഒരുതോട്ടം തൊഴിലാളിയായിരുന്നു. വിദ്യാഭ്യാസം ഒന്നാം ക്ലാസ്സ്. ഏബ്രഹാമിനോട് അച്ചൻ പറഞ്ഞത് തിരുമേനിക്ക് ഒരു സഹായിയെ വേണം, വിശ്വസ്തനായിരിക്കണം. തിരുമേനിക്ക് വേണ്ട സഹായങ്ങൾ ചെയ്യാനാണ് ഏബ്രഹാം മാരാമണ്ണിൽ വന്നത്. മാരാമണ്ണിൽ വന്നപ്പോൾ ക്രിസോസ്റ്റം തിരുമേനി ഒരാഴ്ചത്തേക്കുള്ള മെനുവാണ് ഏബ്രഹാമിന് കൊടുത്തത്. ഏബ്രഹാം ശരിക്കും ഞെട്ടിപ്പോയി. തിരുമേനിയെ സഹായിച്ചു കൊണ്ടിരുന്ന സന്തോഷിനോട് പറഞ്ഞു. ഞാനിത് വരെ കാപ്പിപോലും ഇട്ടിട്ടില്ല. ഞാൻ തിരികെ പോകുകയാണ്. ഏബ്രഹാം പോയാൽ സന്തോഷിന് ഈ പണി കൂടെ ചെയ്യേണ്ടി വരുന്നറിയാമായിരുന്നതിനാൽ സന്തോഷ് പറഞ്ഞു. ഏബ്രഹാമെ ഞാൻ കൂടി സഹായിക്കാം. സന്തോഷിന്റെ കൂടെ സഹായത്താൽ ഏബ്രഹാം അടുക്കളയിൽ കയറി. ഏബ്രഹാമിന് കുക്കിംഗ് അറിയത്തില്ലായെന്ന് മനസ്സിലാക്കിയപ്പോൾ തിരുമേനി ഏബ്രഹാമിനെ മാരാമണ്ണിലെ അച്ചന്റെ കൊച്ചമ്മയുടെ അടുക്കൽ വിട്ട് പാചകം പഠിപ്പിച്ചു. അങ്ങനെയാണ് 2015 മുതൽ ഏബ്രഹാം തിരുമേനിയുടെ കുക്ക് ആയത്. തിരുമേനിയുടെ അവസാന കാലം മുഴുവൻ സമയം നിന്ന ഏക വ്യക്തിയാണ് ഏബ്രഹാം. തിരുമേനിക്ക് കൊവിഡ് ആണെന്ന് ഒരു ടെസ്റ്റിൽ വന്നപ്പോൾ ഏബ്രഹാം പറഞ്ഞു. തിരുമേനിക്ക് കൊവിഡ് ആണെങ്കിലും ഞാൻ നോക്കിക്കൊള്ളാം. എനിക്ക് കൊവിഡ് വരുന്നെങ്കിൽ വന്നോട്ടെ. ഈ പ്രതികരണത്തിന് വലിയ വാർത്താ പ്രാധാന്യം ലഭിക്കുകയുണ്ടായി.

ഏബ്രഹാമിന് ടാർപ്പളിൻ വലിച്ച് കെട്ടിയ ഒരു കൂരയാണ് ഉള്ളത്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബം. ക്രിസോസ്റ്റം തിരുമേനി തന്നോടൊപ്പം നിന്നവർക്കും തന്റെ പരിലാളനായിരുന്ന അനാഥർക്കും സാമ്പത്തിക സഹായം കൊടുത്തപ്പോൾ അർഹിക്കുന്ന സഹായം ലഭിക്കാതെ പോയ വ്യക്തിയാണ് ഏബ്രഹാം. ഇത് മനസ്സിലാക്കിയ തിരുമേനി അവസാന കാലത്ത് ഏബ്രഹാമിനെ ഒരു വീട് വെച്ചു കൊടുക്കുവാൻ തിരുമേനിയുടെ സ്വന്തക്കാരനായ കലമണ്ണിൽ ഏബ്രഹാമിനോട് പറഞ്ഞു. അദ്ദേഹം ആറൻമുളയിൽ അഞ്ചു സെന്റ് സ്ഥലം വീട് വെയ്ക്കുവാൻ കൊടുക്കാമെന്ന് തിരുമേനിയോട് പറഞ്ഞുവെന്നാണ് അറിയുന്നത്. ഭൂമി കിട്ടിയാലും വീട് പണി നടത്തുവാൻ പണമില്ലാത്ത അവസ്ഥയാണ് ഏബ്രഹാമിന്റേത്.

*സന്തോഷ് ഫോണിൽ എഡിറ്ററോട് പറഞ്ഞത്*



*തുടർച്ച പേജ് 3ൽ നിന്നും*

ലെ വിശ്വാസികളെ പലപ്പോഴും വേദനിപ്പിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ പരിപാടികളിൽ ബിഷപ്പുമാർ പങ്കെടുക്കരുതെന്ന് ബിഷപ്പുമാർ അനൗപചാരികമായി എടുത്ത തീരുമാനം ക്രിസോസ്റ്റം തിരുമേനിയെ അറിയിക്കുകയും ചെയ്തു. അത് ഗൗനിക്കാതെ പങ്കെടുത്തതിനെക്കുറിച്ച് തിരുമേനി ഇപ്രകാരമാണ് പ്രതികരിച്ചത്. 'ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. ദൈവം സ്നേഹിക്കുന്നവരെ ഞാനും സ്നേഹിക്കുന്നു.'. സമൂഹം പാപമെന്ന് പറയുന്ന ചില കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നവരെ മാരാമണ്ണിലെ വീട്ടിലെ പ്രവേശിപ്പിക്കരുതെന്ന് ചിലർ ഉപദേശിച്ചപ്പോൾ വലിയ തിരുമേനി അതവഗണിച്ചു. പാപികളെ സ്നേഹിച്ച യേശു കർത്താവിന്റെ ശിഷ്യനായ എനിക്ക് അത്തരം ഉപദേശം സ്വീകരിക്കാനാവില്ലായെന്നായിരുന്നു പ്രതികരണം.

ക്രിസോസ്ററം തിരുമേനിയെ പരിപാടികൾക്ക് ക്ഷണിക്കുവാൻ എളുപ്പമായിരുന്നു. 'എന്നെ ക്ഷണിക്കുവാൻ ഇവിടെ വരുമ്പോൾ ഞാൻ കണ്ടെന്നിരിക്കില്ല. ഫോണിൽ വിളിച്ച്, ഞാൻ ഫ്രീയാണോയെന്ന് ചോദിച്ചിട്ട് അവർക്ക് പരിപാടി ക്രമീകരിക്കാം. പരിപാടിയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ തപാലിൽ എത്തിച്ചാൽ മതിയാകും. എനിക്കും അവർക്കും അത് സമയലാഭമാണ്'. ഇഷ്ടമുള്ള പരിപാടികളിൽ ക്ഷണിക്കാതെ പോകുവാനും തിരുമേനി മടിച്ചിരുന്നില്ല.

റിട്ടയാർമെന്റ് ജീവിതം സന്തോഷകരമായി കഴിയുന്നതിനുള്ള മാതൃക നൽകിയാണ് ക്രിസോസ്റ്റം തിരുമേനി കടന്നു പോയത്. കഴിവതും ജനങ്ങളെ കണ്ടു മുട്ടുവാനും അവരിലെ നന്മയെ അഭിനന്ദിക്കുവാനും ആവശ്യത്തിലിരിക്കുന്നവർക്ക് സഹായം നൽകുവാനും, ആരോടും പരിഭവങ്ങളില്ലാതെ ഈ ലോകത്തോട് യാത്ര പറയേണ്ടയവസരമാണ് റിട്ടയാർമെന്റ് കാലമെന്നും തന്റെ ജീവിതം കൊണ്ട് ക്രിസോസ്റ്റം തിരുമേനി തെളിയിച്ചു.

കമ്മ്യൂണിറ്റി ബിൽഡിംഗ് എന്ന ആശയത്തെ സാധൂകരിക്കുന്ന ഒരു ദൈവശാസ്ത്രത്തിന് രൂപം നൽകുകയായിരുന്നു വലിയ തിരുമേനി. ജാതി മത ചിന്തകൾക്കതീതമായി എല്ലാവരും ഒത്തൊരുമിച്ച് അന്യോന്യം സ്നേഹിച്ചും കരുതിയും കഴിയുന്ന ഒരു സമൂഹം. അതാണ് സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം. ഇത് ജനങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളണമെങ്കിൽ നിലവിലെ ചില തെറ്റായ മൂല്യബോധത്തെ ചോദ്യം ചെയ്യേണ്ടതുണ്ടെന്ന് തിരുമേനി കരുതി. അതിന്റെ ഭാഗമായിരുന്നു തന്റെ വിവാദമുണ്ടാക്കിയ നടപടികളിൽ പലതും. തമാശകൾ കേൾക്കുമ്പോൾ കിടു കിടെ ചിരിക്കുമ്പോൾ, അതിന്റെ പിന്നിലുള്ള ആശയത്തിലൂടെ കേൾവിക്കാരുടെ മൂല്യബോധത്തെ തന്നെയാണ് ചോദ്യം ചെയ്യുന്നതെന്ന് പലരും ഗ്രഹിച്ചില്ല. പത്തു വർഷക്കാലം എല്ലാ മാസവും നടന്നുവന്ന സംവാദങ്ങളിലൂടെ ന്യൂ വിഷൻ മാസിക ഇവ പുറത്തു കൊണ്ടു വരികയാണ് ചെയ്തത്. സഭയുടെ സ്ഥാപനാത്മക വളർച്ചക്ക് യാതൊരു സംഭാവനകളും ക്രിസോസ്റ്റം തിരുമേനിയുടെ നേതൃത്വത്തിലുണ്ടായില്ലായെന്ന വിമർശനങ്ങൾ തിരുമേനി അംഗീകരിക്കുന്നു. തന്റെ നിയോഗം അതായിരുന്നില്ലായെന്നും, ജനങ്ങളെ ചിന്തിപ്പിക്കുവാനും സാമൂഹ്യമാറ്റത്തിന് പ്രേരിപ്പിക്കുകയും ആയിരുന്നെന്ന് തിരുമേനി വ്യക്തമാക്കുകയുണ്ടായി. ന്യൂ വിഷൻ മാസികക്ക് തിരുമേനി നൽകിയ സജീവ നേതൃത്വം വായനക്കാരെ ചിന്തിപ്പിക്കുവാനും മാസികയുടെ സുഹൃദ് വലയം വികസിപ്പിക്കുവാനും ഇടയാക്കി. ന്യൂവിഷൻ മാസിക ക്രിസോസ്റ്റം തിരുമേനിയോട് എന്നും കടപ്പെട്ടിരിക്കുന്നു. ന്യൂ വിഷൻ മാസികയുടെ രക്ഷാധികാരിയായി 15 വർഷക്കാലം സേവനമനുഷ്ടിച്ച ക്രിസോസ്റ്റം വലിയ തിരുമേനിയുടെ ധന്യമായ ജീവിതത്തിന് മുമ്പിൽ കണ്ണുനീരിൽ കുതിർന്ന പ്രണാമം. ഈ ലക്കം ഞങ്ങൾ മാസികയുടെ രക്ഷാധികാരിയായിരുന്ന മാർ ക്രിസോസ്റ്റം വലിയ തിരുമേനിക്ക് സമർപ്പിക്കുന്നു.

**ഡോ.മാത്യു കോശി പുന്നയ്ക്കാട്**
എഡിറ്റർ ആന്റ് പബ്ലിഷർ.


## ഉപന്യാസ മത്സരം

### ക്രിസോസ്റ്റം തിരുമേനിയുടെ ജീവിതവും ദർശനങ്ങളും ആധുനിക സമൂഹത്തിന് നൽകുന്ന സന്ദേശം

ഒന്നാം സമ്മാനം 3000 രൂപ. രണ്ടാം സമ്മാനം 2000 രൂപ, ക്രിസോസ്റ്റം തിരുമേനിയുടെ പടമുള്ള സർട്ടിഫിക്കേറ്റും
(കാഷ് അവാർഡുകൾ ശ്രീ കെ.വി ഏബ്രഹാം, സ്നേഹനിവാസ്, മുണ്ടൻകാവ്, ചെങ്ങന്നൂർ,
ഓർമ്മക്കായി മക്കൾ സ്പോൺസർ ചെയ്തിരിക്കുന്നത്)
കൂടാതെ 10 പ്രോത്സാഹന സമ്മാനങ്ങളും

**നിബന്ധനകൾ**

1) 1500 വാക്കുകളിൽ കൂടുവാൻ പാടില്ല
2) ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം.
3) 22 വയസ്സിൽ താഴെയുള്ള സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.
4) ക്രിസോസ്റ്റം തിരുമേനിയെക്കുറിച്ചുള്ള പുസ്തകങ്ങളിൽ നിന്നുമുള്ള ഉദ്ധരണികളും പകർപ്പുകളും ആവശ്യമില്ല. തിരുമേനിയുടെ സന്ദേശം അവതരിപ്പിക്കുന്ന വിധം,ഭാഷയുടെ സൗന്ദര്യം തുടങ്ങിയവ പ്രത്യേകം വിലയിരുത്തപ്പെടും.
5) അവസാന തീയതി ജൂൺ 30. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.
6) അയക്കുന്ന ആളിന്റെ ബയോ ഡേറ്റാ, സ്വയം സാക്ഷ്യപ്പെടുത്തൽ (വിദ്യാർത്ഥിയാണെന്നും 22 വയസ്സിൽ താഴെയാണെന്നു) കൂടെയുണ്ടാവണം.
7) മലയാളത്തിലുള്ളത് രേവതി ഫോണ്ടിൽ ഡിടിപി ചെയ്തതായിരിക്കണം. (DTP Pagemaker). ഇംഗ്ലീഷിൽ എഴുതുന്നവർ ഈ മെയിലിൽ newvisionmagazine@gmail.com മാത്രമേ അയക്കാവൂ



കിളിവാതിൽ

# സാധ്യതകളിലേക്കു വിരൽചൂണ്ടിയ പ്രഭാഷണം



ക്രിസോസ്റ്റം തിരുമേനിയുടെ പ്രസംഗങ്ങൾ എന്റെ കുട്ടിക്കാലത്തിന്റെ മങ്ങാത്ത ഓർമ്മകളിലുണ്ട്! ഫലിതങ്ങൾ ഓർമ്മയിൽനിന്നും മാഞ്ഞുപോയെങ്കിലും ആളുകളെല്ലാം ചിരിച്ചുമറിയുന്ന രംഗങ്ങൾ മനസ്സിൽ തങ്ങിനില്ക്കുന്നു. വർഷങ്ങൾക്കുശേഷം തിരുമേനിയോടൊപ്പം നിരവധി വേദികൾ പങ്കിടുവാനും ഭാഗ്യമുണ്ടായി. കഴിഞ്ഞ നാലു പതിറ്റാണ്ടുകളിൽ തിരുമേനിയോടൊത്തു പങ്കിട്ട വേദികളുടെ വൈവിദ്ധ്യങ്ങൾ വലുതാണ്. അതൊരു ഭാഗ്യമാണെങ്കിലും തിരുമേനി പ്രസംഗിച്ച സദസ്സിൽ പിന്നാലെ പ്രസംഗിക്കുന്നത് പ്രസംഗകന്റെ നിർഭാഗ്യവുമാണ്. തിരുമേനി ശ്രോതാക്കളെ അത്രയ്ക്ക് ഇളക്കിമറിച്ചിരിക്കും.

ഈയിടെ സംവിധായകൻ ബ്ലെസി അനുസ്മരിച്ചതുപോലെ, ക്രിസോസ്റ്റം തിരുമേനിയെ ഒരു തമാശക്കാരനായി മാത്രം ആളുകൾ പരിഗണിക്കുന്നതിൽ എനിക്കും ദുഃഖമുണ്ടായിരുന്നു. എന്നാൽ അടുത്തകാലത്ത് സ്ഥിതിയിൽ മാറ്റമുണ്ടായി. ചിരിക്കപ്പുറമുള്ള ചിന്തകളിലേക്കു കടക്കുവാൻ കുറെയധികംപേർക്ക് സാധിച്ചിരുന്നു.

ക്രിസോസ്റ്റം തിരുമേനിയുടെ വമ്പിച്ച ജനപ്രീതി പല പ്രസംഗകർക്കും തിരുമേനിയെ അനുകരിക്കുവാൻ പ്രലോഭനമായി. പക്ഷേ, മറ്റൊരാൾക്കും അനുകരിക്കാൻ കഴിയാത്ത തരത്തിൽ ദൈവത്തിന്റെ വരപ്രസാദമായി ലഭിച്ച സിദ്ധിയായിരുന്നു, തിരുമേനിയുടെ നർമ്മബോധവും ഫലിത പരിഹാസങ്ങളും. വിചാരങ്ങളെ വികാരങ്ങളാക്കി മാറ്റുന്ന കലയാണ് പ്രസംഗം എന്നു വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞിട്ടുണ്ടല്ലോ.

ഭാരതീയർ നവരസങ്ങളിലൊന്നായി ഉൾപ്പെടുത്തിയ ഹാസ്യം എന്ന വികാരത്തിന്റെ വികാസപരിണാമങ്ങളിലൂടെയായിരുന്നു ക്രിസോസ്റ്റം തിരുമേനി വിചാരങ്ങൾക്ക് ആവിഷ്ക്കാരം നല്കിയത്.

കവി എൻ.കെ. ദേശം ഹാസ്യത്തെ അപഗ്രഥിച്ചെഴുതിയതു കാണുമ്പോൾ ക്രിസോസ്റ്റം തിരുമേനിയുടെ നർമ്മബോധത്തിന്റെ വ്യാപ്തി തിരിച്ചറിയാനാകും. അദ്ദേഹം എഴുതുന്നു:അഗാധമായ തത്ത്വചിന്തയും ഭാവനയും സഹാനുഭൂതിയും ഉള്ളതാണ്, മികച്ച ഹാസ്യം. സ്വയം പരിഹസിക്കുവാനുള്ള സന്നദ്ധതയും സഹിഷ്ണുതയും സഹൃദയത്വവും അത്തരം നർമ്മത്തിലുണ്ടാകും. പല മനോഭാവങ്ങളുടെ ചേരുവയാണു നർമ്മം. ശകാരത്തിനും വിമർശനത്തിനുമുള്ള മൂർച്ചയേറിയ ആയുധമായി ഹാസ്യത്തെ മാറ്റാം.

ശ്രോതാക്കളെ ചിരിപ്പിക്കുക എന്നതായിരുന്നില്ല ക്രിസോസ്റ്റം തിരുമേനിയുടെ ലക്ഷ്യം. എൻ.കെ.ദേശം പറയുംപോലെ ശകാരവും വിമർശനവുമായിരുന്നു അദ്ദേഹം ലക്ഷ്യമാക്കിയത്. അന്തിമമായി സമൂഹത്തെ നേർവഴിയിലേക്കു നയിക്കലും. പ്രസംഗം ശ്രദ്ധിക്കുവാൻ ശ്രോതാക്കളെ പ്രേരിപ്പിക്കുന്നതിന് പ്രസംഗം എങ്ങനെയെല്ലാം മോടിപിടിപ്പിക്കാം എന്നദ്ദേഹം ശ്രദ്ധിച്ചു. തുടക്കംതന്നെ ആരും പ്രതീക്ഷിക്കാത്ത വിധത്തിലായിരിക്കും. പല പ്രസംഗകരെയും പോലെ ഒരേമാതിരി തുടക്കമല്ല. ഓരോ പ്രസംഗത്തിനും സാഹചര്യമനുസരിച്ച് ഉചിതമാകുന്ന തുടക്കം.

മനസ്സിൽ കുടികൊള്ളുന്ന യേശുവിനെ ജീവിതത്തിൽ പകർത്തിയതാണ് ക്രിസോസ്റ്റം തിരുമേനിയുടെ ജീവിതത്തെ ശ്രദ്ധേയമാക്കിയത്. ദേശീയപ്രസ്ഥാനത്തിന്റെ ചൂടും വെളിച്ചവും ഏറ്റുവളർന്ന ചെറുപ്പകാലം ആദർശോജ്ജ്വലജീവിതത്തിന് അടിത്തറയായി. ക്രിസ്തുവിനെ ഹൃദയത്തിൽ ഏറ്റുവാങ്ങിയ ഗാന്ധിജി മാർ ക്രിസോസ്റ്റത്തിന് മാതൃകയുമായി.

ക്രിസോസ്റ്റം തിരുമേനിയുടെ പ്രസംഗങ്ങളിൽ ഏറ്റവുമധികം തവണ ഉപയോഗിച്ചിട്ടുള്ള വാക്കാണ് സാധ്യതകൾ. ഏതു സാഹചര്യവും സൃഷ്ടിക്കുന്ന സാധ്യതകളിലേക്കു വിരൽ ചൂണ്ടിയാണദ്ദേഹം സംസാരിച്ചത്. സാദ്ധ്യതകളിലേക്ക് ധീരമായി കടന്നുചെന്നുകൊണ്ട് അദ്ദേഹം നമുക്ക് മാതൃകയുമായി.

**ഡോ. ജോസ് പാറക്കടവിൽ**
9447364487
jparakadavil@gmail.com

### ന്യൂവിഷൻ മാസിക

ന്യൂവിഷൻ മാസിക ക്രിസോസ്റ്റം തിരുമേനിയുമായി അഭിമുഖ സംഭാഷത്തിനിടെ ഉമ്മൻ ജോര്ജ് അച്ചൻ (ബിഷപ്പ് തോമസ് മാർ തീത്തോസ്) കയറിവരുന്നു.

തിരുമേനി- സഭ എന്നെ ഗുണദോഷിക്കുവാൻ ആക്കിവച്ചിരിക്കുന്ന അച്ചനാണ്.

അച്ചൻ- സാറിനെ ന്യൂവിഷനിലൂടെയറിയാം. ഞാൻ ന്യൂവിഷൻ മാസിക സ്ഥിരമായി വായിക്കാറുണ്ട്. മാസിക്ക് ഒരു പുതുമയുണ്ട്.

തിരുമേനി- എതായാലും ആശ്വാസമായി. ഞാനും സാറും മാത്രമെ ന്യൂവിഷൻ മാസിക വായിക്കുന്നുള്ളുവെന്നായിരുന്നു എന്റെ ധാരണ. അച്ചനും കൂടി വായിക്കുന്നുണ്ടല്ലൊ.

(അമേരിക്കയിൽ നിന്നും ഒരു കുടുംബം തിരുമേനിയെ കാണുവാൻ വന്നിരിക്കുന്നു. അവരുമായി സംസാരിക്കുന്നിതിനിടെ ന്യൂവിഷൻ മാസികയെ അവർക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു)

തിരുമേനി- ഈ സർ അഭിമുഖസംഭാഷണത്തിനിവിടെ വരുമ്പോൾ ആരെങ്കിലും കയറി വരും. സംഭാഷണം മുറിയും. പക്ഷേ സാർ ഒരു പൊടി മിടുക്കനായതിനാൽ അപ്പോഴും ഇവിടെയിരിക്കും. അവരോട് സംസാരിക്കുന്നതിൽ സാറിനിഷ്ടപ്പെടുന്ന കാര്യം സാർ എടുക്കും.



# ദൈവരാജ്യത്തിന്റെ പ്രവാചകൻ മാതൃരാജ്യത്തിന്റെ കാവൽക്കാരൻ



**കർദ്ദിനാൾ ബസേലിയോസ് ക്ലിമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച് ബിഷപ്പ് - കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ച് ബിഷപ്പ്

ഭാരത ക്രൈസ്തവസഭകളിൽ തലയെടുപ്പുള്ള വൈദിക മേലദ്ധ്യക്ഷൻ. സർവ്വജനങ്ങളാലും ആദരിക്കപ്പെടുന്ന അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനി ദൈവസന്നിധിയിൽ വിലയം പ്രാപിച്ചിരിക്കുന്നു. ഭാഗ്യവാനായ പിതാവേ, അങ്ങ് സമാധാനത്തോടെ പോവുക. എന്റെ കൺമുന്നിൽ നിൽക്കുന്ന ഈ വലിയ മനുഷ്യൻ ആകാരത്തിൽ മാത്രമല്ല ദൈവബന്ധം പങ്കുവയ്ക്കുന്നതിലും വലിയവനാണ്. നൂറ്റിനാലു വയസ് വെറുതെ ജീവിച്ചുവെന്നല്ല, അനേകർക്ക് അനുഗ്രഹമായും ആലോചനക്കാരനായും ആഘോഷമായി ജീവിച്ചു. വന്ദ്യ തിരുമേനിയിൽ രണ്ടു വലിയ ശബ്ദവും സാക്ഷ്യവും ഞാൻ കാണുന്നു. അദ്ദേഹത്തിന്റെ സ്വർണ്ണ നാവിൽ നിന്നു മുഴങ്ങിയ ഈ രണ്ടു പദങ്ങൾ വളരെ അർത്ഥവ്യാപ്തിയുള്ള നിലപാടുകളുടെ നേർക്കാഴ്ചകളാണ്. അദ്ദേഹം നമ്മുടെ മുൻപിൽ അവശേഷിപ്പിച്ചുപോയ അനേകം സാക്ഷ്യപ്പെടുത്തലുകളിൽ ഈ രണ്ടു നിലപാടുകൾ നമ്മുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## ദൈവരാജ്യം

കർത്താവ് പ്രസംഗിച്ചത് ദൈവരാജ്യത്തെക്കുറിച്ചാണ്. എല്ലാത്തരം മത്സ്യങ്ങളെയും ഉൾക്കൊള്ളുവാൻ കഴിയുന്ന വലിയ വലയും എല്ലാവരെയും ചേർക്കുവാനുള്ള ഹൃദയവലിപ്പവും ഈ ദൈവരാജ്യത്തിന്റെ വിസ്തൃതിയെ ചൂണ്ടിക്കാണിക്കുന്നു. വിശാലമായ മനുഷ്യസമൂഹം എന്നത് ഈ ദൈവരാജ്യത്തിലെ പൗരന്മാരാണ്. ജാതിക്കും മതത്തിനും ഭാഷയ്ക്കും അതീതമായുള്ള മനുഷ്യബന്ധത്തിൽ ഈ ദൈവരാജ്യത്തെ വന്ദ്യതിരുമേനി ദർശിച്ചു. അതേക്കുറിച്ച് വാചാലമായി പങ്കുവച്ചുകൊണ്ടിരുന്നു. ദൈവാരാജ്യത്തിൽ ആരും അന്യരല്ല. സഭ സഭയ്ക്കുവേണ്ടിയല്ല ലോകത്തിനുവേണ്ടിയാണ് എന്ന് നാം പറയുന്നതിന്റെ യുക്തി ഇതാണ്. വിശാലമായ എക്യുമെനിക്കൽ ചിന്തകൾ! തിരുമേനിയുടെ സുഹൃദ് വലയത്തിൽപ്പെട്ട എല്ലാ തുറയിലെയും ജനങ്ങൾ തിരുമേനിയുടെ സ്വന്തമാണ്. അവരായിരിക്കുന്ന അവസ്ഥയിലും ചിന്തയിലും മറ്റുള്ളവരെ കാണുവാൻ കഴിയുകയെന്നതാണ് യഥാർത്ഥ സ്നേഹം. വലിയ തിരുമേനിയുടെ വലിപ്പം ഇവിടെയാണ്. ഈ ആളിനെക്കുറിച്ച് മറ്റുള്ളവർ എന്തു പറയുന്നുവെന്നതല്ല തിരുമേനിയുടെ ആത്മസംഘർഷം; നേരെമറിച്ച് ഈ വ്യക്തിയോട് ഞാൻ ഇടപെടുന്നില്ലെങ്കിൽ എന്നെക്കുറിച്ച് ദൈവം വിധിപറയുമല്ലോ എന്ന ദ്ദേഹം തീർച്ചയായും കരുതിയിട്ടുണ്ടാകണം. വലിയ തിരുമേനിയുമൊരുമിച്ച് ധാരാളം പൊതുവേദികൾ ഞാൻ പങ്കിട്ടിട്ടുണ്ട്. ആ വലിയ ശബ്ദം കൂടുതൽ മുഴങ്ങിയിട്ടുള്ളത് ദൈവരാജ്യം എന്ന സുവിശേഷപദം സകല മനുഷ്യർക്കും പരിചയപ്പെടുത്തുവാൻ തന്നെയാണ്.



## മാതൃരാജ്യം

നമ്മുടെ മാതൃരാജ്യത്തെക്കുറിച്ച് വലിയ തിരുമേനി എപ്പോഴും അഭിമാനംകൊണ്ടിരുന്നു. ഭാരതം എന്ന വലിയ സംസ്കാരത്തിന്റെ വലിപ്പം അദ്ദേഹം എന്നും അറിഞ്ഞിരുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കും അഭിമാനത്തോടെ ജീവിക്കുവാൻ തക്കവിധം നമ്മുടെ രാജ്യത്തിന് വിസ്തൃതിയും വലിപ്പവും ഉണ്ടെന്ന് അദ്ദേഹം എപ്പോഴും കരുതിയിരുന്നു. മത, ഭാഷാ ന്യൂനപക്ഷങ്ങളും പാർശ്വവൽക്കരിക്കപ്പെട്ടവരും നാടോടികളും അതിഥി തൊഴിലാളികളും എല്ലാം ഈ രാജ്യത്തിന്റെ സ്വന്തമാണെന്നും ഈ രാജ്യമാണ് ഭാരതമെന്നും അതിന്റെ മൂല്യങ്ങളുടെ സംരക്ഷണം നമ്മുടെ കടമയാണെന്നും ഈ രാജ്യത്തിന്റെ കാവൽക്കാരാണ് നാമേവരും എന്നും തിരുമേനി പഠിപ്പിച്ചുകൊണ്ടിരുന്നു. ഇസ്രായേലിന്റെ കാവൽക്കാരൻ കർത്താവാകുന്നു എന്ന് ഇസ്രായേൽ ജനത തങ്ങളുടെ ദൈവത്തെക്കുറിച്ച് പറഞ്ഞത് ഓർക്കുമ്പോൾ കാവൽക്കാരൻ എന്ന പദത്തിന് ദൈവികമാനമേറുന്നു. ഭാരതത്തിന്റെ സ്വാതന്ത്ര്യബോധത്തെയും അഭിമാനബോധത്തെയും മതേതര ദർശനത്തെയും സംരക്ഷിക്കുന്ന കാവൽക്കാരുടെ നിരയിൽ തലയെടുപ്പോടെ അതാ നമ്മുടെ വലിയ തിരുമേനി പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ നിൽക്കുന്നു.

ദൈവരാജ്യത്തിന്റെ പ്രചാരകനും മാതൃരാജ്യത്തിന്റെ കാവൽക്കാരനുമായ വലിയ തിരുമേനീ, അങ്ങ് സമാധാനത്തോടെ യാത്രയായാലും...



# ക്രിസോസ്റ്റം തിരുമേനി ഒരു പാഠപുസ്തകം



എം. എ. ബേബി

*ലേഖകൻ കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്നു. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടി പോളിറ്റ് ബ്യൂറോ മെമ്പർ.*

ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ വളരെ വലിയ ഒരു ഹൃദയാലുവായിരുന്നു. യേശുക്രിസ്തുവിന്റെ പ്രവൃത്തികളും ആശയങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ പ്രചോദനം. നിന്ദിതർക്കും പീഡിതർക്കും ഒപ്പമാവണം സഭയുടെ സ്ഥാനം എന്നും, അധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്വാസം പകരുകയാണ് പുരോഹിതന്മാരുടെയും മനുഷ്യസ്നേഹികളുടെയും കടമ എന്നും ക്രിസോസ്റ്റം തിരുമേനി ആവർത്തിച്ചു. അതുകൊണ്ടുതന്നെ വിശ്വാസികൾ സഭക്കുവേണ്ടിയെന്നതിനെക്കാൾ സഭ മനുഷ്യനുവേണ്ടിയെന്ന കാഴ്ചപ്പാട് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. മതവിശ്വാസത്തിലും അനുഷ്ഠാനങ്ങളിലും വലിയ മെത്രാപ്പോലീത്ത തന്റെ കടമകൾ കുറ്റമറ്റ വിധത്തിൽ നിർവ്വഹിച്ചു. അതേസമയം മതാതീതമായ പ്രവൃത്തികളിലും ഇടപെടലുകളിലും അദ്ദേഹം സജീവമായി പങ്കെടുത്തു. ബഹുസ്വരതക്കൊപ്പം സംശയാതീതമായി അദ്ദേഹം നിലയുറപ്പിച്ചു.

ക്രിസോസ്റ്റം തിരുമേനി എത്രയോ പതിറ്റാണ്ടുകൾക്കു മുൻപ് പറയുകയും പ്രവർത്തിക്കുകയും ചെയ്ത കാര്യങ്ങളാണ് ഇപ്പോൾ ഫ്രാൻസിസ് മാർപ്പാപ്പയിലൂടെ ലോകം കാണുന്നതും കേൾക്കുന്നതും. എന്നാൽ അതിന്റെ അന്തസ്സത്ത ഉൾക്കൊള്ളുവാൻ സഭാസംവിധാനങ്ങൾക്ക് എത്രമാത്രം കഴിയുന്നു എന്ന ചോദ്യം വളരെ പ്രസക്തമാണ്.

ഗതാനുഗതികത്വത്തെ പിടിച്ചുലക്കുക എന്നത് ചെറുപ്പകാലം മുതൽ അദ്ദേഹത്തിലുണ്ടായിരുന്ന ഒരു സ്വഭാവസവിശേഷതയാണ്. ക്രിസോസ്റ്റം തിരുമേനിയുടെ ഇളയ സഹോദരിയുടെ മകൾ, സ്വതന്ത്ര പത്രപ്രവർത്തകയും എഴുത്തുകാരിയുമായ മീരാപ്രസാദ് ഒരു സന്ദർഭം വിവരിക്കുകയുണ്ടായി. അത് ഇപ്രകാരമായിരുന്നു. കുമ്പനാട്ടെ ഒരു കർഷക ഭവനത്തിൽ ഇന്നേക്ക് ഒരു 88 വർഷം മുൻപ് രാത്രി ഭക്ഷണം കഴിഞ്ഞുള്ള കൊച്ചുവർത്തമാനങ്ങൾ നടക്കുകയായിരുന്നു. മാതാപിതാക്കളും മക്കളും തമ്മിൽ നല്ല ഇഴയടുപ്പമുള്ള ഒരു മാർത്തോമ്മാ കുടുംബം ആയിരുന്നു അത്. 15 വയസ്സുള്ള ധർമ്മിഷ്ഠൻ എന്ന കൗമാരക്കാരൻ ഒരു പ്രഖ്യാപനം അതിനിടെ അവിടെ നടത്തിയത് എല്ലാവരെയും ഞെട്ടിച്ചു. "ഞാൻ വിവാഹം ചെയ്യുമ്പോൾ ഒരു ദളിത് പെൺകുട്ടിയെ ആയിരിക്കും ജീവിതപങ്കാളിയാക്കുന്നത്". പെട്ടെന്ന് അത്താഴമേശയ്ക്കു ചുറ്റുമിരുന്നവർ പരസ്പരം നോക്കി നിശബ്ദരായിരുന്നു. മൗനം ഖനീഭവിച്ചുനിന്നു. പിന്നീട് മാർത്തോമ്മാ സഭയുടെ ബിഷപ്പും, മെത്രാപ്പോലീത്തായും, വലിയ മെത്രാപ്പോലീത്തായുമായി ഉയർന്ന ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയായിരുന്നു ആ കൗമാരപ്രായക്കാരൻ.

1953ൽ മുപ്പത്തിയഞ്ചാം വയസ്സിൽ ബിഷപ്പായപ്പോൾ ബ്രഹ്മചര്യം പാലിച്ച തിരുമേനി സ്വാഭാവികമായും 15–ാം വയസ്സിലെ വിവാഹസങ്കല്പം ഉപേക്ഷിക്കുകയായിരുന്നു. എന്നാൽ ജാതിമത ചിന്തകൾക്ക് അതീതമായ ഒരു സവിശേഷ ആത്മീയ കാഴ്ചപ്പാട് ക്രിസോസ്റ്റം തിരുമേനി തന്റെ ജീവിതത്തിൽ ഉടനീളം പിന്തുടർന്നതിന്റെ ആദ്യസൂചനകൾ, വിവാഹിതനാവുമ്പോൾ ജാതിചിന്തകൾ തിരസ്കരിക്കണമെന്ന കൗമാരപ്രായത്തിലെ അഭിപ്രായ പ്രകടനത്തിൽ കാണാവുന്നതാണ്.

സമൂഹത്തിന്റെ പുറമ്പോക്കുകളിൽ ഉപേക്ഷിക്കപ്പെടുന്നവരുടെ രക്ഷയ്ക്ക് ക്രിസോസ്റ്റം തിരുമേനി നടത്തിയിട്ടുള്ള ഇടപെടലുകൾ ഈ നാടിന്റെ ഓർമ്മയിൽ എന്നും തെളിഞ്ഞുനില്ക്കുമെന്ന് ഉറപ്പാണ്. നാടോടികളുടെ സംഘത്തിൽനിന്നും ക്രിസോസ്റ്റം തിരുമേനി രക്ഷപ്പെടുത്തിയ സുബ്രഹ്മണ്യം ഒരുപാട് ഉദാഹരണങ്ങളിൽ ഒന്നുമാത്രം. അയാളെ പഠിപ്പിച്ച് സ്വന്തംകാലിൽ നില്ക്കാൻ പ്രാപ്തി നല്കുക മാത്രമല്ല ചെയ്തത്. ജോലിയും ലഭ്യമാക്കി. ഇന്ന് സന്തോഷമുള്ള കുടുംബമായി അയാൾ ജീവിക്കുന്നു.

ഈ ഭൂമിയിൽത്തന്നെ സസന്തോഷം ജീവിക്കാൻ സാധ്യമായത്ര മനുഷ്യരെ പരിശീലിപ്പിക്കണമെന്ന സിദ്ധാന്തമായിരുന്നു ക്രിസോസ്റ്റം തിരുമേനിയുടേത്. അതിനാണ് വിദ്യാഭ്യാസം വ്യാപിപ്പിക്കേണ്ടത്. സുരക്ഷിതമായി വിശ്രമിക്കാൻ അടച്ചുറപ്പുള്ള ഒരു ഭവനം സ്വന്തമായി ഇല്ലാത്ത എത്രയെത്ര നിർദ്ധനർക്കാണ് അതു ലഭ്യമാക്കാൻ ക്രിസോസ്റ്റം തിരുമേനി മുൻകൈയെടുത്തിട്ടുള്ളത്. ഈ പശ്ചാത്തലമാണ് 1996ലെ ഇ. കെ. നായനാർ സർക്കാർ സമാരംഭിച്ച ജനകീ

*ശേഷം പേജ് 12ൽ*







# അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ



**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മലങ്കര കത്തോലിക്കാ സഭ, മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

പതിനായിരങ്ങൾക്ക് ചിരിയോർമ്മകൾ സമ്മാനിച്ച് സുവർണ്ണ നാവുകാരൻ യാത്രയായി. വിശ്വാസ പറുദീസയിലേക്കുള്ള യാത്രയ്ക്കായി ഒരുങ്ങിയിരുന്ന വലിയ ഇടയൻ വിടചൊല്ലുമ്പോൾ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവരുടെ കണ്ഠമിടറി. കണ്ണുകൾ ഈറനണിഞ്ഞു. ആധ്യാത്മികതയ്ക്കു പുത്തൻമാനങ്ങൾ പകർന്നുനല്കി വിശ്വാസികളുടെയും പൊതുസമൂഹത്തിന്റെയും മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ വ്യക്തിത്വമായിരുന്നു ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത. ആഴമേറിയ വിശ്വാസപ്രമാണങ്ങൾ അത്രമേൽ സരസവും സരളവുമായി സാധാരണക്കാരിലേക്ക് എത്തിച്ച ആത്മീയചാര്യനായിരുന്നു വലിയ മെത്രാപ്പോലീത്താ.

സഭയിലും സമൂഹത്തിലും തനിമയാർന്ന ശുശ്രൂഷവഴികളിലൂടെ അനുഗ്രഹമായ വലിയ ഇടയനായിരുനനു വലിയ മെത്രാപ്പോലീത്ത. ശ്രേഷ്ഠമായ നേതൃത്വസിദ്ധിയും സൂക്ഷ്മമായ നിരീക്ഷണശക്തിയും പ്രവാചക സദൃശമായ വീക്ഷണവിശേഷണവും ചേർന്ന നേതാവായിരുന്നു തിരുമേനി. വൈദികമേലദ്ധ്യക്ഷന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അദ്ദേഹം ഒരു മാതൃകയായിരുന്നു. മാർത്തോമ്മാ സഭയ്ക്ക് അദ്ദേഹം നല്കിയ ദിശാബോധം ഇതരസഭകൾക്കും മതസമൂഹങ്ങൾക്കും പ്രചോദനം നല്കുന്നതായിരുന്നു.

ലോകത്തെന്നെ ഏറ്റവും പ്രായംകൂടിയ മെത്രാപ്പോലീത്തയായിരുന്നു തിരുമേനി. സ്വതസിദ്ധമായ നർമ്മത്തിലൂടെ തലമുറകളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ആത്മീയചാര്യനായിരുന്നു. ജാതി മത വ്യത്യാസമില്ലാതെ ജനഹൃദയങ്ങളിൽ ഇടംപിടിച്ച മതമേലദ്ധ്യക്ഷന്മാരിൽ ഒരാളായിരുന്നു തിരുമേനി. എഴുത്തിലും സ്വകാര്യ സംഭാഷണങ്ങളിലും ചിരിയുടെ ഓളങ്ങൾ തീർത്ത തിരുമേനി പ്രസംഗവും ജീവിതവും ഒരേവഴിയിൽ കൊണ്ടുപോകാൻ ശ്രമിച്ച ഇടയശ്രേഷ്ഠനായിരുന്നു.

വലിയ മെത്രാപ്പോലീത്തായുടെ ലോകം വലുതായിരുന്നു. വിവിധ ഭദ്രാസനങ്ങളുടെ ചുമതലക്കാരനായിരുന്നപ്പോഴും 1999 ഒക്ടോബറിൽ മാർത്തോമ്മാ സഭയുടെ ഇരുപതാമത് മെത്രാപ്പോലീത്തായായി അഭിഷിക്തനായപ്പോഴും ആ ലോകം വലുതായതേയുള്ളൂ. ചുറ്റുമുള്ളവരിൽ ദൈവസ്നേഹം നിറച്ചുകൊണ്ടും നിശിതമായ വിമർശനങ്ങളിലൂടെ തിരുത്തിക്കൊണ്ടുമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം.

ആരോഗ്യകാരണങ്ങളെ തുടർന്ന് 2007- ൽ സ്ഥാനം ഒഴിഞ്ഞിട്ടും വിശ്രമജീവിതത്തെ കർമ്മംകൊണ്ട് ജ്വലിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ഓരോ വാക്കിലും ആത്മീയചൈതന്യത്തിന്റെ ഒളിതിങ്ങുന്ന നർമ്മോക്തികൾ സാധാരണക്കാരെയും യുവാക്കളെയും അദ്ദേഹത്തിലേക്ക് കൂടുതൽ അടുപ്പിച്ചു. ആർക്കും എപ്പോഴും അദ്ദേഹത്തെ കാണാൻ സാധിക്കുമായിരുന്നു എന്നുമാത്രമല്ല, അദ്ദേഹം മറ്റുള്ളവരെ കാണാനും ഉത്സാഹിച്ചു. ഒപ്പം ജീവിച്ച എല്ലാ മഹദ്വ്യക്തികളുടെയും ആദരം നേടാനായി എന്നത് അദ്ദേഹത്തിന്റെ മഹിമയ്ക്ക് മാറ്റുകൂട്ടുന്നു. മനുഷ്യന്റെ സുഖദുഃഖങ്ങളിൽ തിരുമേനി സജീവമായി ഇടപെട്ടിട്ടുണ്ട്. പ്രസാദാത്മകമായ തന്റെ വ്യക്തിത്വംകൊണ്ട് മുന്നോട്ടു ജീവിക്കുവാനുള്ള പ്രചോദനം തിരുമേനി അനേകർക്ക് പകർന്നു നല്കി.

മാർത്തോമ്മാ സഭയുടെ പ്രവർത്തനങ്ങൾക്ക് ത്യാഗത്തിന്റെയും കരുതലിന്റെയും സ്പർശം നല്കാൻ തിരുമേനിക്ക് സാധിച്ചു. ഏറ്റവും ദരിദ്രമായ ഇടവകകളെ കൈപിടിച്ചുയർത്തുന്നതിന് അദ്ദേഹം നല്കിയ സംഭാവന വലുതായിരുന്നു. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരുടെ ജീവിതങ്ങളിൽ വെളിച്ചം പരത്തുവാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സഭാവിശ്വാസികളെ പ്രേരിപ്പിക്കുവാൻ അദ്ദേഹത്തിനായി. മിഷനറി ബിഷപ്പായിരുന്ന സമയത്തും സേവികാസംഘം, സൺഡേസ്കൂൾ സമാജം എന്നിവയുടെ അദ്ധ്യക്ഷനായിരുന്നപ്പോഴും ഏറ്റവും താഴേത്തട്ടിലുള്ളവർക്കുവേണ്ടി നിരവധി പ്രോജക്ടുകൾ നടപ്പാക്കാൻ തിരുമേനി ഉത്സാഹിച്ചു. തിരുമേനിയുടെ നവതിയാഘോഷവേളയിൽ നിർധനർക്ക് 1500 ഭവനങ്ങൾ തീർത്താണ് മാർത്തോമ്മാ സഭ അദ്ദേഹത്തോടുള്ള ആദരം വ്യക്തമാക്കിയത്. മാരാമണ്ണിൽ വിശ്രമജീവിതത്തിനുള്ള വസതിയിലും എന്നും തിരക്കുമാത്രമായിരുന്നു. അദ്ദേഹത്തെ രാഷ്ട്രം 1028ൽ പത്മഭൂഷൺ ബഹുമതി നല്കി ആദരിച്ചു.

ഭാരതീയ സംസ്കാരത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടാമണ് ആ സന്ന്യാസിശ്രേഷ്ഠൻ ഉത്തമജീവിതം നയിച്ചത്. എല്ലാ മതസ്ഥരെയും ഒരേ സ്നേഹവായ്പോടെ സ്വീകരിക്കാനും ഒപ്പം ചേർത്തുപിടിക്കാനും ആശ്വാസം പകരാനും അദ്ദേഹത്തിനു സാധിച്ചു. പച്ചയായ മനുഷ്യന്റെ ആർദ്രതയും അലിവും സുതാര്യതയും തിരുമേനി എന്നും കാത്തുസൂക്ഷിച്ചു. അദ്ദേഹം കാണിച്ചുതന്ന പരസ്പര സ്നേഹവും കരുതലും തുറവിയുള്ള സമീപനങ്ങളും ആർജ്ജവത്തോടെ പിന്തുടരുക എന്നതാണ് ആ മഹാനുഭാവനോട് കാണിക്കാവുന്ന ഏറ്റവും വലിയ ആദരം.

വലിയ കരുതലും പ്രോത്സാഹനവുമായി എന്റെ അജപാലന ജീവിതത്തെ തിരുമേനി സ്വാധീനിച്ചിട്ടുണ്ട്. തിരുമേനിയുടെ അജപാലന ശുശ്രൂഷയുടെ ആദ്യനാളുകൾ കൊട്ടാരക്കരയും, പട്ടമലയും, മൈലവുമായിരുന്നതനാൽ കൊട്ടാരക്കരക്കാരൻ എന്ന നിലയിലുള്ള അടുപ്പവും വാത്സല്യവും പ്രോത്സാഹനവും തിരുമേനി എന്നും എന്നോട് കാണിച്ചു.


മദ്യവർജ്ജന പ്രസ്ഥാനങ്ങളിൽ ധീരോചിതമായ നേതൃത്വം തിരുമേനി നല്കിയിട്ടുണ്ട്. നൂറ്റിയൊന്നാം വയസ്സിലും സെക്രട്ടറിയേറ്റ് നടയിലെ പ്രതിഷേധ സമ്മേളനത്തിൽ കടന്നുവന്ന് സമ്മേളിച്ചവരെയെല്ലാം ആവേശഭരിതമാക്കിയിട്ടുണ്ട്. സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ നേതൃത്വത്തിൽ തിരുമേനിക്കുശേഷം ഞാൻ കടന്നുവരുമ്പോൾ കലവറയില്ലാത്ത പിന്തുണയും പ്രോത്സാഹനവും തിരുമേനിക്ക് എനിക്ക് നല്കിയിട്ടുണ്ട്. നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയത്തിന്റെ പുനർനിർമ്മാണ കമ്മറ്റി അദ്ധ്യക്ഷനായി എന്നെയാണ് തിരുമേനി നിർദ്ദേശിച്ചത്. എന്റെ മെത്രാഭിഷേകത്തിലും മാവേലിക്കരയിൽ നടന്ന വിവിധ സഭൈക്യ സമ്മേളനങ്ങളിലും കാരണവരായി തിരുമേനി കടന്നുവന്ന് എന്നെ ഔദാര്യത്തോടെ അഭിനന്ദിച്ചിട്ടുണ്ട്.

മാർത്തോമ്മാ സഭാ മണ്ഡലത്തിൽ ധ്യാനചിന്തകൾ പങ്കുവയ്ക്കുവാൻ എന്നെ ക്ഷണിച്ചത് അഭിമാനത്തോടെ ഞാൻ കാണുന്നു. മാർത്തോമ്മാസഭാ വിശ്വാസിയല്ലാത്ത ഒരാൾ ആദ്യമായിട്ടാണ് സഭാമണ്ഡലത്തിൽ പങ്കാളിയാകുന്നത്. ജോഷ്വാ തിരുമേനി മാർത്തോമ്മാക്കാരനാണ് എന്ന് അർത്ഥഗർഭമായി തിരുമേനി പറഞ്ഞു. മാർത്തോമ്മാ ശ്ലീഹായുടെ പൊതു പൈതൃകം നമ്മുടെ പൊതു അടിത്തറയാണെന്ന് ഞാനും കൂട്ടിച്ചേർത്തു. ആഗോള പ്രശസ്തമായ മാരാമൺ കൺവൻഷനിൽ രണ്ടുതവണ സാമൂഹ്യതിന്മകളെക്കുറിച്ച് പ്രഭാഷണം നടത്തുവാൻ എനിക്ക് അവസരം ലഭിച്ചു.

വാർദ്ധക്യത്തിന്റെ അവശതയിലും രോഗാവസ്ഥയിൽ നിരവധി പ്രാവശ്യം തിരുമേനിയെ കണ്ട് അനുഗ്രഹം വാങ്ങിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. വാത്സല്യവും പ്രോത്സാഹനവും സമൃദ്ധമായ നല്കിക്കൊണ്ട് തിരുമേനി എന്റെ പൊതുജീവിതത്തെ ധന്യമാക്കിയിട്ടുണ്ട്.

നമ്മുടെ കാലഘട്ടത്തിന്റെ വരദാനമായ തിരുമേനിയുടെ ദീപ്തമായ ഓർമ്മകൾക്കു മുമ്പിൽ എന്റെ ഹൃദയം നിറഞ്ഞ ബാഷ്പാഞ്ജലി!

# ചിരിയിലൂടെ മലയാളിയെ തിരുത്തിയ തിരുമേനി



രമേശ് ചെന്നിത്തല

ഒട്ടുമിക്ക വേദികളിലും ക്രിസോസ്റ്റം തിരുമേനി സദസ്സിനോട് ചോദിക്കുന്ന ചോദ്യമുണ്ട്. മനുഷ്യനാണോ ദൈവമാണോ ആവശ്യം. ആറു പതിറ്റാണ്ട് ബിഷപ്പായി ദൈവശുശ്രൂഷ നടത്തുന്ന തിരുമേനിക്ക് ഒറ്റ ഉത്തരമേയുള്ളൂ. മനുഷ്യൻ ജാതി മത വേലിക്കെട്ടുകൾ പൊളിച്ചു മനുഷ്യനന്മയ്ക്കുവേണ്ടി നിലയുറപ്പിച്ച മഹാവ്യക്തിത്വമായിരുന്നു ക്രിസോസ്റ്റം വലിയ തിരുമേനി.

നർമ്മത്തിൽ ചാലിച്ച ചിന്തകൾ ലോകത്തിന് സമ്മാനിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്കായി ജനം തടിച്ചുകൂടി. സമൂഹത്തിന്റെ പുഴുക്കുത്തുകൾ തുറന്നുകാട്ടി. ചിരിയിൽ പൊതിഞ്ഞ ചാട്ടുളികൾ കൊണ്ട് വേദനിപ്പിക്കാതെ നമ്മെ തിരുത്തി. വലിയ വീടുകൾക്കുള്ളിൽ സുഖമായി ഉറങ്ങുന്നവർ വീടില്ലാതെ തെരുവിൽ കഴിയുന്നവന്റെ വേദന തിരിച്ചറിയണമെന്ന് ഓർമ്മിപ്പിച്ചു.

ക്രിസോസ്റ്റം തിരുമേനിയുടെ നവതി ആഘോഷം 1500 വീടുകൾ നിർമ്മിച്ചു കൊടുത്തായിരുന്നു. ജാതി മത വ്യത്യാസങ്ങൾക്കുപരി വീടില്ലാത്ത പാവങ്ങൾ എന്നത് മാത്രമായിരുന്നു പരിഗണന. എന്റെ നിയോജക മണ്ഡലമായ ഹരിപ്പാടേക്ക് തിരുമേനിയുടെ സ്നേഹത്തിന്റെ കരങ്ങൾ നീണ്ടത് 2014 കാലത്താണ്. പള്ളിപ്പാട് വഞ്ചിയിൽ ലക്ഷംവീട് കോളനിയിൽ പത്ത് മേൽക്കൂരകളാണ് ഉയർന്നത്. കാലപ്പഴക്കംകൊണ്ട് ഇടിഞ്ഞുപൊളിഞ്ഞ വീടുകൾ പലതും മഴക്കാലത്ത് ചോർന്നൊലിക്കുകയായിരുന്നു. കർഷക തൊഴിലാളികളും കൂലിവേലക്കാരുമായ ഈ കുടുംബാംഗങ്ങളുടെ അവസ്ഥ തിരുമേനിയെ അറിയിച്ചു. കോളനിയിൽ അന്ന് ഇരട്ട വീടുകളായിരുന്നു. ഒറ്റ മേൽക്കൂരയും രണ്ടുവീടുകളും. 20 ലക്ഷം രൂപ വീട് നിർമ്മാണത്തിനായി തിരുമേനി നല്കി. പഞ്ചായത്ത് നല്കിയ 10 ലക്ഷം രൂപ കൂടി ആയപ്പോൾ 30 ലക്ഷം രൂപ പത്തുവീടുകൾക്കുള്ള മൂലധനമായി. അഞ്ച് ഇരട്ടവീടുകളിൽ നിന്നും ഉറപ്പും ഭംഗിയുമുള്ള പത്ത് ഒറ്റ വീടുകളായി പണിതുയർത്തി. വീടുകളുടെ താക്കോൽ ദാനത്തിനായി വഞ്ചിയിൽ ലക്ഷംവീട്ടിലെത്തിയ ക്രിസോസ്റ്റം തിരുമേനിക്ക് സ്നേഹനിർഭരമായ സ്വീകരണമാണ് കോളനി നിവാസികൾ നല്കിയത്. അദ്ദേഹത്തോടുള്ള ആദരസൂചകമായി മാർ ക്രിസോസ്റ്റം നഗർ എന്ന പേരും ഈ പ്രദേശത്തിന് നല്കി.

ഹരിപ്പാടുമായി പൊക്കിൾക്കൊടി ബന്ധമാണ് വലിയ തിരുമേനിക്ക് ഉണ്ടായിരുന്നത്. കാർത്തികപ്പള്ളി നടുക്കേവീട്ടിലാണ് അദ്ദേഹത്തിന്റെ അമ്മ ശോശാമ്മ ജനിച്ചത്. ബാല്യത്തിൽ സ്കൂൾ അവധിക്കാലം ചെലവഴിച്ചിരുന്നത് ഇവിടെയായിരുന്നു എന്ന് ക്രിസോസ്റ്റം തിരുമേനി ഓർത്ത് പറയാറുണ്ട്. കാലത്തെ തോല്പിച്ച ഓർമ്മയിൽ കാർത്തികപ്പള്ളിയിൽ കുളത്തിൽ കുളിക്കുന്നതും വിശാലമായ തൊടിയിൽ കളിക്കുന്നതുമെല്ലാം പച്ചപിടിച്ചുനിന്നിരുന്നു.



കടലിന്റെ മക്കളുടെ കണ്ണീർ ഒപ്പാൻ തന്നാലാവുന്നതെല്ലാം ക്രിസോസ്റ്റം തിരുമേനി ചെയ്തു. തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, തോട്ടപ്പള്ളി തുടങ്ങിയ തീരദേശമേഖലയിൽ കാരുണ്യക്കടലായി മാറി. ഈ മേഖലയിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ക്യാൻസർ, കിഡ്നി രോഗബാധിതരെ കയ്യയച്ചു തിരുമേനി സഹായിച്ചു.

തിരുമേനിയോടുള്ള അളവറ്റ സ്നേഹം തിരിച്ചറിഞ്ഞത് ഹരിപ്പാട് മിഷൻ സെന്ററിൽ പൗരാവലി സംഘടിപ്പിച്ച 99-ാമത് ജന്മദിനാഘോഷത്തിലായിരുന്നു. ജസ്റ്റിസ് കെ. ടി. തോമസ് ഉദ്ഘാടനം ചെയ്ത ഈ സമ്മേളനത്തിലേക്ക് ജനം ഒഴുകിയെത്തി. നിങ്ങൾ മനുഷ്യരെ കണ്ടിട്ടുണ്ടോ എന്ന് തുടങ്ങുന്ന തിരുമേനിയുടെ നർമ്മരസം തുളുമ്പുന്ന പ്രസംഗം ഹരിപ്പാടുകാർ ഇന്നും ഓർത്തിരിക്കുന്നു.

75 വയസ്സ് പ്രായമുള്ള അമ്മയ്ക്ക് ഒരു കിഡ്നി നല്കിയ ചെറുപ്പക്കാരനായ ഡോക്ടറെക്കുറിച്ചു മിക്കവേദിയിലും തിരുമേനി പറയാറുണ്ട്. അധികനാൾ ജീവിച്ചിരിക്കാൻ സാധ്യതയില്ലാത്ത അമ്മയ്ക്ക് കിഡ്നി പകുത്ത് നല്കിയത് ബുദ്ധിയാണോ എന്ന് തിരുമേനി മകനോട് ചോദിച്ചു. അല്ല എന്നുതന്നെയായിരുന്നു ഉത്തരം. നല്ലതാണോ, ശരിയാണോ എന്ന് ചോദിച്ചിരുന്നെങ്കിൽ ആണെന്ന് പറഞ്ഞേനെ എന്ന് ഡോക്ടർ പറഞ്ഞു. കാരണം മകനെ വളർത്തി വലുതാക്കാൻ എത്രയോ ത്യാഗം സഹിച്ചവളാണ് അമ്മ. താൻ കാരണം അമ്മയുടെ ജീവിതം രണ്ടോ മൂന്നോ വർഷമെങ്കിലും നീട്ടിക്കിട്ടുമെങ്കിൽ അതല്ലേ വലുത് എന്ന് ആ ചെറുപ്പക്കാരൻ തിരിച്ചു ചോദിച്ചു. ഈ ചോദ്യം കേട്ട് മനസ്സും കണ്ണും നിറഞ്ഞുപോയ തിരുമേനി ഒരു കാര്യം അയാളോട് ആവശ്യപ്പെട്ടു. തിരുമേനിയുടെ തലയിൽ കൈവച്ചു അനുഗ്രഹിക്കണം. അമ്മയോടുള്ള സ്നേഹത്തിൽ ബിഷപ്പ് ദൈവത്തെ കണ്ടെത്തി.

മനുഷ്യസ്നേഹത്തിനു തടസ്സം നില്ക്കുന്ന ഏതൊരു പ്രവർത്തനവും ദൈവവിരുദ്ധമാണെന്നു അദ്ദേഹം കരുതി. കണ്ണൂരിലെ ആർ.എസ്.എസ്.-സി.പി.എം. സംഘർഷത്തിൽ ഇരുപക്ഷത്തെയും ചെറുപ്പക്കാർക്ക് ജീവൻ നഷ്ടമാകുന്ന കാലത്ത് സമാധാനത്തിനായുള്ള പ്രവർത്തനം എന്നും ഓർമ്മിക്കപ്പെടും. പത്തനംതിട്ടയിൽനിന്നും യാത്രചെയ്തു കണ്ണൂരിൽ എത്തിയ തിരുമേനി കൊല്ലപ്പെട്ടയാളുടെ വീട്ടിലെത്തി. മകൻ നഷ്ടപ്പെട്ട അമ്മയുടെ സങ്കടം താങ്ങാൻ കഴിയാതെ ശിശുവിനെപ്പോലെ വലിയ മെത്രാപ്പോലീത്താ നിലവിളിച്ചു. ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന തിരുമേനി അന്ന് കേരളത്തെ കരയിച്ചു.

ഞാൻ ആഭ്യന്തരമന്ത്രിയായിരുന്ന കാലം. തിരുവനന്തപുരത്തു കുടപ്പനക്കുന്നിലെ ഒരു കുടുംബത്തിലെ ഇളയകുട്ടി ഒഴികെ ബാക്കി എല്ലാവരും ആത്മഹത്യ ചെയ്യാൻ കാരണം കഴുത്തറപ്പൻ ബ്ലേഡ് പലിശ ആയിരുന്നു. ജനങ്ങളെ വീർപ്പുമു



ട്ടിക്കുന്ന ഈ വട്ടിപ്പലിശക്കാരെ വാളയാർ കടത്തണമെന്നു തീരുമാനിച്ചു അന്നു രാത്രിതന്നെ ഓപ്പറേഷൻ കുബേര പ്രഖ്യാപിച്ചു. കൊള്ളപ്പലിശക്കാരെ അഴിക്കുള്ളിലാക്കി. ഈ നടപടി ക്രിസോസ്റ്റം തിരുമേനിക്ക് ഏറെ സന്തോഷം നല്കി. ഉള്ളിലെ ആഹ്ലാദം മറച്ചുവയ്ക്കാതെ ഹരിപ്പാട് ഒരു പരിപാടിയിൽ വച്ച് എന്നെ ചേർത്തുനിർത്തി അഭിനന്ദിച്ചു. തിരുമേനിയുടെ ആ നല്ല വാക്കുകൾ ഇന്നും കാതിൽ മുഴങ്ങുന്നു.

"എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവർ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗത്തിൽ കടക്കുന്നത്" എന്ന ബൈബിൾ വചനം മത്തായി 7:21 പല വേദികളിലും ക്രിസോസ്റ്റം തിരുമേനി ചൊല്ലാറുണ്ട്. ആഹാരം ഇല്ലാത്തവരെ പ്പറ്റിയും വീടില്ലാത്തവരെപ്പറ്റിയും എന്നും അദ്ദേഹം ആകുലപ്പെട്ടിരുന്നു. ഇക്കൂട്ടർക്ക് ജാതിയും മതവും ഇല്ലെന്നു അദ്ദേഹം പ്രഖ്യാപിച്ചു. ആഹാരം കഴിക്കാതെ അയൽക്കാരൻ ബുദ്ധിമുട്ടുമ്പോൾ വീടില്ലാതെ മനുഷ്യർ വിഷമിക്കുമ്പോൾ അവരെ സഹായിക്കാൻ പ്രാപ്തി ഉണ്ടായിട്ടും ചെയ്യാതിരുക്കുന്നവരുടെ പ്രാർത്ഥന ദൈവം കേൾക്കില്ല എന്നും തിരുമേനി പറഞ്ഞു.

ആഡംബരഭ്രമം, വൈറ്റ് കോളർ ജോലിക്കുവേണ്ടിയുള്ള കാത്തിരിപ്പ് എന്നിവയെയും വിമർശിച്ചു. മഴയില്ലാത്ത തമിഴ്നാട്ടിൽ കൃഷി ചെയ്യുന്ന പച്ചക്കറിയാണ് മഴയുള്ള കേരളത്തിൽ എത്തുന്നത് എന്ന് മലയാളിയെ പരിഹസിച്ചു.

ഒരു ഷർട്ടിനുള്ള തുണി നിർമ്മിക്കുന്നതിനായി പരുത്തി കൃഷി ചെയ്യുന്നവർ, തൊഴിലാളികൾ തുടങ്ങി പ്രത്യക്ഷമായും പരോക്ഷമായും ഒന്നേകാൽ ലക്ഷത്തിലേറെപ്പേരുടെ പങ്കുണ്ടെന്നു പറഞ്ഞ തിരുമേനി പരസ്പരം സ്നേഹിച്ചു ജീവിക്കേണ്ട പ്രാധാന്യത്തെക്കുറിച്ചാണ് വ്യക്തമാക്കിയത്.

ചിരിയിലൂടെ ജീവിതത്തിന്റെ തത്വശാസ്ത്രമാണ് അദ്ദേഹം പറഞ്ഞു നല്കിയത്. മനുഷ്യസ്നേഹത്തിന്റെ കൊടുമുടി കീഴടക്കിയ ക്രിസോസ്റ്റം തിരുമേനിയോടൊപ്പം ജീവിക്കാൻ കഴിഞ്ഞത് നമ്മുടെ വലിയഭാഗ്യം. അതിരുകളില്ലാത്ത വാത്സല്യത്തോടെ എന്നെ എന്നും ചേർത്തുപിടിച്ച വലിയ തിരുമേനിയുടെ ഓർമ്മകൾക്കുമുന്നിൽ പ്രണാമം.

*(കേരളത്തിലെ ആഭ്യന്തരമന്ത്രിയായിരുന്നു. കേരളാ പ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, പ്രതിപക്ഷനേതാവ്, പാർലമെന്റ് മെംബർ എന്നനിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.)*

*തുടർച്ച പേജ് 9ൽ നിന്നും*

യാസൂത്രണപദ്ധതിയുമായി സഹകരിക്കാൻ ക്രിസോസ്റ്റം തിരുമേനിയെ പ്രചോദിപ്പിച്ചത് എന്നത് വ്യക്തം.

സോവിയറ്റ് യൂണിയനിലെ കേന്ദ്രീകൃതാസൂത്രണവും പഞ്ചവത്സരപദ്ധതികളും ഇന്ത്യയെ ഉൾപ്പെടെ ഒട്ടേറെ രാജ്യങ്ങളെ വളരെയേറെ ആകർഷിച്ച മാതൃകയായിരുന്നു. എന്നാൽ അതോടൊപ്പം തൃണമൂലതല ആസൂത്രണവും നിർവ്വഹണവും ജനകീയ പങ്കാളിത്തത്തോടെ ജനപ്രതിനിധികളുടെ കൂടി നേതൃത്വത്തിൽ നടത്തുന്ന ഒരു പുതിയ കാഴ്ചപ്പാടാണ് ജനകീയാസൂത്രണം മുന്നോട്ടുവച്ചത്. ഇത് ക്രിസോസ്റ്റം തിരുമേനിയെ ഹഠാദാകർഷിച്ചു. ഇ.എം.എസ്. തന്റെ ജീവിതാവസാന കാലത്ത് നമ്മുടെ സമൂഹത്തിനു നല്കിയ ഏറ്റവും വലിയ സംഭാവനകളിലൊന്നായ ജനകീയാസൂത്രണത്തിന്റെ വിജയത്തിൽ ക്രിസോസ്റ്റം തിരുമേനിയെപ്പോലുള്ളവരുടെ സഹകരണവും പിന്തുണയും വലിയ പങ്കുവഹിച്ചിട്ടുണ്ട്.

കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ വച്ച് സ: ടി. കെ. രാമകൃഷ്ണന്റെ സ്മരണക്കായി ഏർപ്പെടുത്തിയ പുരസ്ക്കാരം വലിയ മെത്രാപ്പോലീത്തായ്ക്ക് നല്കുന്ന ചടങ്ങിൽ സംബന്ധിക്കുവാൻ എനിക്ക് അനർഹമായ ഒരവസരമുണ്ടായി. ക്രിസ്തുവിന്റെ പാത പിന്തുടരുന്ന അഭിവന്ദ്യനായ തിരുമേനിക്ക് കാറൽമാർക്സിന്റെ പാത പിന്തുടർന്ന ടി. കെ. രാമകൃഷ്ണനെപ്പോലുള്ള ഒരു നേതാവിന്റെ സ്മരണാർത്ഥമുള്ള പുരസ്കാരം നല്കുന്നത് വല്ല വിവാദമോ ചർച്ചയോ ഉയർത്തുമോ എന്നറിഞ്ഞുകൂടാ എന്ന് അന്നത്തെ യോഗത്തിൽ ഞാൻ അഭിപ്രായപ്പെട്ടത് ഓർമ്മയിലുണ്ട്. ആദിമ ക്രിസ്തുമതവും സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും തമ്മിലുള്ള സാമ്യങ്ങളെപ്പറ്റി ഫ്രെഡറിക് ഏംഗൽസും കാറൽ മാർക്സും എഴുതിയിട്ടുണ്ട് എന്നതും അന്നു പരാമർശവിധേയമായി. ക്രിസ്തുവിന്റെ യഥാർത്ഥ പിൻഗാമികളും കമ്മ്യൂണിസ്റ്റുകാരും ഒരേ സമർപ്പണ മനോഭാവത്തോടെ ഹൃദയം ചേർത്ത് സംരക്ഷിക്കാൻ മുന്നിട്ടിറങ്ങുന്നത് നിന്ദിതരും പീഡിതരും ചൂഷിതരുമായ ജനവിഭാഗങ്ങളെയാണ്. ക്രിസ്തുമതം മരണാനന്തര സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്യുമ്പോൾ കമ്മ്യൂണിസ്റ്റുകാർ ഈ ഭൂമിയിൽത്തന്നെ സമത്വലോകം സൃഷ്ടിക്കാൻ ത്യാഗം സഹിക്കുന്നു.

ഇത് മനസ്സിലാക്കിക്കൊണ്ടു തന്നെയാവണം ക്രിസോസ്റ്റം തിരുമേനി മനുഷ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന സർവ്വരുമായി സഹകരിക്കാൻ എന്നും സന്നദ്ധനായത്. അദ്ധ്വാനത്തിന്റെ മൂല്യം എന്നും വിലമതിച്ച ക്രിസോസ്റ്റം തിരുമേനി അത് സുവ്യക്തമാക്കാൻ തന്റെ ജീവിതത്തിൽ നിന്നുതന്നെ ഉദാഹരണം ചൂണ്ടിക്കാട്ടാറുണ്ടായിരുന്നു.

തിരുമേനി സഭയുടെ നേതൃത്വസ്ഥാനത്തേക്ക് ഉയർന്നുവരാൻ ഏറ്റവും കാരണഭൂതനാരാണ് എന്ന ആശയമടങ്ങുന്ന ചോദ്യത്തിന് അദ്ദേഹം മറുപടി നല്കിയത് ഇപ്രകാരമാണ്: "ഞങ്ങളുടെ പറമ്പിൽ തെങ്ങുകയറി തേങ്ങ അടർത്തി തന്ന തൊഴിലാളി! ആ തേങ്ങ വിറ്റ് എന്റെ മാതാപിതാക്കൾ പഠിപ്പിച്ചതിനാലാണ് എനിക്ക് ഇത്തരം ചുമതലകൾ ഏറ്റെടുക്കാൻ കഴിഞ്ഞത്" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അദ്ധ്വാനിക്കുന്നവരില്ലെങ്കിൽ നമ്മുടെ സമൂഹത്തിന്റെ ചലനമറ്റുപോകുമെന്ന് എത്ര ലളിതമായി തിരുമേനി വ്യക്തമാക്കി. ആ മഹാപുരുഷന്റെ ദീപ്ത സ്മരണയ്ക്കുമുന്നിൽ പ്രണാമം...


**വായിക്കാം ന്യൂവിഷൻ മാസികയുടെ പഴയ ലക്കങ്ങൾ**

ന്യൂവിഷൻ മാസികയുടെ പഴയ ലക്കങ്ങൾ www.newvisionmagazine.orgൽ ലഭിക്കുന്നു. എല്ലാ മാസവും 28ന് ഏറ്റവും പുതിയ ലക്കവും വായിക്കാം. തികച്ചും സൗജന്യം.

നിങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും സാധിക്കും. കംപ്യൂട്ടർ സൗകര്യമുള്ള എല്ലാവർക്കും ഈ ക്രമീകരണം പ്രയോജനം ചെയ്യും



# ആടുകളുടെ മണമുള്ള ഇടയൻ



ഡോ. ഗീവർഗീസ് മാർ കൂറിലോസ്
യാക്കോബായ സഭ നിരണം ഭദ്രാസന മെത്രാപ്പൊലിത്ത

ഒരു നൂറ്റാണ്ടിൽ ഒരിക്കൽമാത്രം അത്യപൂർവ്വമായി ഉണ്ടാകുന്ന നന്മമരം ആണ് പത്മഭൂഷൺ ഡോക്ടർ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ വിയോഗത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. പരമ്പരാഗത "തിരുമേനി" സങ്കല്പങ്ങളെ പൊളിച്ചെഴുതി ഒരു യഥാർത്ഥ ബിഷപ്പ് ക്രിസ്തുവിനെപ്പോലെ ജനങ്ങൾക്കൊപ്പം പ്രത്യേകിച്ച് ഏറ്റവും പാവപ്പെട്ടവർക്കൊപ്പം നിൽക്കുന്ന ജനകീയ പിതാവ് ആയിരിക്കണം എന്നുള്ള മാർ ക്രിസോസ്റ്റത്തിന്റെ കാഴ്ചപ്പാട് ആണ് വ്യക്തിപരമായി എന്നെ അദ്ദേഹത്തിലേക്ക് ഏറ്റവും ആകർഷിച്ചത്.

എപ്പിസ്കോപ്പസിയും ആത്മീയ മേലദ്ധ്യക്ഷന്മാരും നിശിതമായ മാധ്യമ വിചാരണ നേരിടുന്ന ഈ കാലത്ത് അവരുടെ ആഡംബരജീവിതവും വരേണ്യ ജീവിതശൈലിയും വിചാരണ ചെയ്യപ്പെടുന്ന ഈ കാലത്ത് മാർ ക്രിസോസ്റ്റം വ്യത്യസ്തനായ ഒരു മേൽപ്പട്ടക്കാരനായി വിളങ്ങി. ഫ്രാൻസിസ് മാർപ്പാപ്പയാണ് ഈ കാര്യത്തിൽ ലോകം ആദരിക്കുന്ന വ്യത്യസ്ത ജനകീയ മുഖം ഉള്ള ഒരു ആത്മീയ പിതാവ്. ഫ്രാൻസിസ് മാർപ്പാപ്പ ബിഷപ്പുമാർക്ക് നല്കിയ ഒരു പ്രബോധനത്തിൽ നിങ്ങൾ ആടുകളുടെ മണമുള്ള ഇടയന്മാർ ആകണമെന്ന് ഉത്ബോധിപ്പിച്ചു. മാർ ക്രിസോസ്റ്റം വലിയ തിരുമേനി അക്ഷരാർത്ഥത്തിൽ ആടുകളുടെ ചൂരുള്ള ഇടയനായിരുന്നു. ജാതി മത വർണ്ണ ലിംഗ വ്യത്യാസങ്ങൾക്ക് അപ്പുറത്ത് എല്ലാവരെയും പ്രത്യേകിച്ചും ഏറ്റവും നിസ്സാരരെയും പതിതരെയും തന്റെ സ്വന്തം ആടുകൾ ആയി വലിയ തിരുമേനി കരുതുകയും സ്നേഹിക്കുകയും ചെയ്തു. ആടുകളുമായുള്ള നിരന്തര ഇടപെടലും സാമീപ്യവുമത്രേ ഇടയന് ആടുകലുടെ മണം നല്കുന്നത്. വലിയ തിരുമേനി നിരന്തരം പാവപ്പെട്ടവരോടും ഭവനരഹിതരോടും അശരണരോടും സഹവസിച്ചു. അവരിലൊരാളായി. എല്ലാവർക്കും എപ്പോഴും അദ്ദേഹം പ്രാപ്യൻ ആയിരുന്നു. തന്റെ അരമന (ഭവനം) എല്ലായ്പോഴും എല്ലാവർക്കുമായി തുറന്നിട്ടിരിക്കുന്നു. മാനവികതയായിരുന്നു അദ്ദേഹത്തിന്റെ മതം. സ്നേഹമായിരുന്നു അതിന്റെ ആത്മീയത. എനിക്ക് വ്യക്തിപരമായി വലിയ തിരുമേനിയുടെ ഈ ആടുമണം നേരിട്ട് അനുഭവിക്കുവാൻ നിരവധി അവസരങ്ങളുണ്ടായിട്ടുണ്ട്. തിരുവല്ലയിൽ ലോട്ടറി വിറ്റുനടന്ന സുബ്രഹ്മണ്യൻ എന്ന നാടോടി ബാലനെ ഏറ്റെടുത്തു വളർത്തി വലുതാക്കി പഠിപ്പിച്ച് ജോലി നൽകി, വിവാഹം കഴിപ്പിച്ച് കുടുംബസ്ഥനാക്കി, നല്ല നിലയിലാക്കി. സുബ്രഹമണ്യത്തിന്റെ വിവാഹത്തിന് എന്നെയും സഹകാർമ്മികനാക്കിയത് നന്ദിയോടെ ഓർക്കുന്നു. തിരുവല്ല വൈഎംസിഎയുടെ വികാസ് സ്പെഷ്യൽ സ്കൂളിലെ ഭിന്നശേഷിയുള്ള കുട്ടികളുടെ എത്രയെത്ര പരിപാടികൾ ഞങ്ങളൊന്നിച്ച് പങ്കെടുത്തു. 2006ൽ തിരുവല്ലയിൽ ഒരു ബിഷപ്പായി വന്നതുമുതൽ ഏകദേശം 15 വർഷത്തോളം എത്രയെത്ര വേദികളിൽ ഞങ്ങളൊരുമിച്ച് പങ്കെടുത്തു. സമന്വയ മതസൗഹാർദ്ദവേദിയുടെ രക്ഷാധികാരിയായി ഞങ്ങൾക്ക് നേതൃത്വം നല്കി. എല്ലാ മതങ്ങളുടെയും പ്രധാന പെരുന്നാളുകളും ഉത്സവങ്ങളും ഒരുമിച്ച് ആചരിക്കാനും കഴിഞ്ഞു. ഇത്തരം ആഘോഷങ്ങളിൽ പാവപ്പെട്ടവർക്ക് പ്രാമുഖ്യം കൊടുക്കണമെന്ന് എപ്പോഴും ഞങ്ങളെ ഓർമ്മിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ദൈവത്തിന് ജാതിയും മതവും ഒന്നും ഇല്ലെന്ന് നിരന്തരജീവിതം കൊണ്ടും കർമ്മം കൊണ്ടും വലിയ തിരുമേനി പഠിപ്പിച്ചു. ഞാനും ഭാഗമായി പ്രവർത്തിക്കുന്ന തീരം എന്ന ഭിന്നശേഷിയുള്ള കുട്ടികളുടെ കുടുംബത്തിന് ഒരു വലിയ സ്നേഹിതനും ആത്മീയപിതാവും ആയിരുന്നു വലിയ തിരുമേനി.

വലിയ തിരുമേനിയുടെ പ്രധാന ഊന്നൽ എല്ലാ മനുഷ്യർക്കും അടിസ്ഥാന ആവശ്യങ്ങൾ ലഭിക്കണം എന്നതായിരുന്നു. ഭക്ഷണം, പാർപ്പിടം, വസ്ത്രം ഇവ ഇല്ലാതെ ആരും വിഷമിക്കരുത് എന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. മിക്കവാറും എല്ലാ പ്രസംഗങ്ങളിലും അത് ആവർത്തിച്ചു. പാവപ്പെട്ടവരിലാണ് അദ്ദേഹം ഈശ്വരനെ കണ്ടത്. അവരുടെ മണമായിരുന്നു വലിയ തിരുമേനിക്ക്. ഒരിക്കൽ തെരുവിൽ വെച്ച് കുഷ്ഠരോഗിയെ ആലിംഗനം ചെയ്ത അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനോട് കുഷ്ഠരോഗി പറഞ്ഞത്: "അങ്ങയിൽ ഞാൻ ക്രിസ്തുവിനെ മണക്കുന്നു". ഈ അർത്ഥത്തിൽ ക്രിസോസ്റ്റം വലിയ തിരുമേനി ക്രിസ്തു സുഗന്ധം സമൂഹത്തിൽ പരത്തിയ വലിയ ഇടയൻ ആയിരുന്നു. ഒരു സാധാരണക്കാരനായി തട്ടുകട





യുടെ മുമ്പിൽ നിർത്തി ഭക്ഷണം വാങ്ങി കഴിക്കുന്ന ജാതിമത വർണ്ണ ലിംഗ ഭേദമെന്യേ എവിടെയും ഓടിയെത്തുന്ന ഇടയശ്രേഷ്ഠൻ. എല്ലാവർക്കും എല്ലായ്പ്പോഴും എല്ലാം തുറന്നിട്ട് ലളിതജീവിതം മുഖമുദ്ര ആക്കിയ ക്രിസ്തുദാസൻ. എല്ലാവർക്കും സമാധാനവും നീതിയും ആശ്വാസവും ലഭ്യമാക്കിയ ധർമ്മിഷ്ടൻ ആയിരുന്നു ക്രിസോസ്റ്റം തിരുമേനി. ഇങ്ങനെ ഒരു പിതാവ് ഇനി ഉണ്ടാകുമോ എന്ന് നിശ്ചയമില്ല. ഡോക്ടർ ബാബുപോൾ സാർ മരിക്കുന്നതിനുമുൻപ് തയ്യാറാക്കിയ ഒരു ശബ്ദസന്ദേശം തന്റെ സംസ്കാരശുശ്രൂഷയിൽ എല്ലാവരും കേൾക്കാനിടയായി. അതിന്റെ അവസാനവാക്കുകൾ ഇങ്ങനെയായിരുന്നു. "ഞാൻ പൂർണ്ണ സംതൃപ്തിയോടെയാണ് മടങ്ങുന്നത്. നിങ്ങൾ ആരും എനിക്കുവേണ്ടി കരയേണ്ട. ഇത് എന്റെ ഒരു യാത്രയുടെ അവസാനവും പുതിയ ഒരു യാത്രയുടെ ആരംഭമത്രേ. ദൈവത്തിന് മതവും ജാതിയും ഇല്ല". മാർ ക്രിസോസ്റ്റം വലിയ തിരുമേനിയിൽ അന്വർത്ഥമാണ് ഈ വാക്കുകൾ എന്ന് ഞാൻ കരുതുന്നു. കർമ്മത്തിലൂടെ ദൈവീക മർമ്മങ്ങൾ നമുക്ക് ഹൃദിസ്ഥമായി പകർന്നു നല്കിയ സ്നേഹവും കരുതലുംകൊണ്ട് ഈ ലോകത്തെ കൂടുതൽ സ്വർഗ്ഗീയമാക്കിയ ആടുകളുടെ ചൂടുള്ള വലിയ ഇടയന് ആദരാഞ്ജലികൾ. വ്യക്തിപരമായി ഒരു ബിഷപ്പിന് ഇങ്ങനെയും ജീവിക്കാമെന്ന് എന്നെ നിരന്തരം ഓർമ്മിപ്പിച്ച്, ഇപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്ന, ഒരു മകനെപ്പോലെ എന്നെ സ്നേഹം തന്നു അനുഗ്രഹിച്ച ഏറ്റവും ചെറിയവരുടെ വലിയ തിരുമേനിക്ക് ഹൃദയംതൊട്ട പ്രണാമം. ആ ജീവിതം അനുകരിക്കാനുള്ള നമ്മുടെ എളിയശ്രമങ്ങൾ ആകട്ടെ വലിയ തിരുമേനിക്ക് നമുക്ക് നല്കാവുന്ന അർത്ഥവത്തായ സ്മാരകങ്ങൾ. രുചിയും മണവും നഷ്ടപ്പെടുത്തുന്ന ഈ കോവിഡ് കാലത്തെ ആടുകളുടെ, ദരിദ്രരുടെ, നിസ്വരുടെ ക്രിസ്തുവിന്റെ മണവും രുചിയും നമുക്ക് പരത്താം. വിശന്നപ്പോൾ അല്പം ഭക്ഷണം എടുത്തതിന്റെപേരിൽ നമ്മൾ തല്ലിക്കൊന്ന മധുവിന്റെ നാട്ടിൽ ഹ്യൂഗോയുടെ "പാവങ്ങളി"ലെ ബിഷപ്പിനെ അനുസ്മരിപ്പിക്കുന്ന വലിയ തിരുമേനി ജീവിച്ചിരുന്ന കാലത്ത് ജീവിക്കാൻ കഴിഞ്ഞത് തന്നെ ഭാഗ്യം ഇനിയങ്ങോട്ട് സ്വർഗ്ഗം ചിരിമുഖരിതമാകുമല്ലോ എന്നോർത്ത് ആശ്വസിക്കാം.

# തിരുമേനീ, ഞാൻ ആ കയ്യൊന്ന് മുത്തട്ടെ...



**ബിനോയ് വിശ്വം**

നൂറ്റിനാലാമത്തെ വയസ്സിൽ ഉണ്ടാകുന്ന ഒരു മരണം അപ്രതീക്ഷിതമാണെന്ന് ആരും പറയില്ല. എന്നാലും ക്രിസോസ്റ്റം തിരുമേനിയുടെ വേർപാട് നമ്മുടെ സാമൂഹിക മണ്ഡലത്തിലുണ്ടാക്കുന്ന ശൂന്യത എല്ലാവരെയും വേദനിപ്പിക്കുന്നതാണ്. എല്ലാ സഭകളുടെയും ചരിത്രം വായിച്ചാൽ ക്രിസോസ്റ്റം തിരുമേനിയുടെ അത്രയുംകാലം ബിഷപ്പായി പ്രവർത്തിച്ച വേറൊരാൾ കാണുകയില്ലത്രേ. സ്നേഹസാന്ദ്രവും സംഭവബഹുലവുമായ തന്റെ ജീവിതംകൊണ്ട് ക്രിസോസ്റ്റം തിരുമേനി സഭകൾക്കും വിശ്വാസത്തിനും പുറത്തേക്ക് വളർന്ന മനുഷ്യസ്നേഹിയായി നമ്മുടെയെല്ലാം ഓർമ്മകളിൽ നിലനിൽക്കും. ക്രിസോസ്റ്റം തിരുമേനിയെക്കാൾ മനോഹരമായി നർമ്മം പറയുന്നവരും വലിയ കാര്യങ്ങൾ പ്രസംഗിക്കുന്നുവരുമായ ഏറെപ്പേർ വേറെയുണ്ടാകും. അവരിൽനിന്നെല്ലാം ക്രിസോസ്റ്റം തിരുമേനിയെ വേറിട്ടവനാക്കുന്നത് അദ്ദേഹത്തിലെ മനുഷ്യത്വം നിറഞ്ഞ നന്മകളാണ്. അതുകൊണ്ടാണ് ആ വേർപാടിന്റെ ശൂന്യത നമ്മളെ ദുഃഖിപ്പിക്കുന്നത്.

വിമോചന ദൈവശാസ്ത്രം കേരളത്തിൽ എന്തുകൊണ്ട് വേരോടിയില്ല എന്ന് അദ്ദേഹത്തോട് ഞാൻ ചോദിച്ചിട്ടുണ്ട്. ആ പേരിനെച്ചൊല്ലി എന്തെങ്കിലും പറയാൻ താൻ ആളല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ക്രിസ്തുവിന്റെ പക്ഷപാതിത്വം നിന്ദിതരോടും പീഡിതരോടും ആണെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ക്രൈസ്തവ ചിന്തയുടെ ആത്മാവ് വിമോചനാത്മകത ആണെന്ന് അദ്ദേഹം വിശ്വസിച്ചു. പാവങ്ങളെയും അവരുടെ ജീവിതത്തെയും അറിയാതെയുള്ള സുവിശേഷ പ്രഘോഷണങ്ങളിൽ അദ്ദേഹം ക്രിസ്തുവിനെ കണ്ടില്ല. ക്രിസോസ്റ്റം തിരുമേനിക്ക് സഭാപ്രവർത്തനം ക്രിസ്തുവിനെ തേടലായിരുന്നു. ആന്ധ്രായിലെ ഒരു സെമിനാരിയിലേക്കുള്ള യാത്രാമദ്ധ്യേ ജോലാർപേട്ട് റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയ അദ്ദേഹം താൻ ആരാണെന്ന് പറയാതെ അവിടുത്തെ പോർട്ടർമാരോടൊപ്പം മാസങ്ങൾ കഴിച്ചുകൂട്ടി. ഭാരമുള്ള പെട്ടി തലയിൽ ചുമക്കുമ്പോഴുള്ള പ്രയാസം താൻ മനസ്സിലാക്കിയത് പറഞ്ഞ് കേട്ടോ വായിച്ചോ അല്ലായെന്ന് അദ്ദേഹം പറഞ്ഞു വ്യവസ്ഥാപിത സംഘടനാ സംവിധാനങ്ങളുടെ ചട്ടക്കൂട്ടിലൊതുങ്ങുമ്പോൾ മനുഷ്യർ പലപ്പോഴും ആത്മസംഘർഷങ്ങൾക്ക് അടിപ്പെടും. ക്രിസോസ്റ്റം തിരുമേനിയും ഫ്രാൻസിസ് മാർപ്പാപ്പയും മഹാത്മാഗാന്ധിയും ഡോക്ടർ അംബേദ്കറും അച്യുതമേനോനും എ. കെ. ഗോപാലനും എല്ലാം ഈ സംഘർഷത്തിലൂടെ കടന്നുപോയിക്കാണും. അതിന്റെ സമ്മർദ്ദങ്ങളെ അതിജീവിക്കാൻവേണ്ടി നർമ്മത്തെ കൂടെക്കൂട്ടുകയാണ് തിരുമേനി കണ്ടെത്തിയ പോംവഴിയെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ജയിലിലെ തടവുകാരോട് സംസാരിക്കുമ്പോൾ, നിങ്ങൾ പിടിക്കപ്പെട്ടതുകൊണ്ട് ഇവിടെയെത്തി. ഞാൻ പിടിക്കപ്പെടാത്തതുകൊണ്ട് പുറത്തൊക്കെ നടക്കുന്നു, എന്നുപറയാൻ അസാമാന്യമായ ധൈര്യവും സ്വയം വിമർശനബോധവും ആവശ്യമാണ്. തിരുമേനിയുടെ നർമ്മത്തിന്റെ അടിയിലേക്ക് നോക്കിയാൽ അത് തെളിഞ്ഞുവരും.

മാർത്തോമ്മാസഭയുടെ മേലദ്ധ്യക്ഷപദവിയിൽനിന്ന് വിരമിച്ചശേഷം അദ്ദേഹത്തിന്റെ വാസം പമ്പ



യാറിന്റെ തീരത്ത് മാരാമൺ മണപ്പുറത്തിന്റെ മറുഭാഗത്തായിരുന്നു. സമയം കിട്ടുമ്പോഴെല്ലാം ആ വീട്ടിൽ പലപ്പോഴും പോയി താമസിച്ചിട്ടുള്ളവനാണ് ഞാൻ. വീട്ടുമുറ്റത്തുതന്നെ ആടുകളെയും മുയലിനെയും കുഞ്ഞുകിളികളെയും പരിപാലിക്കുന്ന ഒരു കാരണവരുടെ സ്നേഹസാമീപ്യമാണ് അവിടെ ചെല്ലുമ്പോഴെല്ലാം അനുഭവപ്പെട്ടിട്ടുള്ളത്. ലക്ഷം വീടുകൾ പുതുക്കിപ്പണിയുന്ന പദ്ധതിയുടെയും എന്റെ മരം പദ്ധതിയുടെയും ആശയങ്ങൾ നാമ്പെടുത്തപ്പോൾ ഞാൻ ആദ്യം ചെന്നുകണ്ടവരിൽ ഒരാൾ ക്രിസോസ്റ്റം തിരുമേനിയായിരുന്നു. അതുമായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഒരു യോഗം ചേർന്നതും അദ്ദേഹത്തിന്റെ വീട്ടിൽ വച്ചായിരുന്നു. സർക്കാർ സഹായംകൊണ്ടുമാത്രം പൂർത്തീകരിക്കാൻ കഴിയാതിരുന്ന പുതുക്കിപ്പണിയൽ പദ്ധതിക്കായി അദ്ദേഹം 25000 രൂപ സംഭാവന ചെയ്തു. ഏതാനും മാസങ്ങൾക്കുശേഷം ഒരു പഞ്ചായത്തിന്റെ ലക്ഷംവീടുമായി ബന്ധപ്പെട്ട ആലോചനായോഗത്തിൽ പങ്കെടുക്കാൻ മൂന്നാംനിലയിലെ ഹാൾ വരെ ക്രിസോസ്റ്റം തിരുമേനി തന്റെ ആരോഗ്യാവസ്ഥ മറന്നുകൊണ്ട് പടികയറിവന്നപ്പോൾ അത്ഭുതപ്പെട്ട് നിന്നു. എന്റെ തോളിൽ പിടിച്ചുകൊണ്ട് വാത്സല്യംനിറഞ്ഞ പുഞ്ചിരിയുമായി ആ വലിയമനുഷ്യൻ പറഞ്ഞത് ഇപ്പോഴും കാതിൽ മുഴങ്ങുന്നുണ്ട്: "കൂടെയുണ്ടാകുമെന്ന് ഞാൻ വെറുതെയല്ല പറഞ്ഞത്".

ക്രിസോസ്റ്റം തിരുമേനിയുടെ കൂടി അനുഗ്രഹാശിസ്സുകളോടെയാണ് വനം, വിദ്യാഭ്യാസ വകുപ്പുകൾ ചേർന്ന് എന്റെ മരം പദ്ധതിക്ക് രൂപം നല്കിയത്. പാതയോരങ്ങളിലും വീട്ടുവളപ്പുകളിലും വിദ്യാലയങ്ങളിലുമായി തണൽ വിരിച്ചു നിൽക്കുന്ന ലക്ഷക്കണക്കിന് മരങ്ങൾ എന്നും ഒരു കുളിർമ്മയാണ്. ശബരിമല തീർത്ഥാടനസമയത്തും മാരാമൺ കൺവൻഷനിലും ചന്ദനക്കുട മഹോത്സവങ്ങളിലുമെല്ലാം ഞങ്ങൾ വൃക്ഷത്തൈകളുമായെത്തി. 'ആഗോളതാപനം മരമാണ് മറുപടി' എന്ന സന്ദേശമാണ് ഓരോ മരത്തോടുമൊപ്പം ഞങ്ങൾ കൈമാറാൻ ശ്രമിച്ചത്. മാരാമൺ കൺവൻഷനോടനുബന്ധിച്ച് ഒരു ലക്ഷം തൈകൾ വിതരണം ചെയ്തപ്പോൾ ഒരു രക്ഷകർത്താവിനെപ്പോലെ തിരുമേനി അവിടെ ഉണ്ടായിരുന്നു. ദൈവത്തെ പ്രാർത്ഥിക്കുമ്പോലെ ഓരോ മരത്തൈകളും നട്ടുവളർത്തണമെന്ന് അദ്ദേഹം വിശ്വാസസമൂഹത്തെ ആഹ്വാനം ചെയ്തു.

രാഷ്ട്രീയവും മതവും വിദ്യാഭ്യാസവും മനുഷ്യബന്ധങ്ങളുമെല്ലാം ഞങ്ങളുടെ ചർച്ചകളിൽ കടന്നുവന്നു. ദൈവമുണ്ടോ ഇല്ലയോ എന്നുമാത്രം ഞങ്ങൾ ചർച്ച ചെയ്തിട്ടില്ല. ആയിരമായിരം വർഷം പഴക്കമുള്ള ആ ചർച്ചയെക്കാൾ ഇന്നത്തെ ലോകത്തിന് ഗുണം ചെയ്യുന്നത് ഭൂമിയുടെയും മനുഷ്യന്റെയും ഭാവിയെ മുൻനിർത്തി ആത്മീയവാദികൾക്കും ഭൗതികവാദികൾക്കും എങ്ങനെ കൈകോർത്ത് നീങ്ങാൻ കഴിയും എന്ന ചർച്ചയാണ്. ആർത്തി പുതിയ മതവും ലാഭം ദൈവവും കമ്പോളം ദേവാലയവും ആയി മാറുന്ന ആഗോളവത്ക്കരണ കാലത്ത് ആ അന്വേഷണത്തിന്റെ പ്രാധാന്യം ആത്മീയവാദികളും ഭൗതികവാദികളും തിരിച്ചറിയേണ്ടതുണ്ട്. അതേപ്പറ്റി തികഞ്ഞ ബോധ്യമുള്ള മാർത്തോമ്മാ സഭയിലെ വലിയ ഇടയനാണ് വിടപറയുന്നത്. ക്രിസോസ്റ്റം തിരുമേനി പക്ഷേ ഒരു സഭയുടെയോ മതത്തിന്റെയും മാത്രം സ്വത്തായിരുന്നില്ല. മനുഷ്യനന്മയിൽ കൂറുള്ള എല്ലാവരുടെയും വല്യപ്പച്ചനായി അദ്ദേഹം നിലകൊണ്ടു.

ഡൽഹിയിലെ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഒരു മഹാസമ്മേളനം. ക്രിസോസ്റ്റം തിരുമേനിയുടെ ജന്മശതവാർഷികം പ്രമാണിച്ച് സഭ സംഘടിപ്പിച്ചതാണ്. ക്ഷണിക്കപ്പെട്ട ഒരാൾ എന്ന നിലയിൽ ശ്രോതാവാകൻ ആണ് ഞാൻ അവിടെയെത്തിയത്. തിരുമേനി പക്ഷേ എന്നെ വിളിച്ച് വേദിയിൽ അടുത്തിരുത്തി തന്റെ പ്രസംഗത്തിനു മുൻപ് ഞാനും പ്രസംഗിക്കണമെന്ന് അദ്ദേഹം നിർബന്ധിച്ചു. ആ ശാസനയ്ക്കുമുമ്പിൽ എനിക്ക് വഴങ്ങേണ്ടിവന്നു. അഞ്ചാറുമിനിട്ടുകൊണ്ട് അവസാനിച്ച ആ പ്രസംഗത്തിൽ എനിക്ക് സ്വർഗ്ഗത്തിലും നരകത്തിലും വിശ്വാസമില്ലെന്നു ഞാൻ പറഞ്ഞു. വിശ്വാസികളുടെ വീക്ഷണപ്രകാരമുള്ള സ്വർഗ്ഗമുണ്ടെങ്കിൽ ക്രിസോസ്റ്റം തിരുമേനിക്ക് അവിടെ സ്ഥാനമുറപ്പാണെന്ന് പറഞ്ഞുകൊണ്ട് തന്റെകൂടെ പത്തുപേരെ കൂടെക്കൂട്ടാൻ ദൈവം സമ്മതിച്ചാൽ അതിൽ പത്താമത്തെ ആളായെങ്കിലും തിരുമേനി എന്നെ കൂട്ടിയേക്കുമെന്ന് പറഞ്ഞുകൊണ്ടാണ് ഞാൻ പ്രസംഗം അവസാനിപ്പിച്ചത്. അപ്പോൾ എല്ലാവരുടെയും കൂടെചേർന്ന് തിരുമേനിയും നന്നായി ചിരിച്ചു. തന്റെ മറുപടി പ്രസംഗത്തിന്റെ ഊഴമെത്തിയപ്പോൾ തിരുമേനി ആ കാര്യം പക്ഷേ മറന്നില്ല. സ്വർഗ്ഗത്തിലേക്ക് പത്തുപേരെ കൂട്ടാൻ ദൈവം സമ്മതിച്ചാൽ ഒരാളായി തീർച്ചയായും ഞാനതിലുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. ഈ ലേഖനം എഴുതാൻ എന്റെ യോഗ്യത ചിലപ്പോൾ അതായിരിക്കും.

നമുക്കിടയിൽ വിശുദ്ധിയുടെ വിളക്കുമാടംപോലെ നിലകൊണ്ട ക്രിസോസ്റ്റം തിരുമേനിയുടെ വേർപാടിന്റെ വേളയിൽ ഞാൻ കണ്ണീർ പൊഴിക്കുന്നില്ല. ലോകത്തെയും സഹജീവികളെയും കളങ്കമില്ലാതെ സ്നേഹിച്ച ആ വലിയ മനുഷ്യന്റെ കൈ മുത്താനാണ് ഈ നിമിഷത്തിൽ എനിക്ക് തോന്നുന്നത്.

*ലേഖകൻ കേരളത്തിലെ വനം വകുപ്പ് മന്ത്രിയായിരുന്നു. ഇപ്പോൾ രാജ്യസഭാംഗവും. കമ്മ്യൂണിസ്റ്റ് പാർട്ടി അംഗം.*

## എന്റെ മുമ്പിലാരും വേണ്ടാ

രക്തയോട്ടം കുറവുള്ളതു കൊണ്ട് എനിക്കു ഇരുന്നു അധികനേരം യാത്രചെയ്യുന്നതിനു പ്രയാസമാ. വിമാനത്തിൽ എക്സിക്യുട്ടിവ് ക്ലാസ്സിൽ യാത്ര ചെയ്യുന്നതു കൊണ്ട് കാലു കിളത്തി വയ്ക്കാം. കാറിൽ മുട്ടു മടക്കി വച്ചു കൊണ്ട് യാത്ര ചെയ്യുവാൻ വലിയ പ്രയാസം. അതുകൊണ്ട് ഞാൻ മുമ്പിലത്തെ സീറ്റങ്ങ് എടുത്തു മാറ്റി. ഇപ്പോൾ യാത്ര ചെയ്യുമ്പോൾ കാലു നിവർത്തി വെയ്ക്കുവാനാകും. അതിനു മറ്റൊരു വ്യാഖ്യാനവും കൊടുക്കാം. എന്റെ മുമ്പിലാരെയും ഇരുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. വേണമെങ്കിൽ എന്റെ കൂടെയിരുന്നോണം.

ക്രിസോസ്തം വലിയ തിരുമേനി





# പ്രൊട്ടസ്റ്റന്റ് സഭകളുടെ ഫ്രാൻസിസ് മാർപ്പാപ്പ



**ബിഷപ്പ് ഡോ. ഉമ്മൻ ജോർജ്ജ്**

ആഗോള കത്തോലിക്കാ സഭയുടെ ഫ്രാൻസിസ് മാർപ്പാപ്പാ യഥാർത്ഥ ക്രിസ്ത്യാനിയെന്ന് അക്രൈസ്തവർ സ്റ്റേജിൽ പറയുമ്പോൾ പ്രൊട്ടസ്റ്റന്റ് സഭയ്ക്കും ഉണ്ട് ഒരു മേലദ്ധ്യക്ഷൻ. അതാണ് സാക്ഷാൽ പത്മഭൂഷൻ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ. തന്റെ ദർശനങ്ങളും കാഴ്ചപ്പാടുകളും എല്ലാം യാഥാർത്ഥ്യമാക്കുന്നതിന് വലിയ മെത്രാപ്പോലീത്താ സ്ഥാനത്തിലേക്കായപ്പോൾ സാദ്ധ്യമായി.കാലംചെയ്ത ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് വിധേയപ്പെട്ട് വലിയ മെത്രാപ്പോലീത്തായായി പ്രവർത്തിച്ചത് യേശു പത്രോസിന്റെ കാൽകഴുകിയ എളിമയാണ് കാണിക്കുന്നത്. അതിന് ക്രിസോസ്റ്റം തിരുമേനിയുടെ കുടുംബപശ്ചാത്തലം അടിസ്ഥാനശില പാകി. മലങ്കര കത്തോലിക്കാ സഭയുടെ ക്ലിമിസ് ബാവ ഉൾപ്പെടെയുള്ള വരുടെ പാദസ്പർശമേറ്റ തിരുവല്ലയ്ക്കും മല്ലപ്പള്ളിയ്ക്കും ഇടയ്ക്കുള്ള കല്ലൂപ്പാറ എന്ന അനുഗ്രഹീത ഗ്രാമത്തിൽ ഒരു അനുഗ്രഹീത കുടുംബത്തിന്റെ ശാഖയായ കലമണ്ണിൽ കുടുംബം. പിതാവ് അന്നത്തെ വൈദികൻ.വൈദികൻ ശമുവേൽ പ്രാവചകന്റെ ദൗത്യം ചെയ്യുന്നവരാണ്. പുരോഹിത ശുശ്രൂഷയും ന്യായാധിപതിയും പ്രവാചക ശുശ്രൂഷയും. ഗർഭിണിയായ അമ്മ സാധു സുന്ദർസിംഗിന്റെ പ്രസംഗം കേൾക്കാൻ മാരാമൺ മണൽപ്പുറത്ത് ചെന്ന് മാതാപിതാക്കൾ ഒരുമിച്ച് സമർപ്പിച്ചതാണ് തിരുമേനിയെ. ഒരുവന്റെ വളർച്ചയിൽ മാതാപിതാക്കൾക്ക് വലിയ പങ്കുണ്ട്. മണ്ടൻ കളിക്കുന്ന വലിയ ബുദ്ധിജീവിയായിരുന്നു വലിയ മെത്രാപ്പോലീത്താ. തന്റെ തമാശകളിലൂടെ മനുഷ്യഹൃദയത്തിൽ ദൈവവചനം എത്തിക്കുന്ന ന്യായാധിപതിയും പ്രവാചകനും കൂദാശകൾ നിർവ്വഹിക്കുന്ന പുരോഹിതനുമായിരുന്നു. പുനരാവർത്തിക്കാത്ത തമാശകൾ. ചെല്ലുന്ന Context-നനുസരിച്ചുള്ളതായിരിക്കും. സർവ്വോപരി താൻ പറയുന്നത് തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തു.

103-ാം പിറന്നാൾ ആഘോഷിച്ച് 104ലേക്കു പ്രവേശിച്ചതു വരെ മഹത്തായ ജീവിതമായിരുന്നു ക്രിസോസസ്റ്റം തിരുനേിയുടേത്.സഭൈക്യപ്രസ്ഥാനത്തിനതീതമായി സ്നേഹകരങ്ങളിൽ ചേർത്തുപിടിച്ചു, നൂറാംവയസ്സിൽ നിര്യാതനായ എന്റെ പിതാവ് കെ. സി. ജോർജ്ജ് ഉപദേശിയുടെ സംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നല്കാൻ തന്റെ 99-ാം വയസ്സിൽ കഞ്ഞിക്കുഴി അസ്സൻഷൻ പള്ളിയിലെത്തി. ദൈവവചനം പ്രസംഗിച്ച് പ്രാർത്ഥിച്ച് ഞങ്ങൾക്ക് ബലം നൽകിയത്, നന്ദിയോടെ ഓർക്കുന്നു. ഏതു സമയത്തും തന്റെ അരമനയിൽ എത്തിയാൽ എന്തെങ്കിലും കുടിയ്ക്കാനോ കഴിക്കാനോ തരാറുണ്ട്. ബിഷപ്പ്സ് കോൺസിക്രേഷനുമുൻപ് അനുഗ്രഹം വാങ്ങാൻ ചെന്നപ്പോൾ ചേർത്തുപിടിച്ച് ഏറ്റവും കൊച്ചു ബിഷപ്പാണിതെന്ന് അവിടെ ഉണ്ടായിരുന്നവരോട് പറഞ്ഞത് ഞാനോർക്കുന്നു. ഞാനൊരിക്കലും വലിയവൻ ആകുവാൻ ശ്രമിക്കരുതെന്ന് തിരുമേനിയുടെ വാക്കുകൾ എന്നോടുള്ള പ്രവാചക ശബ്ദമായി ഞാൻ സ്വീകരിച്ചു. മൂന്നുമാസത്തിലൊരിക്കലെങ്കിലും നിർബന്ധമായി കണ്ട് തൊട്ട് അനുഗ്രഹം വാങ്ങിയിരുന്നു. എന്റെ സഹോദരൻ കൂടിയായ സി.എസ്.ഐ സിനഡ് എക്കോളജിക്കൽ ഡയറക്ടറും ബിഷപ്പ് മൂർ കോളജ് റിട്ടയേർഡ് പ്രിൻസിപ്പലുമായ ഡോ. മാത്യു കോശി പുന്നയ്ക്കാട്, വർഷങ്ങളായി തിരുമേനിയുടെ നന്മകളെ പുറംലോകത്ത് എത്തിച്ചിരുന്നു. അത് ന്യൂവിഷൻ മാസികയിലൂടെ പ്രസിദ്ധീകരിച്ചിരുന്നു. "വലിയ മെത്രാപ്പോലീത്താ" സമൂഹത്തിന് നൽകിയ സംഭാവനകൾ ലോകമെങ്ങുമുള്ള ജനത എന്നും നന്ദിയോടെ സ്മരിക്കും. സിഎസ് ഐ മാർത്തോമ്മാ സിഎൻഐ ഐക്യത്തിന് സജീവ നേതൃത്വം കൊടുത്ത ബിഷപ്പായിരുന്നു വലിയ തിരുമേനി. വലിയ തിരുമേനിയുടെ ജീവിതവും ദർശനങ്ങളും ഭാവി ദൈവശാസ്ത്ര ഗവേഷണത്തിന് മുതൽക്കൂട്ടായിരിക്കും.

---

*ലേഖകൻ-സി.എസ്.ഐ. കൊല്ലം - കൊട്ടാരക്കര ഡയോസിസ് ബിഷപ്പ്, കെ.സി.സി. പ്രസിഡന്റ്, സി.എസ്.ഐ. എക്യുമെനിക്കൽ കമ്മറ്റി ചെയർമാൻ എന്നീ നിലകളിൽ നേതൃത്വം കൊടുക്കുന്നു.*

### സ്ത്രീ പുരുഷ സമത്വം


സൃഷ്ടി കഴിഞ്ഞതിനു ശേഷം ദൈവം നല്ലതെന്ന് കണ്ടതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്ത്രീയെ സൃഷ്ടിച്ചതിനു ശേഷം നല്ലതെന്ന് കണ്ടതായി ദൈവം പറഞ്ഞിട്ടുണ്ടോ?.

ഏതായാലും ഒരു കാര്യം സത്യമാണ്. അന്നു മുതലാണ് പ്രശ്നങ്ങൾ തുടങ്ങിയത്. അതിപ്പോഴും തുടരുന്നു. അതെ കുഴപ്പങ്ങൾ വേണമല്ലോ. അല്ലെങ്കിൽ ഞങ്ങളെ പ്പോലുള്ള തിരുമേനിമാർക്കും അച്ചന്മാർക്കും ഉപദേശിമാർക്കും പിന്നെ എന്തു പണിയായിരിക്കും? ഒരു പണിയും കാണില്ല..

**മാർ ക്രിസോസ്തം**



# സൗഹൃദങ്ങളെ സൗരഭ്യമാക്കിയ വിശ്വജനീന തീർത്ഥാടകൻ



ഡോ. മാത്യൂസ് ജോർജ്ജ് ചുനക്കര

ഭാഗ്യസ്മരണീയനായ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത സൗഹൃദങ്ങളെ സൗരഭ്യമാക്കിക്കൊണ്ടേയിരുന്ന ഒരു വിശ്വജനീന തീർത്ഥാടകനായിരുന്നു. ഒരു നൂറ്റാണ്ടിലധികം കാലദേശാതിർവരമ്പുകൾക്കതീതമായി ആത്മീയ വരപ്രസാദവും സൂര്യതേജസ്സും വിതറി സമൂഹത്തിൽ ചൈതന്യവും സൗരഭ്യവും പകർന്നു നല്കിക്കൊണ്ടിരുന്ന അദ്ദേഹത്തിന്റെ ജീവിതം ആദ്യവസാനം ആ ഒരു യാത്രയിലുടനീളം തെരഞ്ഞെടുത്ത പാതകൾ, ഏറ്റെടുത്ത കർത്തവ്യങ്ങൾ, അഭിമുഖീകരിച്ച സാഹചര്യങ്ങൾ, നിറവേറ്റിക്കൊണ്ടിരുന്നു. അദ്ദേഹം ഒരു നൂറ്റാണ്ടിലധികമായി അനുസ്യൂതം തുടർന്ന തീർത്ഥയാത്രയുടെ പിന്നിലെ ദൈവേച്ഛയും ദൈവീക നൽവരങ്ങളുടെ സമൃദ്ധമായ ദാനവും അതുല്യവും, അനുപമവുമായിരുന്നു. ദൈവീക പദ്ധതിയിലേക്ക്, കൂട്ടുവേലക്കാരനായി ചേർക്കപ്പെട്ട ആ തീർത്ഥാടകൻ തന്റെ യാത്രയിൽ, സംവേദനത്തിൽ, കണ്ടുമുട്ടലുകളിൽ, കളിയിൽ, ചിരിയിൽ, നർമ്മത്തിൽ, തത്വചിന്തയിൽ സ്നേഹശാസനയിലൂടെയൊക്കെ പകർന്നു നല്കിയ ദർശനവും, വീക്ഷണവും, മൂല്യങ്ങളും എത്രയോ അതുല്യവും അനിതര സാധാരണവുമായിരുന്നു.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി തുടർന്നുവരുന്ന എന്റെ പ്രവാസനാളുകൾക്കിടയിൽ ഓടിയെത്തുന്ന ചെറിയ ഇടവേളകളിൽ പലപ്പോഴും ഞാൻ തിരുമേനിയെ കാണാൻ എത്തുമായിരുന്നു. കണ്ടുമുട്ടുന്ന അവസരങ്ങളിലെല്ലാം ഹ്രസ്വമോ, ദീർഘമോ ആയ സംഭാഷണങ്ങൾക്ക് അദ്ദേഹം ഇടം നല്കി. ഗഹനവും, ഗൗരവവുമുള്ള വിഷയങ്ങൾ സംഭാഷിക്കുവാൻ അദ്ദേഹം തുടക്കമിട്ടിരുന്നു; രാജ്യാന്തരപ്രശ്നങ്ങൾ, ആഗോള ക്രൈസ്തവ സഭകളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവയൊക്കെ തുടക്കത്തിൽ ചോദ്യമായും, പിന്നീട് അവയുടെ വ്യത്യസ്ത വീക്ഷണങ്ങളെയും നിരീക്ഷണങ്ങളെയും സവിസ്തരം പ്രതിപാദിക്കുന്ന സംഭാഷണങ്ങൾക്ക് ഭാഗമാക്കാനുള്ള അപൂർവ്വ അവസരങ്ങളിൽ പങ്കാളിയാകാൻ അദ്ദേഹം എന്നെ നിർലോപമായി സഹായിച്ചു. അവയൊക്കെ അമൂല്യങ്ങളായ സമ്മാനങ്ങളായിരുന്നു ഓരോ തവണയും എനിക്ക് തിരുമേനിയിൽ നിന്നു ലഭിച്ചത്.

സൗഹൃദങ്ങളെ ഇത്രമാത്രം മാധുര്യമുള്ളവയാക്കാൻ കഴിവുള്ളവർ നമുക്കിടയിൽ എത്രപേർ ഉണ്ടായിട്ടുണ്ട്? ക്രിസോസ്റ്റം തിരുമേനിയുടെ പ്രഭാഷണങ്ങളുടെ വശ്യതയും അതിന്റെ മാധുര്യവും നർമ്മോക്തമായിരുന്നതുകൊണ്ടല്ലായിരുന്നു അതിന്റെ ഉൾക്കാമ്പ്. അദ്ദേഹം പങ്കുവച്ച ഓരോ നർമ്മത്തിനും ഉൾക്കാമ്പുകൾ ഏറെയുള്ള മർമ്മം ഉണ്ടായിരുന്നു. ധർമ്മം നിർവ്വഹിക്കപ്പെടേണ്ട കർമ്മമാണെന്ന് ബോധ്യപ്പെടുത്തി. ചുരുക്കത്തിൽ അദ്ദേഹം പങ്കുവച്ച ഓരോ നർമ്മത്തിന്റെയും മർമ്മം, ധർമ്മവും കർമ്മവും എന്തായിരിക്കണമെന്ന് പഠിപ്പിച്ചുകൊണ്ടുള്ള ആശയവിനിമയ സംവേദനശൈലിയുടെ അപരിമേയമായ സിദ്ധിയായിരുന്നു. ആ സിദ്ധി ദൈവീകവരദാനമായിരുന്നു തിരുമേനിക്ക്. ദൈവീക നിയോഗത്തിന്റെ ആ മാസ്മരികത ആരെയും വശീകരിക്കുന്ന വിസ്മയമായിരുന്നു. മതാതീതമായ ആത്മീയ ചിന്തകൾക്ക് നർമ്മത്തിൽ ചാലിച്ച ബോധനത്തിലൂടെ അദ്ദേഹം താരും തളിരും നല്കി.

മതസൗഹാർദ്ദത്തിന്റെയും മതേതര ഐക്യത്തിന്റെയും പ്രസക്തിയും ആവശ്യകതയും തന്റെ ജനത്തോട് ആവർത്തിച്ചുപറയുമായിരുന്ന ക്രിസോസ്റ്റം തിരുമേനി അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പറയുമായിരുന്നു; "മറ്റു മതങ്ങളിലും നന്മയുണ്ട്; അത് നാം മനസ്സിലാക്കാൻ ശ്രമിക്കണം. സത്യം മുഴുവൻ ക്രിസ്തീയ മാർഗ്ഗത്തിന്റെ കുത്തകയല്ല. യേശുക്രിസ്ത്യാനികളുടെമാത്രം രക്ഷകനല്ല. അവൻ സർവ്വജനത്തിന്റെയും സർവ്വസൃഷ്ടിയുടെയും രക്ഷകനാണ്. ക്രിസ്തു ചരിത്രത്തിന്റെ നാഥനാണ്; ദൈവത്തിന്റെ ശത്രുക്കളായി നടക്കുന്നവരുടെയും രക്ഷകനാണ്". അര നൂറ്റാണ്ടുകൾക്കപ്പുറത്ത് 1967–ൽ മാരാമൺ കൺവൻഷനിൽ അദ്ദേഹം ചെയ്ത ഒരു പ്രസംഗത്തിലാണ് ഇപ്രകാരം പറഞ്ഞത്. സർവ്വ മനുഷ്യർക്കും, സൃഷ്ടിക്കും നന്മയ്ക്കായി ഭവിക്കേണ്ട ദൈവരാജ്യത്തിന്റെ സുവിശേഷത്തെയാണ് അദ്ദേഹം വ്യാഖ്യാനിച്ചുകൊണ്ട് മാരാമൺ കൺവൻഷനിൽ പങ്കെടുത്ത ജനസഞ്ചയത്തോട് അന്നു പറഞ്ഞത്. അതിനുശേഷം ഏകദേശം മുപ്പതു വർഷങ്ങൾ കഴിഞ്ഞ 1998–ൽ റാന്നിയിൽ വച്ചുനടന്ന ഒരു മതസൗഹാർദ്ദ സമ്മേളനത്തിൽ തിരുമേനി പ്രസ്താവിച്ചു: "മതം എന്നു പറയുന്നത് ഈശ്വരനെ അനുഭവിക്കുന്നതിനും അറിയുന്നതിനും ഈശ്വരഹിതം നിറവേറ്റുന്നതിനുമായി ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുന്നതും, അത് മനുഷ്യനെ നിലനിർത്തുകയും ശക്തീകരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്." കാലാകാലങ്ങളിൽ ക്രിസോസ്റ്റം തിരുമേനിയിലൂടെ മുഴങ്ങിക്കേട്ട മതദർശനം പരമ്പരാഗതമായ യാഥാസ്ഥിതിക ക്രൈസ്തവ ധാരണകളുടെ അളവുകോൽ വെച്ചുനോക്കുമ്പോൾ ഒരുപക്ഷേ അസ്വാസ്ഥ്യജനകമായി തോന്നിയേക്കാം. എന്നാൽ തന്റെ ക്രൈസ്തവ വിശ്വാസം വിട്ടുവീഴ്ച ചെയ്യാത്തതും ആത്യന്തികമായി സനാതന സത്യത്തെ നിർഭയമായി ഉദ്ഘോഷിക്കുന്നതുമായിരുന്നു.

ന്യൂനപക്ഷാവകാശങ്ങളുടെയും ജാതിമത പരിഗണനകളുടെയും പേരിൽ അവകാശ സംരക്ഷണത്തിന് വിലപേശിയ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനുമുൻപിൽ അദ്ദേഹം നല്കിയ ആഹ്വാനം മതബഹുല സമൂഹത്തിൽ ക്രൈസ്തവ സഭകളുടെ ധർമ്മം ഒരു മതേതര ജനാധിപത്യ രാഷ്ട്രത്തിന്റെ കെട്ടുപണിക്കുവേണ്ടിയുള്ളതാകണമെന്നായിരുന്നു. സങ്കുചിതമായ മതതാല്പര്യ സംരക്ഷണത്തിന്റെ പേരിൽ അവകാശങ്ങൾക്ക് വിലപേശാൻ സാധാരണഗതിയിൽ ആഹ്വാനം ചെയ്യാറുള്ള മതമേലദ്ധ്യക്ഷരുടെ ഭാഷയും, സ്വരവും ലക്ഷ്യവും ക്രിസോസ്റ്റം തിരുമേനിയിൽ നിന്ന് ഒരിക്കലും ഉണ്ടായിട്ടില്ല. മത മൗലികവാദവും, മതാന്ധതയും, വർഗ്ഗീതവാദവുമൊക്കെ ആത്മീയന്യൂനതയാണെന്നും, സർവ്വ മനുഷ്യർക്കും വേണ്ടിയുള്ള ക്ഷേമരാഷ്ട്രത്തിനുവേണ്ടി നിലകൊള്ളുന്നതാണ് ക്രൈസ്തവ ധർമ്മമെന്നും എത്ര ചാരുതയോടെയാണ് അദ്ദേഹം നമ്മെ കാലാകാലങ്ങളിൽ ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നത്. മതത്തെയും വിശ്വാസത്തെയും സങ്കുചിതമായ ദൃഷ്ടിയിലൂടെ കണ്ട്, അനിതര സാധാരണമായ അവകാശവാദം ഉന്നയിക്കുന്ന



തിലല്ല, പിന്നെയോ മതത്തിലും മനുഷ്യനാണ് കേന്ദ്രസ്ഥാനമെന്നും സർവ്വശക്തനായ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യരെ തുല്യരായി കാണുവാൻ നമ്മുടെ വിശ്വാസത്തിനും, മത ധാർമ്മികബോധത്തിനും കഴിയണമെന്ന് അദ്ദേഹം നിരന്തരം നമ്മെ ഓർമ്മപ്പെടുത്തിയിരുന്നു. മർദ്ദിതന്റെയും ദുഃഖിതന്റെയും ആർദ്രനാദത്തെ ശ്രവിച്ചപ്പോൾതന്നെ അവ എന്തുകൊണ്ട് നിങ്ങൾക്കിടയിൽ എന്ന ചോദ്യം നമ്മോട് ഉയർത്തിയപ്പോൾ പലപ്പോഴും ആ ചോദ്യങ്ങൾ നമ്മെ അസ്വസ്ഥരാക്കി. പ്രവൃത്തി എന്നാൽ അത് കരുതലിന്റെയും സ്നേഹത്തിന്റെയും പ്രത്യക്ഷപ്രകടനമാണെന്ന് പ്രവൃത്തിപഥത്തിലൂടെ തിരുമേനി കാണിച്ചുതന്നു. അദ്ദേഹം ചൊരിഞ്ഞ കാരുണ്യത്തിന്റെയും, സ്നേഹത്തിന്റെയും കരുതലിന്റെയും സൗരഭ്യം ഏറ്റുവാങ്ങി ജീവിതത്തെ കരുപ്പിടിപ്പിച്ച അനാഥരും അശരണരുമായ അനേകർ നമ്മുടെ മുൻപിലെ സാക്ഷ്യപത്രങ്ങളാണ്.

ക്രിസ്തീയ ആശയങ്ങളെ വിശ്വാസങ്ങളുടെ ദന്തഗോപുരങ്ങളിൽനിന്നും മനുഷ്യൻ ചുവടുറപ്പിച്ചുനില്ക്കുന്ന ഭൂമിയിലേക്ക് കൂട്ടിക്കൊണ്ടുവരണമെന്ന് ജീവിതത്തിലുടനീളം വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്ത് തിരുമേനി തന്റെ പ്രേഷിത പ്രവർത്തനത്തിന്റെ ലക്ഷ്യമോ, ദൗത്യമോ ആയി ആരെയും മതപരിവർത്തനം ചെയ്യാൻ ശ്രമിച്ചില്ല. സഭാംഗങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നത് ദൗത്യ നിർവ്വഹണത്തിന്റെ വിജയമായി കണക്കാക്കുന്ന പരമ്പരാഗതമായ ധാരണകൾ ഒരു യുവ സുവിശേഷകനായി അവികസിത പ്രദേശങ്ങളിൽ പ്രവർത്തിച്ചപ്പോഴോ, പിന്നീടൊരിക്കലോ അദ്ദേഹത്തെ സ്വാധീനിച്ചില്ല. അങ്കോലയിലേക്ക് സുവിശേഷവേലയ്ക്ക് പോകുന്ന സമയത്ത് അന്ന് നാഷണൽ മിഷനറി സൊസൈറ്റി സെക്രട്ടറിയായിരുന്ന പി. ഒ. ഫിലിപ്പ് നൽകിയ ഉപദേശമാണ് അദ്ദേഹത്തിൽ കൂടുതൽ സ്വാധീനം ചെലുത്തിയത്: "ദൈവത്തെ ജനങ്ങൾക്ക് പരിചയപ്പെടുത്തിക്കൊടുക്കണം. താൻ ജനങ്ങളെ മാനസാന്തരപ്പെടുത്തുവാൻ തുടങ്ങിയാൽ ദൈവം തൊഴിൽരഹിതനായിത്തീരും" എന്ന പി. ഒ. ഫിലിപ്പിന്റെ ഉപദേശം തിരുമേനിയുടെ പ്രവർത്തനത്തിന്റെ ഉദ്ദേശശുദ്ധിയുടെയും ലക്ഷ്യപ്രാപ്തിയുടെയും അളവുകോലായിരുന്നു. അക്കാരണത്താലാണല്ലോ തിരുമേനി ആവർത്തിച്ചു പറഞ്ഞത് 'ക്രിസ്തീയവിശ്വാസം ലോകജീവിതത്തിൽ പങ്കാളിയാകുന്നതിൽകൂടി പ്രതിഫലിക്കേണ്ടതാണെന്ന്".

ജീവിതംകൊണ്ട് ലോകത്തോട് സാക്ഷിക്കണമെന്ന് ഉറച്ചുവിശ്വസിച്ച ഈ സന്യസ്ഥൻ ബാലിശമോ, വൈകാരികമോ ആയ യാതൊരു ആശയങ്ങളിലും കടിച്ചുതൂങ്ങിയിരുന്നില്ല. തുറന്ന മനസ്സോടെയും, യാഥാർത്ഥ്യബോധത്തോടെയും മറ്റുള്ളവർ പങ്കുവച്ചതോ, വിശ്വസിച്ചതോ ആയ ആശയങ്ങളെ സ്വീകരിച്ചു. എന്നാൽ തിരസ്കരിക്കേണ്ടതെന്ന് അദ്ദേഹം കരുതുകയോ വിശ്വസിക്കുകയോ ചെയ്തവയെ തള്ളിക്കളയുകയും അത് തുറന്നുപറയുവാനും മടികാണിച്ചില്ല. "ക്രിസ്ത്യൻ ലേബൽ എല്ലായിടത്തും കൊണ്ടുപോയി ഒട്ടിക്കുന്ന പ്രവണതയോടെ എനിക്ക് താല്പര്യമില്ല. ക്രിസ്ത്യൻ മൂല്യങ്ങൾ സാധാരണജീവിതത്തിൽ വരുന്നതിൽകൂടിയുള്ള ക്രൈസ്തവത്ക്കരണത്തിലാണ് എനിക്ക് താല്പര്യം. ബന്ധങ്ങൾ പ്രാധാന്യമർഹിക്കുന്നു. രക്ഷ എന്നത് ഈ ലോകത്തോട് ബന്ധമില്ലാത്തതാണെന്ന് ഒരു ചിന്തയുണ്ട്. മറ്റുള്ള ബന്ധങ്ങളിൽക്കൂടിയാണ് മനുഷ്യൻ മനുഷ്യനാകുന്നത്". അദ്ദേഹത്തിന്റെ ഈ പ്രസ്താവനയുടെ സാധൂകരണം തന്റെ തീർത്ഥയാത്രയിലുടനീളം പ്രതിസ്ഫുരിച്ചിരുന്നു. സമൂഹത്തിൽ തിരസ്ക്കരിക്കപ്പെടുന്നവരെയും, പ്രാധാന്യം നല്കാത്തവരെയും കണ്ടില്ലെന്ന് നടിച്ച് ഗൗനിക്കാതെ പോകുന്നുവരെയൊക്കെ മാർ ക്രിസോസ്റ്റത്തിന്റെ ഹൃദയവിശാലതയുടെയും നന്മയുടെയും ആശ്ലേഷപരിധിക്കുള്ളിലായിട്ടുള്ളത് സ്വാഭാവികമായിരുന്നു. പ്രവൃത്തി എന്നാൽ പ്രത്യക്ഷമാക്കപ്പെടുന്ന സ്നേഹമാണെന്നു ജീവിതംകൊണ്ടുള്ള സാക്ഷ്യമാണ് ക്രിസ്ത്യാനിക്കാവശ്യമെന്നും അദ്ദേഹം നിരന്തരം പ്രബോധിപ്പിച്ചപ്പോൾ അത് പ്രകടമാക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം വ്യക്തമാക്കിതന്നു.

കാട് നശിപ്പിക്കുവാൻ ആരെയും അനുവദിക്കരുതെന്നും, മരങ്ങൾ വെട്ടുന്നതിന് നിയന്ത്രണം ഉണ്ടാക്കണമെന്നും, പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ പ്രേക്ഷിത പ്രവർത്തനങ്ങളുടെ ഭാഗമാക്കി അത് മതങ്ങളുടെ വേലിക്കെട്ടുകളെ അതിജീവിക്കുന്ന ഒരു മാനുഷിക കാഴ്ചപ്പാടായി വളർത്തിയെടുക്കണം എന്നുമായിരുന്നു ഈ യതിവര്യന്റെ സ്വപ്നം. ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് മാനവരാശി എത്തിച്ചേരണമെങ്കിൽ പ്രകൃതി അസന്തുലിതമായിരിക്കാൻ പാടില്ല എന്ന് തിരുമേനി ഉറക്കെപ്പറഞ്ഞുകൊണ്ടിരുന്നു.


ആത്മാവിന്റെ ഋതുഭേദങ്ങളിലേക്ക് ജീവിതത്തെക്കുറിച്ചുള്ള അനുപമമായ ദർശനം സമ്മാനിച്ച ക്രിസോസ്റ്റം തിരുമേനിക്ക് അനേകരുടെ അകക്കണ്ണു തുറപ്പിക്കുന്നതിനു കഴിഞ്ഞു. നിർവ്വഹിച്ച ഓരോ പ്രഭാഷണവും, സംവാദവും, കുശലം പറച്ചിലുകളുമെല്ലാം ആത്യന്തികമായി ഓരോരുത്തരുടെയും മനസ്സുകളിൽ, ചിന്തയിൽ വെളിച്ചത്തിന്റെ നവചിരാതുകൾ സൃഷ്ടിക്കുന്നതിന് ഇടവരുത്തിക്കൊണ്ടിരുന്നു. ക്രൈസ്തവ ധാർമ്മികതയുടെ പരിണാമങ്ങൾ, വ്യാഖ്യാനങ്ങൾ, ഒക്കെ മനുഷ്യനിർമ്മിതമല്ലെന്നും അത് ക്രിസ്തു കേന്ദ്രീകൃതമാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിക്കുകയും, ആ ദർശനം തീർത്ഥയാത്രയിലെപ്പോഴും പങ്കുവയ്ക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഹൃദയ നൈർമ്മല്യം ഈ ലോകത്തെയും അതിന്റെ വഴികളെയും നന്മനിറഞ്ഞ മനസ്സോടെ സമീപിക്കുവാനുള്ള ഹൃദയവിശാലതയുള്ളതെന്ന് നമുക്ക് അടുത്തറിയുവാനിടയായ എത്രയോ അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. വിദ്വേഷത്തിന്റെ കാലുഷ്യമോ, ചവർപ്പോ, ഇടപെടലുകളിലും ബന്ധങ്ങളിലും മാലിന്യമേൽക്കാത്ത അദ്ദേഹത്തിന്റെ മനസ്സും സമീപനവും തെളിമയോടെ കാണുവാൻ നമുക്കെല്ലാം സാധിക്കുമായിരുന്നു. ഡോക്ടർ സുകുമാർ അഴീക്കോട് ഒരിക്കൽ പറഞ്ഞതുപോലെ, ക്രിസോസ്റ്റം തിരുമേനി വ്യക്തി മനസ്സിന്റെ ഇരുണ്ട അതിർവരമ്പുകളെ തല്ലിപ്പൊളിച്ച് ലോകത്തോടും ലോകനാഥനോടുമുള്ള അകലം കുറച്ചു.

സ്നേഹത്തിന്റെ സാന്ത്വനത്തിൽ ആശ്ലേഷണത്താൽ എല്ലാവരെയും സ്വീകരിച്ച് ആദരിച്ച് ക്രിസോസ്റ്റം തിരുമേനിയുടെ ഒരു നൂറ്റാണ്ടിനപ്പുറം കടന്ന ജീവിതയാത്ര അപൂർണ്ണതയിൽനിന്നും പൂർണ്ണതയിലേക്കുള്ള ക്രമാനുഗതമായ ഒരു തീർത്ഥാടനമായിരുന്നു. ആ യാത്രയുടെ ചാരുതയും, ചൈതന്യവും, സമർപ്പണവുമാണ് ക്രിസോസ്റ്റം തിരുമേനിയെ വിശ്വജനീനനായ ഒരു തീർത്ഥാടകനും, ഒപ്പമൊരു സൂര്യതേജസ്സുമായി കാണാൻ നമ്മെ പ്രാപ്തവും ദീപ്തവുമാക്കിയത്. സൂര്യതേജസ്സിൽ ചൊരിയുന്ന വെളിച്ചത്തിന്റെ മാഹാത്മ്യവും പ്രതിസ്മരണം ടാഗോർ ഗീതാഞ്ജലിയിൽ പാടിയതുപോലെ നാം ക്രിസോസ്റ്റം തിരുമേനിയിൽ കണ്ടു.

*(ലേഖകൻ,ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ ജനറൽ സെക്രട്ടറിയാണ്)*



# വിശ്വോത്തര ശ്രേഷ്ഠ മഹാപുരോഹിതൻ



**ജസ്റ്റിസ് കെ. ടി. തോമസ്**
സുപ്രിംകോടതി മുൻ ജഡ്ജി

ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ കബറടക്കം സംബന്ധിച്ച് വന്നുകൂടിയ വിപുലമായ അനുശോചനപ്രവാഹം അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഇക്കഴിഞ്ഞ ഏഴു പതിറ്റാണ്ടുകൾക്കിടയിൽ ഇത്രയും വിപുലമായ അനുശോചനങ്ങൾക്ക് ഇടവരുത്തിയ ഒരു കബറടക്കം എന്റെ ഓർമ്മയിൽ വേറെ ഉണ്ടായിട്ടില്ല. ഇന്ത്യയുടെ രാഷ്ട്രപതിമുതൽ ഓൺലൈനായും അല്ലാതെയും തിരുമേനിക്കു നല്കപ്പെട്ട ആദരാഞ്ജലികളുടെ പ്രളയം മറ്റൊരു മതപുരോഹിതനും നല്കപ്പെട്ടിട്ടില്ല.

എന്റെ ജീവിതത്തെ ഇത്രയും സ്വാധീനിച്ച മറ്റൊരു വ്യക്തിയില്ല. അതു സംബന്ധിച്ചിട്ടുള്ള അനുഭവങ്ങൾ മുഴുവൻ ഈ ലേഖനത്തിൽ ഉൾക്കൊള്ളിക്കാൻ സാധിക്കയില്ല. എങ്കിലും അവയിലൊന്ന് എടുത്തുകാണിക്കാൻ ആഗ്രഹിക്കുന്നു. തിരുമേനി NCCIയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ഏകദേശം അൻപതു വർഷങ്ങൾക്കു മുൻപാണ്. അന്ന് അദ്ദേഹം നടത്തിയ മറുപടി പ്രസംഗത്തിലെ ഒരുവരി എന്റെ ജീവിതത്തെ അത്യധികം സ്വാധീനിച്ചു. ഒരു പുരോഹിതനായതിനാൽ അഭിഷേകം ചെയ്യപ്പെട്ടപ്പോഴും, അഭിഭാഷകനായും ഡോക്ടറായും അധ്യാപകനായും മുനിസിപ്പൽ തൊഴിലാളിയായും ഓരോരുത്തർ നിയമിക്കപ്പെട്ടപ്പോഴും ദൈവം തന്റെ അഞ്ചു വിഭിന്ന മണ്ഡലങ്ങളിൽ അതിലേക്ക് നിയമിക്കപ്പെട്ടവരെ അഭിഷിക്തരാക്കുന്ന കർമ്മം നടത്തുകയായിരുന്നു എന്ന് അദ്ദേഹം പറഞ്ഞപ്പോൾ, നിയമജീവിതത്തിലേക്ക് എന്നെ ദൈവം അഭിഷേകം ചെയ്തത്, ദൈവത്തിന്റെ പ്രവർത്തികൾ ചെയ്യുവാനായിരുന്നു എന്ന അവബോധം എന്നിൽ ശക്തമായി ഉടലെടുത്തു.

ആചാര്യശ്രേഷ്ഠൻ എന്ന പുരസ്കാരം അദ്ദേഹത്തിനു നല്കപ്പെട്ടപ്പോഴും അദ്ദേഹം നടത്തിയ പ്രഭാഷണം നർമ്മരസങ്ങൾ ആവരണം ചെയ്യപ്പെട്ട വൈരങ്ങളായിരുന്നു. അദ്ദേഹം ദേവാലയങ്ങളിൽ നടത്തിയിട്ടുള്ള പ്രസംഗങ്ങൾ ഓരോന്നും വേറിട്ടവ ആയിരുന്നു. എങ്കിലും ഓരോന്നിലും വിലയേറിയ പ്രബോധനങ്ങൾ നിറഞ്ഞിരുന്നു.

അദ്ദേഹത്തിന്റെ കബറടക്കത്തിനു വന്നെത്തിയവരിൽ കണ്ണുനിറഞ്ഞു കണ്ടത് ഭൂരിപക്ഷവും അക്രൈസ്തവരുടേതായിരുന്നു. ഇത്രയും കൂടുതൽ അക്രൈസ്തവരെ സ്വാധീനിച്ചിട്ടുള്ള ഒരു ക്രൈസ്തവ മേലദ്ധ്യക്ഷൻ വേറെ ഉണ്ടായിട്ടില്ല. വിവിധ ജാതിമത രാഷ്ട്രീയ സമുദായങ്ങൾക്ക് അതീതമായി ജനങ്ങളാൽ ആദരിക്കപ്പെട്ട വ്യക്തികളിൽ മഹാത്മാഗാന്ധി കഴിഞ്ഞാൽ രണ്ടാംസ്ഥാനത്തിന് അർഹനാകുന്നത് ക്രിസോസ്റ്റം തിരുമേനിയായിരുന്നു.

ഞാൻ അദ്ദേഹത്തെ ആദ്യം കണ്ടത് ഫിലിപ്പ് ഉമ്മൻ അച്ചൻ എന്ന നിലയ്ക്കായിരുന്നു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ സാഹസികജീവിതം റെയിൽവേ പോർട്ടർ, കടലിൽ പോകുന്ന മുക്കുവൻ, അങ്കോലാ ആശ്രമത്തിലെ കറവക്കാരൻ, വിറകുവെട്ടുകാരൻ തുടങ്ങിയ മേഖലകളിലും അദ്ദേഹം വേല ചെയ്തിട്ടുണ്ട്. ഇതു ഞാൻ മനസ്സിലാക്കിയത് അദ്ദേഹത്തിന്റെ ആത്മകഥയിൽ നിന്നുമാണ്. ആ പശ്ചാത്തലം കൊണ്ടുകൂടിയായിരിക്കണം സമൂഹത്തിലെ പിൻതള്ളപ്പെട്ടവർക്കുവേണ്ടി അദ്ദേഹം പ്രവർത്തന നിരതനായി തീർന്നത്.

ക്രിസോസ്റ്റം തിരുമേനി എവിടെയൊക്കെ താമസിച്ചിട്ടുണ്ടോ അവിടെയെല്ലാം അദ്ദേഹം പരിപാലിച്ചു പോന്ന ആട്, പശു, കോഴി, താറാവ്, ഖൾഗം, മയിൽ എന്നിവയെല്ലാം അദ്ദേഹത്തിന്റെ ശബ്ദം കേൾക്കുമ്പോൾ അടുത്തേക്ക് വരുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. പുല്ലും ചെടികളും മൃഗങ്ങളും പക്ഷികളും മനുഷ്യരോടൊപ്പം ദൈവസൃഷ്ടികളായി കണ്ടിരുന്ന അദ്ദേഹം അപൂർവ്വ വ്യക്തിത്വമായിരുന്നു. ഒരു നൂറ്റാണ്ടു ജീവിച്ചു പൂർത്തീകരിക്കാൻ സാധിച്ച ആ വിശിഷ്ട വ്യക്തിക്ക് സമാന്തരമായി മറ്റൊരു വ്യക്തിത്വം ഇനി ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല.

രാഷ്ട്രപതിയിൽ നിന്നും പത്മഭൂഷൺ ബഹുമതിക്ക് വലിയ തിരുമേനി അർഹനായപ്പോൾ മറ്റൊരു പ്രവർത്തന മണ്ഡലത്തിൽ കൂടിയാണെങ്കിലും അതേ ബഹുമതി എനിക്കും ലഭിച്ചത് ഒരു ദൈവനിയോഗമായി ഞാൻ കരുതുന്നു.

അദ്ദേഹത്തിന് ജന്മം കൊടുത്ത് വളർത്തി വിശ്വോത്തര ശ്രേഷ്ഠ പുരോഹിതനാക്കിയ സമുദായത്തിൽതന്നെ ജീവിക്കുവാൻ എനിക്കും സാധിച്ച മഹാഭാഗ്യത്തിന് ആയിരമായിരം സ്തുതികൾ ദൈവത്തിനു നേർന്നുകൊണ്ട് ഞാൻ ഈ ചെറുലേഖനം അവസാനിപ്പിക്കുന്നു.



*ലേഖകനും, തിരുമേനിയും, ചെറുകര സണ്ണി ലൂക്കോസും*



# ചിരിയുടെ വലിയ മെത്രാപ്പോലീത്ത



ഫാ. ഡോ. പോൾ തേലക്കാട്ട്
സത്യദീപം വാരികയുടെ എഡിറ്റർ

വലിയ മെത്രാപ്പോലീത്ത എന്നും വലിയ തിരുമേനി എന്നും കേരളത്തിലും പുറത്തും അറിയപ്പെട്ടിരുന്ന ക്രിസോസ്റ്റം മെത്രാപ്പോലീത്തയുടെ 103 വർഷത്തെ ജീവിതപുസ്തകം അടഞ്ഞു. 1917-ൽ ജനിച്ച 64 വർഷങ്ങൾ മേൽപ്പട്ട സ്ഥാനത്തുണ്ടായിരുന്ന അദ്ദേഹത്തിന്റെ ജീവിത ഗ്രന്ഥം പ്രൗഢവും പ്രസന്നവും ചിരിയുടെ സുഗന്ധപൂർണ്ണവുമായി വേദപുസ്തകസമാനമായി. മനുഷ്യൻ സ്വന്തം ജീവിതം എഴുതി ഉണ്ടാക്കുകയാണ്. നോവാലിസ് എന്ന ജർമ്മൻ മിസ്റ്റിക്ക് എഴുതിയതുപോലെ "എഴുത്തിന്റെ അത്യുന്നതമായ പുസ്തകമാണ് ബൈബിൾ." ആത്മാവ് വിശുദ്ധമായതു നല്കുമ്പോൾ ഏതു നിർവ്യാജഗ്രന്ഥവും ബൈബിളാകണമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ബൈബിൾ 103 വർഷങ്ങൾ വായിച്ചും പഠിച്ചും 64 വർഷങ്ങളിൽ മേൽപ്പട്ട സ്ഥാനത്തിൽ ജനങ്ങളെ പഠിപ്പിച്ചും അദ്ദേഹം സ്വന്തം ജീവിതത്തെ ബൈബിൾ സമാനമായ ജീവിതഗ്രന്ഥമായി രചിക്കുകയായിരുന്നു. അടഞ്ഞ ഈ പുസ്തകം ഓസ്യത്തായി നമുക്കു തന്നു കൊണ്ടാണ് അദ്ദേഹം പോകുന്നത്. എഡ്മണ്ട് ജോബ്സ് എന്ന യഹൂദ കവി എഴുതി "ഉപേക്ഷിച്ചുപോന്ന സ്ഥലങ്ങളിൽ ഞാൻ പറയപ്പെടുന്നത് എനിക്കു ഇഷ്ടമല്ല. നീ ഉപേക്ഷിച്ചു പോയതു നീയല്ലാത്ത നീയാണ്. എന്തായാലും ഞാൻ വീട്ടിൽ വസിക്കുന്നു. നിങ്ങൾ പുസ്തകം വായിക്കുക, ഓരോ പേജും അഗാധമാണ്. അവിടെ പേര് കൊണ്ട് ആ ചിറക് വിളങ്ങുന്നു."

മെത്രാപ്പോലീത്തയുമായി വർഷങ്ങളുടെ പരിചയമുണ്ടായിരുന്നു. അദ്ദേഹം രക്ഷാകർത്താവായി ഞാൻ പ്രസിഡന്റുമായ ക്രൈസ്തവ എഡിറ്റർമാരുടെ സമിതി. തിരുമേനിയുടെ വസതിയിൽ പല തവണകളിൽ സമ്മേളിച്ചിട്ടുണ്ട്. പല തവണകളിൽ തിരുമേനിയുമായി അഭിമുഖ സംഭാഷണം നടത്തിയിട്ടുണ്ട്. ഈ സന്ദർഭങ്ങളിലൊക്കെ അദ്ദേഹത്തിൽ വളരെ ശോഭിച്ചു കണ്ടതു വിചിത്രവും വിസ്മയകരവും മധുരോദാരവുമായ ഹാസ്യം നിറഞ്ഞ ഭാഷയും ശരീരവും മനസ്സുമായിരുന്നു. അതിസൂക്ഷ്മമായ നിരീക്ഷണത്തിന്റെയും മർമ്മമറിയുന്ന ഭാഷാ പ്രാവീണ്യത്തിന്റെയും അതിലുപരി യുവത്വമാർന്ന ആത്മീയ ചിന്തയുടേയും മാജിക്ക് ഒന്നിപ്പിക്കുന്നതായിരുന്നു പ്രഭാഷണങ്ങൾ.

ഉംബേർത്തോ എക്കോയുടെ "റോസാപ്പൂവിന്റെ പേര്" എന്ന നോവൽ ഒരു 13-ാം നൂറ്റാണ്ടിലെ സന്യാസാശ്രമത്തിന്റെ കഥയാണ്. ആ കൊവേന്തയിൽ സന്യാസികൾ രണ്ടു ഗണമായി നടത്തിയ ഭീകരമായ രണ്ടു ദൈവശാസ്ത്ര ചോദ്യങ്ങളുടെ ഏറ്റുമുട്ടലുകളുടെ കഥ. യേശുക്രിസ്തുവിനു പണസഞ്ചിയുണ്ടായിരുന്നു എന്നും യേശു ചിരിച്ചില്ല എന്നും വാദിക്കുന്നവരുടെ മുതിർന്നവരുടെ ഭൂരിപക്ഷത്തിന്റെ നിർവികാരവും വിരസവും അധികാരപരവുമായ നിലപാടിലാണ് കൊവേന്തയ്ക്കു അവരുടെ നേതാവ് തീയിട്ടു കത്തിക്കുന്നത്. യേശുക്രിസ്തു ചിരിച്ചു എന്ന ലൂസിഫറിന്റെ നിലപാടിനെ ഇല്ലായ്മ ചെയ്യുന്നതു ആത്മീയഗുരുവും പുസ്തകശാലയുടെ അധിപനുമാണ്. ഈ പ്രശ്നത്തിൽ ക്രിസ്തു ചിരിച്ചില്ല എന്നതിന്റെ ഏറ്റവും ആധികാരിക സാക്ഷിയാകുന്നതു വി. ക്രിസോസ്റ്റം (+407) തന്നെയാണ്.

നോവലിലെ ചിരി വിരുദ്ധനായ ജോർജ് പറയുന്നു 'വേദപുസ്തകത്തിന്റെ ഓരങ്ങളെക്കുറിച്ചാണ് ഇന്നു നാം ചർച്ച ചെയ്യുന്നത്. ജോൺ ക്രിസോസ്റ്റം പറഞ്ഞു. ക്രിസ്തു ഒരിക്കലും ചിരിച്ചിട്ടില്ല.' പക്ഷെ നോവലിലെ കുറ്റാന്വേഷകനായ വില്യം പറഞ്ഞു "മനുഷ്യ സ്വഭാവത്തിലുള്ള ഒന്നും നിഷിദ്ധമല്ല. ദൈവശാസ്ത്രജ്ഞന്മാർ പറയുന്നതു പോലെ ചിരി മനുഷ്യന് യുക്തമാണ്."

പക്ഷെ, ജോർജ് തരിച്ചടിച്ചു "ദൈവപുത്രൻ ചുമച്ചിട്ടുണ്ടാകാം, ചുമച്ചു എന്ന് ബൈബിളിൽ എഴുതിയിട്ടില്ല." സാമുവൽ ബെക്കറ്റ് തന്റെ മോളൊയി (Molloy) എന്ന കൃതിയിൽ പറയുന്നു. "മൃഗങ്ങൾ ഒരിക്കലും ചിരിക്കില്ല, അയാൾ പറഞ്ഞു. അതു തമാശയായി തോ ന്നുന്നല്ലോ, ഞാൻ പറഞ്ഞു. എന്ത്, അയാൾ ചോദിച്ചു. ഇതു തമാശയായി തോന്നുന്നല്ലോ എന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞു. അയാൾ നിശബ്ദനായി, ക്രിസ്തു ഒരിക്കലും ചിരിച്ചിട്ടില്ല, അയാൾ പറഞ്ഞു. നിങ്ങൾക്ക് അത്ഭുതം തോന്നുന്നുവോ, ഞാൻ പറഞ്ഞു. അതാണ് കാര്യം, അയാൾ പറഞ്ഞു. അയാൾ ശോകത്തോടെ മന്ദഹസിച്ചു."

ക്രിസോസ്റ്റം തിരുമേനി തന്റെ പേരുകാരനായ വിശുദ്ധനെ നിരാകരിച്ചുകൊണ്ട് വിശുദ്ധിയിൽ ചിരിയും ചേരണം എന്നു ചിന്തിച്ച വ്യക്തിയാണ്. അദ്ദേഹത്തിന്റെ ജീവിതമെഴുത്തിൽ നിന്നു ചിരി ഒഴിവാക്കാനാവില്ല. അതു ചിരിക്കുന്ന ക്രിസ്തുവിന്റെ ഈ കാലഘട്ടത്തിന്റെ ഒരു പതിപ്പാണ്. അതിന് പാരമ്പര്യമുണ്ട്, അതു പുതിയ ഏർപ്പാടല്ല. മദ്ധ്യശതകത്തിലെ യൂറോപ്യൻ ക്രൈസ്തവ സമൂഹങ്ങൾ ഉണ്ടാക്കിയ ചിരിയുടെ ആഘോഷത്തിന്റെ കാർണിവൽ ക്രിസ്തുവിന്റെ മാംസം ധരിക്കലിന്റെയും പീഡിതമരണത്തിന്റെയും സാധാരണക്കാരുടെ വിശ്വാസത്തിന്റെ പള്ളിക്കു പുറത്തുള്ള രണ്ടാം ഊഴത്തിന്റെ ആഘോഷമായിരുന്നു. അത് എല്ലാ ഉന്നതരേയും ആഘോഷത്തിന്റെയും പരിഹാസത്തിന്റെയും മണ്ഡലത്തിലേക്കു പിടിച്ചിറക്കി കളിയാക്കി ചിരിക്കുന്ന ഉത്സവത്തിന്റെ പിതാമഹനായിരുന്ന ഫ്രാൻസ്വ റാബ്ലേ, അദ്ദേഹത്തിന്റെ കേരളത്തിന്റെ പതിപ്പാണ് കുഞ്ചൻ നമ്പ്യാർ.

ടോണി ഡിമെല്ലോ വിശുദ്ധ ജീവിതത്തിന്റെ പടവുകളെക്കുറിച്ച് ഒരു ആത്മീയ കഥ പറഞ്ഞിട്ടുണ്ട്. ഗുരു തന്റെ ആത്മീയതയുടെ പടവുകൾ ശിഷ്യർക്കു പറഞ്ഞു കൊടുക്കുകയാണ്. ആദ്യ പടവുകൾ പറഞ്ഞു തീർന്നപ്പോൾ ഒരു ശിഷ്യൻ അവസാന പടിയെക്കുറിച്ച് അറിയാൻ ആവേശമായി. നിശബ്ദതയുടെ നാട്ടിലെത്തിയ ഗുരുവിനോട് ചോദിച്ചു "ഇതാണോ അവസാന പടി?" "അല്ല, ഗുരു പറഞ്ഞു." ഒരു ദിവസം ദൈവം പറഞ്ഞു: ഇന്നു നിന്നെ ഞാൻ ദൈവ


ത്തിന്റെ ആലയത്തിന്റെ ഏറ്റവും വിശുദ്ധമായ സ്ഥല ത്തേക്ക് കൊണ്ടുപോകുകയാണ് – ദൈവത്തിന്റെ ഹൃദയ ത്തിലേക്ക്. അങ്ങനെ ഞാൻ ചിരിയുടെ മണ്ഡലത്തി ലേക്കു ആനയിക്കപ്പെട്ടു." ദൈവത്തിന്റെ വിശുദ്ധിയുടെ വിശുദ്ധ സ്ഥലത്തു പ്രാർത്ഥനയും വിശ്വാസവും മാത്രം പോരാ, ചിരിയും വേണം. അതാണ് ക്രിസോസ്റ്റം തിരുമേ നിയുടെ ദൈവശാസ്ത്രം. അദ്ദേഹം തന്നെ പറഞ്ഞ ഒരു കഥ ഉദ്ധരിക്കട്ടെ. ഈ കഥ പള്ളിയുടെ അതിവിശുദ്ധ വേദി യെക്കുറിച്ചുള്ള കഥയുമാണ്. ഒരു പള്ളിയുടെ കമ്മറ്റിയിൽ ഒരു നിർദ്ദേശം വന്നു. കമ്മറ്റിക്കാർ വൈദികർക്കു വേണ്ടി സൗകര്യമായി ഒരു കക്കൂസ് പണിയണം എന്ന നിർദ്ദേശം പരിഗണിച്ചു. ആ സൗകര്യം അവർക്ക് ചെയ്തു കൊടുക്കേ ണ്ടത് അവരുടെ പ്രാഥമിക ആവശ്യമാണല്ലോ. ഇങ്ങനെ ഒരു ആവശ്യം നടത്തിക്കൊടുക്കാൻ കമ്മറ്റിക്കാർക്ക് വിയോ ജിപ്പില്ല. പക്ഷെ, അതു എവിടെ പണിയും എന്നതിൽ തർക്ക മായി. വിശുദ്ധിയുടെ വിശുദ്ധ സ്ഥലത്തോ അതിനടുത്തോ ഇതു പണിയാൻ പാടില്ല, അതു വലിയ അനാദരവാകും എന്നൊരു കൂട്ടർ ശഠിച്ചു. ദേവാലയ വിശുദ്ധി കക്കൂസ് തകർക്കും എന്നതായിരുന്നു പ്രശ്നം. പ്രശ്നം സഭാദ്ധ്യ ക്ഷന്റെ മുൻപിലെത്തി.

രണ്ടു കൂട്ടരേയും കേട്ട് തിരുമേനി പറഞ്ഞു. "നിങ്ങ ളുടെ ദൈവാലയ പരിശുദ്ധി പരിരക്ഷിക്കാനുള്ള താത്പര്യം വളരെ നല്ലതാണ്. പക്ഷെ, ഈ പട്ടക്കാർ പള്ളിയുടെ അതി വിശുദ്ധമായ വേദിയിൽ നില്ക്കുമ്പോൾ അവരുടെ മലമൂ ത്രാദികൾ അവരിൽത്തന്നെയുണ്ടല്ലോ. അതു ദേവാല യത്തെ അശുദ്ധമാക്കില്ലേ!"

എല്ലാവരും ചിരിച്ചു, ആ ചിരിയിൽ പ്രശ്നവും ആവി യായിപ്പോയി. ഇതു പറയാനും വിശ്വസിക്കാനും കഴിയുന്ന മനസ്സ് ഒരു കാർണിവൽ മനസ്സാണ്. അതു ശരീരത്തേയും മാംസത്തേയും ദൈവം സ്വീകരിച്ച് വചനം മാംസം ധരിച്ച് മഹത്വപ്പെടുത്തിയതിന്റെ ആഘോഷമാണ്. ഈ വിധം മാംസം ധരിച്ച യേശുവിന്റെ ശരീരമാണ് ഏറ്റവും പരിഹാസ രൂപവുമായത്. ഈ ക്രൂശിതരൂപം യഹൂദരുടെ സംഘടിത മായ കൊലപാതകത്തെയും റോമാ സാമ്രാജ്യത്തിന്റെ കിരാതമായ ക്രൂരതയേയും പരിഹസിച്ചു നിൽക്കുന്ന ഭീക രരൂപമായി മാറി.

വർഷങ്ങൾക്കു മുമ്പ് ഫിലോസൊഫി ക്ലാസ്സിൽ അദ്ധ്യാപകൻ ഉന്നയിച്ച ചോദ്യമോർക്കുന്നു. ഹേഗലാണ് തത്ത്വചിന്തയെ ലോജിക്ക് അഥവാ തർക്കമാക്കി മാറ്റിയത്. ഹേഗലിനെ എങ്ങനെ തോല്പിക്കും? അഥവാ തർക്കത്തി നെതിരെ തർക്കിക്കുന്നത് എങ്ങനെ? അനുകൂലമായി പറ ഞ്ഞാലും പ്രതികൂലമായി പറഞ്ഞാലും നിങ്ങൾ തർക്കത്തി ലാണ്; തർക്കത്തെ തോല്പിക്കാനാവില്ല. ചോദ്യത്തിന് ഉത്തരം നമുക്ക് അറിയാവുന്നതാണ്. തർക്കത്തെ തോല്പി ക്കാൻ തർക്കത്തിനാകില്ല. അതു കഴിയുന്ന ആളാണ് കുഞ്ചൻ നമ്പ്യാർ. പരിഹാസ്യത്തിന്റെ കോമാളിക്ക് മാത്രമേ തർക്കത്തെ ചിരിയുടെ അമിട്ടുകൾ പൊട്ടിച്ച് തോല്പിക്കാനാവൂ.

അധികാരത്തിന്റെ യുക്തിയുടെ അക്രമത്തെ ചെറു ക്കുന്നതു ചിരിയുടെ മിമിക്രിയിലും കാർട്ടൂണിലും സറ്റയ റിന്റെ വിരുദ്ധോക്തിയുടെ പരിഹാസത്തിലുമാണ്. ഒരു ദൈവശാസ്ത്രജ്ഞൻ എഴുതി "ചിരി ഒരു വിറയലാണ്, ദൈവത്തിന്റെ ചിരിയുടെ ശിശുസഹജമായ ഒരു വിറയൽ. അത്യന്തികമായി ദൈവം ചിരിച്ചതുകൊണ്ട് നാം ചിരി ക്കുന്നു." ചിരിക്കുക മാത്രമല്ല, ആടുന്നു, പാടുന്നു, കഥ പറയുന്നു, പരിഹസിക്കുന്നു – വിഡ്ഢികളുടെ പെരുന്നാൾ ആഘോഷിക്കുന്ന പള്ളിയുടെ ഗൗരവം ശ്വാസംമുട്ടി ക്കുകയും മൗലികവാദമാക്കുകയും ചെയ്യുമ്പോൾ ചിരിയുടെ വരവാണ് നമ്മെ രക്ഷിക്കുന്നത്. അടിച്ചമർത്തുന്ന അധി കാരത്തിനെതിരായ കാർണിവൽ ആഘോഷത്തിന്റെ വെടി ക്കെട്ടും ചിരിയുടെ പൂരവും അധികാരത്തെ എടുത്തു അമ്മാ നമാടും.



ചിരി മുടക്കപ്പെട്ട സാമ്രാജ്യങ്ങൾ ഉണ്ടാക്കപ്പെടും. ആ സാമ്രാജ്യങ്ങൾ ചിരിയുടെ അന്തമില്ലാത്ത ആവർത്തന ത്തിൽ തകർന്നടിയും. ജോർജ് ഓർവലിന്റെ വിരുദ്ധോക്തി യുടെ കൃതികളാണ് തൊഴിലാളി വർഗ്ഗത്തിന്റെ *ആനിമൽ ഫാം* തകർത്തത് എന്നു മറക്കാനാവില്ല. ചിരിയുടെ വിശുദ്ധ വായു ജീവിതത്തിന്റെ ഏതു മണ്ഡലത്തിലേക്കും കൊണ്ടുവ രാൻ കഴിയും. ഓർവൽ ഒരിക്കൽ പറഞ്ഞു "ഏതു കോടീശ്വരനും കുറ്റബോധമുള്ളവനാണ്, മോഷ്ടിച്ച ആട്ടിറച്ചി കഴിക്കുന്ന പട്ടിയെപ്പോലെ." ഏതു ചെവിയില്ലാതെ തിന്നുന്ന പട്ടിക്കും ചെവിയുണ്ടാക്കാൻ പരിഹാസത്തിന്റെ കൂട്ടച്ചിരിക്കു കഴിയും.

ഇത്തരം സംഭാഷണങ്ങൾ ക്രിസോസ്റ്റം മെത്രാപ്പോ ലീത്തായിൽ നിന്നു നാം ആവർത്തിച്ചു കേട്ടിട്ടുണ്ട്. സ്റ്റേജിൽ പ്രസംഗിച്ചപ്പോൾ അതേ വേദിയിൽ ഇരുന്ന മെത്രാപ്പോലീ ത്തയെക്കുറിച്ചു പറഞ്ഞു, "ഈ തിരുമേനി എന്നെ ക്ഷണി ക്കുക മാത്രമല്ല, ഞാൻ എന്തു പറയണമെന്നും എന്നോടു പറഞ്ഞു തന്നു." ഈ ശബ്ദം നിലച്ചു. അതുണ്ടാക്കുന്നതു കേരളത്തിലെ ക്രൈസ്തവികതയിൽ ഒരു അസാന്നിദ്ധ്യ മാണ്. ഔദ്യോഗികതയുടെമേൽ ചൊരിയുന്ന വിരുദ്ധോ ക്തിയുടെ ചിരി ആരെയും കൊച്ചാക്കുന്നതല്ലായിരുന്നു, എല്ലാവരേയും തലോടുന്നതും ചിന്തിപ്പിക്കുന്നതും മാത്രമല്ല സഭാ പാരമ്പര്യത്തിലെ വിശുദ്ധനായ "വിഡ്ഢി"യുടെ വിവേകത്തിന്റെയുമായിരുന്നു.

മനുഷ്യൻ ചിരിക്കുമ്പോഴും കരയുമ്പോഴുമാണ് കണ്ണിൽ കണ്ണീർ വരുന്നത്. കണ്ണ് കണ്ണീരിൽ നനയുമ്പോ ഴാണ് മനുഷ്യൻ സത്യം കാണുന്നത് എന്നു പറഞ്ഞതു ദരീ ദയാണ്. സാധാരണ മനുഷ്യന്റെ കണ്ണീർ ഏതോ അസാന്നി ദ്ധ്യത്തിന്റെ വേദനയിൽ നിന്നോ ചിരിയിൽ നിന്നോ ആകാം. തിരുമേനിയുടെ ചിരി ചിന്തിപ്പിക്കുന്നു – അതു നവീകരിക്കു കയും സത്യനിഷ്ഠമായി ശുദ്ധീകരിക്കുകയും ചെയ്യുന്നു.

യേശു ചിരിച്ചോ എന്ന ചോദ്യത്തിൽ തന്റെ പേരുകാരനെ ധിക്കരിച്ചവനായിരുന്ന ക്രിസോസ്റ്റം തിരു മേനിയെങ്കിലും രണ്ടു പേരും ഒരുപോലെ സ്വർണ്ണനാ വുള്ളവരായിരുന്നു. അഗ്നിശുദ്ധി വരുത്തിയ ഭാഷകൊണ്ട് കേൾവിക്കാരെക്കൊണ്ട് അമ്മാനം ആടാനും ഭാഷണവിരു ന്നിൽ രസിപ്പിച്ചും ചിന്തിപ്പിച്ചും തിരുത്തിയും സ്ഫുടപാകം ചെയ്യാൻ കഴിഞ്ഞവരായിരുന്നു. ഈ സ്വർണ്ണനാവിന്റെ പാത യുടെ വിശുദ്ധ ഗ്രന്ഥമായി ആ ജീവിതം നമ്മുടെ പാരമ്പ ര്യത്തിലേക്കു ചേർക്കപ്പെടുന്നു.

മഹാനായ ചിന്തകനായ ദരീദ അതുപോലെ വിശു ദ്ധമായ ചിന്തകളുടെ സ്രോതസ്സായിരുന്ന ലെവീനാസിന്റെ മൃതസംസ്കാര ചടങ്ങിൽ നടത്തിയ ചരമപ്രസംഗത്തിന്റെ പേര് – Adieu Levinas എന്നതായിരുന്നു. Adieu എന്ന ഫ്രഞ്ച് വാക്കിനു 'വിട' എന്നും "ദൈവത്തിനർപ്പിക്കുന്നു' എന്നും അർത്ഥമുണ്ട്. നമ്മുടെ പൊതുജീവിതത്തെയും സ്വകാര്യജീവിതത്തേയും ധന്യമാക്കിയ ക്രിസോസ്റ്റം തിരു മേനിക്കു വിടപറയുമ്പോൾ അദ്ദേഹം സ്വന്തം മരണം ദൈവ ത്തിനർപ്പിച്ച നല്ല ക്രിസ്ത്യാനിയുടെ നല്ല മാതൃകയായി രുന്നു എന്ന് അഭിമാനത്തോടെ പറയാൻ കഴിയുന്നു എന്ന ചാരിതാർത്ഥ്യമുണ്ട്.





# ധർമ്മനർമ്മങ്ങളുടെ മർമ്മമറിഞ്ഞ മനുഷ്യൻ



ഫാ. ഡോ. കെ. എം. ജോർജ്

ധർമ്മിഷ്ടൻ എന്നു പേരുള്ള ഒരു ബാലൻ നർമ്മിഷ്ടനായ ആത്മീയാചാര്യനായി 103 വയസ്സു വരെ ജീവിച്ചു എന്നത് തീർച്ചയായും സമാനതകളില്ലാത്ത സംഭവമാണ്. എന്നാൽ പരസ്പരം ചേരുകയില്ല എന്നു പലരും കരുതുന്ന ധർമ്മത്തെയും നർമ്മത്തെയും അതീവ ചാരുതയോടെ സമന്വയിപ്പിച്ച് മനുഷ്യഹൃദയങ്ങളെ രൂപാന്തരപ്പെടുത്തിയ ക്രിസോസ്റ്റം തിരുമേനി നമ്മെ നിരന്തരം അദ്ഭുതാധീനരാക്കുന്നു.

ഒരു ക്രിസ്തീയാചാര്യനായ അദ്ദേഹത്തിന് പ്രഥമമായി ക്രിസ്തുധർമ്മം തന്നെയാണ് അടിസ്ഥാനമായത്. വിപുലമായ അർത്ഥത്തിൽ അത് മനുഷ്യധർമ്മവുമായി അദ്ദേഹം കണ്ടു. മതമെന്നും, ജീവിതദൗത്യമെന്നും, കടമയെന്നും, നിയമമെന്നും, ആധാരമെന്നും, മോക്ഷമാർഗ്ഗമെന്നുമൊക്കെ അർത്ഥം കൊടുക്കാവുന്ന ധർമ്മശബ്ദത്തെ അദ്ദേഹം വ്യാഖ്യാനിച്ചത് പ്രധാനമായും മനുഷ്യബന്ധങ്ങളിലാണ്. ദൈവത്തെക്കുറിച്ച് താരതമ്യേന കുറച്ചു മാത്രമേ അദ്ദേഹം പറഞ്ഞുള്ളു. 'ദൈവശാസ്ത്രം' അധികമൊന്നും എഴുതിയുമില്ല.

"ദൈവം (ക്രിസ്തുവിൽ) മനുഷ്യനായത് മനുഷ്യനെ ദൈവമാക്കാനാണ്" എന്ന് നാലാം നൂറ്റാണ്ടിൽ ഈജിപ്തിൽ അലക്സാന്ത്രിയയിലെ വി. അത്താനാസ്യോസ് പ്രസ്താവിച്ചു. എന്നാൽ ദൈവമാകുന്നതിനു മുമ്പ് മനുഷ്യർ മനുഷ്യനാകുന്ന പ്രക്രിയ കൂടി വേണമല്ലോ. കാരണം മനുഷ്യകുലത്തിൽ ജനിച്ചെങ്കിലും, മനുഷ്യത്വത്തിന്റെ അന്തസ്സോ നീതിയോ സ്വാതന്ത്ര്യമോ അവകാശമോ ഒരിക്കലും ലഭിക്കാത്ത കോടിക്കണക്കിനു മനുഷ്യരുണ്ട്. അവർക്കൊക്കെ മനുഷ്യത്വത്തിന്റെ പ്രാഥമികാംഗത്വമെങ്കിലും നൽകാനാവണം എല്ലാ മതങ്ങളും ശ്രമിക്കേണ്ടത്. അതാണ് ശരിയായ ധർമ്മം എന്ന് കരുതിയ ഒരാളായിരുന്നു ക്രിസോസ്റ്റം തിരുമേനി. ധർമ്മത്തിന്റെയും നർമ്മത്തിന്റെയും മർമ്മം അറിഞ്ഞതുകൊണ്ടാണ് നമുക്കെല്ലാം പ്രയോജനകരവും ആഹ്ലാദകരവുമായ വിധത്തിൽ അവയെ അദ്ദേഹം കൂട്ടിയിണക്കിയത് (ഒരിക്കൽ അദ്ദേഹത്തെക്കുറിച്ച് എഴുതിക്കൊണ്ടിരുന്ന ഒരു ലേഖനത്തിൽ 'ധർമ്മനർമ്മ മർമ്മജ്ഞൻ' എന്നൊരു വിശേഷണം ചേർത്തെങ്കിലും, അദ്ദേഹമെങ്ങാനും അത്തരം വാഗ്ജാഡ കാണാൻ ഇടയായാൽ പിന്നെയുണ്ടാകാൻ പോകുന്ന പുകിലോർത്ത് ഞാനത് വെട്ടിക്കളഞ്ഞു).

അപൂർവ്വമായ ഉൾക്കാഴ്ചകൾ നൽകുന്ന സമുന്നത "ദൈവശാസ്ത്രജ്ഞൻ" (theologian) ആയിരുന്നു ക്രിസോസ്റ്റം തിരുമേനി. എന്നാൽ അദ്ദേഹത്തിന് 'തിയോളജി, തിയളോജിയൻ' എന്നീ വാക്കുകളൊന്നും ഒട്ടും മനസ്സിൽ പിടിക്കയില്ലെന്ന് എനിക്ക് എപ്പോഴും തോന്നിയിട്ടുണ്ട്. എങ്കിലും അത് പഠിക്കുന്നവരോടും പഠിപ്പിക്കുന്നവരോടും വ്യക്തിപരമായി സ്നേഹവാത്സല്യങ്ങൾ ഒട്ടും കുറച്ചുമില്ല.

കാൽ നൂറ്റാണ്ടിനപ്പുറത്തുണ്ടായ ഒരനുഭവം പറയട്ടെ:

– "അച്ചനെന്ത് വിഷയമാ സെമിനാരിയിൽ പഠിപ്പിക്കുന്നത്?"

– "തിയോളജിയാണ് തിരുമേനി."

– "ഓ, തിയോളജി ആണല്ലേ? എന്നു വച്ചാൽ ദൈവശാസ്ത്രം. അതികഠിനമായ വിഷയമാണല്ലോ." എന്നിട്ട് ചുറ്റും നിന്നവരോട് പറഞ്ഞു: "അറിയാമോ ഈ അച്ചൻ തിയോളജി പഠിപ്പിക്കുന്ന ആളാണ്." തിരുമേനിയുടെ വാക്കും മുഖഭാവവും കണ്ട് അവരും ആദരവോടെ മുൻപരിചയമില്ലാത്ത അച്ചനെ നോക്കി. അച്ചന് അരയടി പൊക്കം കൂടിയതായി തോന്നി. ഏതാനും ആഴ്ചകൾക്കുള്ളിൽ കോട്ടയത്ത് ഒരു വലിയ സമ്മേളനത്തിൽ തിരുമേനി പ്രസംഗിക്കാൻ വന്നു. ആരാധകനായ അച്ചനുമുണ്ട് സദസ്സിൽ. ഇടയ്ക്ക് എപ്പോഴോ അച്ചന്റെ മുഖം തിരുമേനി കണ്ടു. 'ഇതാ, ഈ ഇരിക്കുന്ന അച്ചനെ നോക്കിക്കേ. കണ്ടാൽ പത്താം ക്ലാസ്സ് പാസ്സായെന്ന് തോന്നുകയില്ല. പക്ഷേ അച്ചൻ പഠിപ്പിക്കുന്നത് ദൈവശാസ്ത്രമാണ്. ദൈവത്തിന് ദൈവത്തെക്കുറിച്ച് എന്തെങ്കിലും അറിയണമെന്നുണ്ടെങ്കിൽ, സംശയം ചോദിക്കുന്നത് ഈ അച്ചനോടാണ്.'

ജനം ആർത്തു ചിരിച്ചു. അച്ചൻ താരമായി. താരപതനം ആരും അറിഞ്ഞുമില്ല.

ഏതായാലും അതോടെ, ആ അച്ചൻ ദൈവശാസ്ത്രം എന്ന പ്രയോഗം നിവർത്തിയുള്ളിടത്തെല്ലാം ഉപേക്ഷിച്ചു. പകരം വേദശാസ്ത്രം എന്നു പറഞ്ഞു തുടങ്ങി. വേദം എഴുതപ്പെട്ടതാണ്. ആർക്കും വായിക്കാം, പഠിക്കാം. വേണമെങ്കിൽ ഉപജീവനത്തിനുവേണ്ടി വ്യാഖ്യാനിച്ച് പൊലിപ്പിക്കുകയും ചെയ്യാം. ലോകത്തിൽ ഏതു വിഷയവുമായും അതിനെ ബന്ധിപ്പിക്കാം. എന്നാൽ ദൈവശാസ്ത്രം അങ്ങനെയല്ലല്ലോ. തിയോളജി ഒരു ശാസ്ത്രമല്ല, അനുഭവനിഷ്ഠമായ മൗനം ആണെന്ന് ജ്ഞാനികളായ പൂർവ്വികർ പഠിപ്പിച്ചിട്ടുമുണ്ട്. ഇന്ത്യയിൽ തത്തുല്യമായി ഉപയോഗിക്കാവുന്ന പദം ബ്രഹ്മവിദ്യ ആണെന്ന് തോന്നുന്നു. ഉപനിഷത് പാരമ്പര്യത്തിലെ മുനികളും വാഗതീതമായ, അനുഭവാധിഷ്ഠിതമായ മൗനത്തെയാണല്ലോ ബ്രഹ്മജ്ഞാനമായി വ്യവഹരിക്കുന്നത്.

ആരെയും നിരായുധരാക്കുന്ന നർമ്മവും സ്വയം കളിയാക്കി ചിരിക്കാനുള്ള സഹൃദയത്വവും ഇല്ലായിരുന്നെങ്കിൽ ക്രിസ്തീയ സഭകളിലെ പാരമ്പര്യവാദികൾ തിരുമേനിയെ വേദവിപരീതി (heretic) ആയി മുദ്ര കുത്തുവാൻ ഒരുമ്പെടുമായിരുന്നു.

കളി (play), തമാശ (humour) എന്നിവയെ അതീന്ദ്രിയതയുടെ അടയാളങ്ങൾ (signals of transcendence) ആയി സിദ്ധാന്തിച്ചിരുന്ന പ്രശസ്തനായ സാമൂഹ്യശാസ്ത്രജ്ഞൻ പീറ്റർ ബെർജർ ക്രിസോസ്റ്റം തിരുമേനിയെ പരിചയപ്പെട്ടിരുന്നെങ്കിൽ, അദ്ദേഹത്തിന് തന്റെ സിദ്ധാന്തത്തിന് പ്രൂഫ് ആയി ഒരു പുതിയ പുസ്തകം കൂടി എഴുതാമായിരുന്നു. ഈ ധന്യമായ ജീവിതത്തിന് വിനീത പ്രണാമം.

*(ലേഖകൻ ഓർത്തഡോക്സ് വൈദീക സെമിനാരി മുൻ പ്രിൻസിപ്പൽ, പ്രസിദ്ധ ദൈവശാസ്ത്രജ്ഞനും)*



# ഓർമ്മകൾക്കു മുമ്പിൽ പ്രണാമം



മുല്ലക്കര രത്നാകരൻ

വാക്കുകൾക്ക് അർത്ഥം വിലപ്പെട്ടതാകുന്നത് ആ വാക്ക് ഏറ്റുവാങ്ങുന്ന വ്യക്തിയുടെ മഹത്വംകൊണ്ടുകൂടിയാണ്. അതുകൊണ്ടാണ് മാർ ഫിലിപ്പോസ് ക്രിസോസ്റ്റം വലിയ തിരുമേനിക്ക് ഈ വലിയ വാക്കിന്റെ നമ്മളറിയുന്ന അർത്ഥത്തെക്കാൾ വലിപ്പം കൈവരുന്നത്. ഒരാൾ എല്ലായ്പ്പോഴും വളർന്നുകൊണ്ടിരിക്കുക എന്നത് ഒരു സാധാരണ കാര്യമല്ല. അസാധാരണത്വത്തിൽ അസാധാരണമായതാണ്. താൻ കുട്ടിക്കാലത്തു ജീവിച്ച പമ്പയുടെ തീരം പ്രായമായ കാലത്തുമാറാതെ നില്ക്കുമ്പോഴും പമ്പ മാറിക്കൊണ്ടിരിക്കുകയായിരുന്നു. പമ്പയെപ്പോലെ ഒഴിക്കൊണ്ടിരുന്ന, തീരങ്ങളെ തഴുകിക്കൊണ്ടിരുന്ന ഒരു ജീവിതമാണ് തിരുമേനിക്കും ഉണ്ടായിരുന്നത്. വാർദ്ധക്യത്തിലും വാർദ്ധക്യമാകാതിരിക്കുക എന്നത് ഒരു അപൂർവ്വഭംഗിയാണ്. താൻ ഉപയോഗിക്കുന്ന വാക്കുകളിൽ മധുരമുണ്ടായിരിക്കുക, അതു കേൾക്കുന്നവന് കേൾക്കാൻ സുഖമുണ്ടാകുക, ചിരിക്കാൻ വഴിയുണ്ടാക്കുക, ചിന്തിക്കാൻ വെളിച്ചമുണ്ടാക്കുക, അതു കഴിഞ്ഞു മൂല്യങ്ങളുടെ മണം അകത്തുണ്ടാവുക, അങ്ങനെ പറയുന്ന തിരുമേനിയും കേൾക്കുന്ന മനുഷ്യരും തമ്മിൽ ഒരാശയത്തിന്റെ മാലകൊണ്ട് അനുഗ്രഹീതരാകുക, ഇതൊരു അപൂർവ്വ സിദ്ധിയാണ്. ഇത് ഒരു പദവികൊണ്ട് മാത്രം കൈവരുന്നതല്ല, മനുഷ്യസ്നേഹത്തിന്റെ നന്മയും ലോകപരിചയത്തിന്റെ അനുഭവങ്ങളും രണ്ടിനെയും കൂട്ടിയോജിപ്പിക്കാനുള്ള പ്രതിഭയും അത് അനുഗ്രഹഫലങ്ങളായി ചൊരിയാനുള്ള ശ്രേഷ്ഠതയും കൊണ്ടുണ്ടാകുന്നതാണ്. അത് ഒരാൾ രൂപമായി നമ്മുടെ മുമ്പിൽ നിന്നതാണ്. ക്രിസോസ്റ്റം വലിയ തിരുമേനി.

ആദ്യകാലത്ത് അദ്ദേഹം മാർത്തോമ്മാ സഭക്കാരനും, പിന്നെ വളർന്ന് ക്രിസ്ത്യാനികൾക്കാകെയുള്ളവനും, പിന്നെ ഇന്ത്യയുടെയും ലോകത്തിന്റെയും മനുഷ്യരാശിയുടെയും മുഴുവൻ പ്രതീകവും, അവസാനം ലോകത്തിന്റെ എല്ലാ ജീവജാലങ്ങളുടെയും ബന്ധുവും, എല്ലാ നല്ല മൂല്യങ്ങളുടെയും കാവൽക്കാരനുമായ വിശ്വപുരുഷനായിരുന്നു അദ്ദേഹം. എന്നെപ്പോലെ ആയിരക്കണക്കിന് മനുഷ്യർക്ക് വഴികാട്ടിയ പ്രചോദനമായിരുന്നു. അദ്ദേഹവുമായി ബന്ധപ്പെട്ട ധാരാളം ഓർമ്മകൾ പലരും പലതരത്തിൽ രേഖപ്പെടുത്തപ്പെട്ടതും അല്ലാത്തതുമായി പങ്കുവയ്ക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം തന്നെ തന്റെ അനുഭവങ്ങളുടെ രേഖപ്പെടുത്തപ്പെട്ട പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളത്, അദ്ദേഹം ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ പഠിപ്പിച്ചിരുന്ന പീറ്റർ എന്ന അധ്യാപകൻ പരീക്ഷയ്ക്ക് അടുത്തിരുന്ന കുട്ടിയുടെ പേപ്പറിൽ നോക്കിയെഴുതിയ ഒരു കുട്ടിയുടെ കുറ്റം അദ്ദേഹം കണ്ടില്ലെങ്കിലും സ്കൂൾ ഇൻസ്പെക്ഷന് വന്ന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻ കണ്ടെത്തുകയും ശിക്ഷിക്കണമെന്ന് പ്രധാന അദ്ധ്യാപകനോട് ആവശ്യപ്പെടുകയും ചെയ്തു. ആ കുട്ടി ചെയ്ത കുറ്റത്തിന്റെ ഉത്തരവാദിത്വം പീറ്റർ സാർ ഏറ്റെടുക്കുകയാണ് ചെയ്തത്. അങ്ങനെ ഒരു കുട്ടി ഇങ്ങനെയൊരു കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അത് എന്റെ കുറ്റമാണെന്നും ആ കുറ്റത്തിന്റെ ഉത്തരവാദി ഞാനാണെന്നും ആ ശിക്ഷ നല്കേണ്ടത് എനിക്കാണെന്നും പീറ്റർ സാർ വാശിയോട് പറഞ്ഞു. ഇതിൽ ലോകത്തിന്റെ കുറ്റം ഏറ്റുവാങ്ങി രക്തസാക്ഷിത്വം വരിച്ച് ലോകത്തിനു പാപമോചനം നല്കിയ യേശുദേവന്റെ ഒരംശം പീറ്റർ സാറിൽ തിരുമേനി നിക്ഷേപിക്കുന്നുണ്ട്. തെറ്റുചെയ്ത കുട്ടിക്കുവേണ്ടി നിർബന്ധമായി പീറ്റർ സാർ ഒരടി കയ്യിലേറ്റുവാങ്ങുമ്പോൾ അതുകണ്ടു നിന്ന വിദ്യാർത്ഥി അയാളുടെ തെറ്റിന്റെ ആഴം മനസ്സിലാക്കി പീറ്റർ സാറിന്റെ കാൽക്കൽ വീണ് ഞാൻ ഒരിക്കലും ഇനി തെറ്റു ചെയ്യില്ലെന്ന പ്രതിജ്ഞയെടുക്കുകയാണ്. തിരുമേനി ഇതു പറയുമ്പോൾ ആ പീറ്റർ സാറിനെപ്പോലുള്ളവർ പഠിപ്പിച്ചതുകൊണ്ടാണ് എനിക്കെന്തെങ്കിലും ഗുണമുണ്ടെങ്കിൽ അതുണ്ടായതെന്ന് നമ്മോട് പറയുമ്പോൾ നമുക്ക് നമ്മളോട് നമുക്കെന്തെങ്കിലും പിഴവുണ്ടോ എന്ന് അന്വേഷിക്കേണ്ടിവരും.

തിരുമേനിയുമായി ഒരുപാട് അനുഭവങ്ങളുള്ള എനിക്ക് എന്റെ തന്നെ ഒരനുഭവം കൂടി പറഞ്ഞു ഈ കുറിപ്പ് അവസാനിപ്പിക്കാം. ധാരാളം യോഗങ്ങളിൽ തിരുമേനിയോടൊത്ത് പങ്കെടുക്കാൻ എനിക്ക് അവസരം ഉണ്ടായിട്ടുണ്ട്. ഓരോ യോഗങ്ങളും സംഭാഷണങ്ങളും മനസ്സിൽ നിന്ന് ഇറക്കിവയ്ക്കാൻ പറ്റാത്തവണ്ണം ഒരു ഈടുവയ്പായി മാറിയ അനുഭവ ചാരുതകളാണ്. ഞാൻ കൃഷിമന്ത്രിയായിരുന്നപ്പോൾ കൃഷിയുമായി ബന്ധപ്പെട്ട ധാരാളം യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ നടന്ന ഒരു പരിപാടിയിൽ അനുഗ്രഹപ്രഭാഷണത്തിന് തിരുമേനിയും ഉണ്ടായിരുന്നു. തിരുമേനിയുടെ പ്രസംഗത്തിൽ തിരുമേനി പറഞ്ഞതിങ്ങനെയാണ്. ഈ മുല്ലക്കര എല്ലാവരെയും കൊണ്ട് കൃഷി ചെയ്യിപ്പിക്കുവാൻ നടക്കുമ്പോൾ അതൊരാവശ്യമാണെന്ന് എനിക്കും തോന്നിയതുകൊണ്ട് എന്റെ വീട്ടിനരികിലുള്ള പമ്പയുടെ തീരത്ത് ഞാനും കൃഷിവകുപ്പിൽ നിന്നും തന്ന കുറച്ചു വാഴക്കന്നുകൾ വച്ചു. പമ്പയുടെ ജലലഭ്യതകൊണ്ടും പമ്പ കൊണ്ടുവന്ന എക്കൽമണ്ണിന്റെ ഗുണംകൊണ്ടും വാഴകൾ അതിമനോഹരമായി വളർന്നു.

വാഴക്കൊത്തവണ്ണമുള്ള കുലകളും വന്നു. അപ്പോഴാണ് പ്രശ്നം പൊന്തിവന്നത്. ഞാൻ നട്ട വാഴക്കന്നും പമ്പയും തീരത്തെ മണ്ണുംകൂടി അഴകോടെ വളത്തിയ ഈ വാഴക്കുലകൾ ആളുകൾക്ക് മോഹമായി. ഒരു ദിവസം എന്നോട് ഒരു കർഷകൻ വന്നു പറഞ്ഞു, തിരുമേനി നട്ടു നനച്ചുവളർത്തിയ വാഴക്കുലകളിൽ ഒന്ന് ഇന്നലെ രാത്രി ഏതോ ഒരു കള്ളൻ വെട്ടിക്കൊണ്ടുപോയി. ഞാനാലോചിച്ചു ഞാനും മുല്ലക്കരയും കൂടിയാണല്ലോ ഒരു കള്ളനെ സൃഷ്ടിച്ചത്. കള്ളനെ നല്ലവനാക്കുന്ന ജോലിയാണല്ലോ കർത്താവെന്നെ ഏല്പിച്ചത്. അതിൽ ഞാൻ പരാജയപ്പെട്ടത് ഈ മുല്ലക്കര പറഞ്ഞതുകേട്ട് കൃഷി ചെയ്തതുകൊ



ണ്ടാണല്ലോ. അതുകൊണ്ട് ഞാൻ ആ വന്ന കർഷകനോട് പറഞ്ഞു, ഏതെങ്കിലും ആളുകൾ ഇനിയും രാത്രിവന്ന് കുല കൊണ്ടുപോകാനുള്ള മോഹംകൊണ്ട് വീണ് പരിക്ക് പറ്റാനോ, പാമ്പുകടിയേറ്റ് എന്തെങ്കിലും സംഭവിക്കാനോ ഈ കുലകൾ കാരണമാകാം. ആ കുലകൾ ഉണ്ടാകാൻവേണ്ടി വാഴ നട്ട ഞാനും എന്നെക്കൊണ്ട് ഇതു ചെയ്യിപ്പിച്ച മുല്ലക്കരയും ആ വാഴവിത്തുകൾ തന്ന കൃഷി ഉദ്യോഗസ്ഥരും എല്ലാം ഇതിൽ കുറ്റക്കാരാകും. അതുകൊണ്ട് അവിടെ ഒരു ബോർഡ് വയ്ക്കണമെന്ന് നിർദ്ദേശിച്ചു. വാഴക്കുല ആവശ്യമുള്ളവർക്ക് പകൽവന്ന്, പരിക്കൊന്നും പറ്റാതെ കുല വെട്ടിക്കൊണ്ടുപോകാം. രാത്രി വന്ന് എന്തെങ്കിലും അപകടം പറ്റിയാൽ ഞാൻ അതിനുത്തരവാദിയല്ല. എന്റെ പേരുകൂടി എഴുതി ബോർഡ് വയ്ക്കാൻ പറഞ്ഞു. തിരുമേനി ഇതു പറഞ്ഞപ്പോൾ ആ സദസ്സ് നിശബ്ദമായി.


തിരുമേനിയെയും തിരുമേനി രേഖപ്പെടുത്തിവച്ച പീറ്റർ സാറിലൂടെ വിളക്കുപോലെ കൊളുത്തിവച്ച ദർശനത്തെയും ഞാൻ ഓർത്തു. ഏതൊന്നിലും നമ്മുടെ മനസ്സിൽ ആദ്യം ചിരിയും പിന്നെ ചിന്തയും രണ്ടുംചേർന്ന ഒരിക്കലും എടുത്തുമാറ്റാൻ കഴിയാത്ത ഒരു ജീവിതാശയവും സമ്മാനിച്ചുകൊണ്ട് ചുറ്റുമുള്ളവരെ സന്തോഷിപ്പിച്ച് ആ സന്തോഷത്തിൽ പങ്കുചേർന്ന ജീവിച്ച വലിയ തിരുമേനി ലോകത്തോളം വലിയ ആ വാക്കിന്റെ അർത്ഥത്തിന്റെ ആകെ വലിപ്പത്തിൽ തലമുറകളെ സ്വാധീനിച്ചുകൊണ്ട് ജീവിക്കും.

ഓർമ്മകൾക്കു മുമ്പിൽ പ്രണമിച്ചുകൊണ്ട് ഈ കുറിപ്പിനടിവരയിടുന്നു.

.................................................................................

*ലേഖകൻ കേരളസംസ്ഥാന കൃഷി മന്ത്രിയായിരുന്നു.*

## നല്ല ഓർമ്മകൾ



**റൈറ്റ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ**
ബിഷപ്പ്, സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക

സ്വർണ്ണ നാവുള്ള ക്രിസോസ്റ്റം തിരുമേനിയുടെ ഓർമ്മകൾ എന്നെന്നും മനുഷ്യ മനസ്സുകളിൽ മായാതെ നില്ക്കും. ആരേയും ആകർഷിക്കുന്ന വാക്ചാതുര്യം. സരസമായ സംഭാഷണത്തിലൂടെ ആളുകളെ ഗഹനമായി ചിന്തിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന തിരുമേനിയുടെ സ്വഭാവവൈശിഷ്ട്യം എടുത്തുപറയേണ്ടതാണ്. ആരേയും സ്നേഹിക്കുവാനുള്ള മാസ്മരികശക്തി. തിരുമേനിയുമായി ഒരിക്കലെങ്കിലും ഇടപ്പെട്ടവരെ കൂടെ ചേർത്തുനിർത്തുന്നതിൽ തിരുമേനി അതീവശ്രദ്ധ ചെലുത്തിയിരുന്നു. സഭകളുടെ ഐക്യത്തിനു മുൻതൂക്കം നല്കുന്ന വ്യക്തിത്വം. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമാ സഭകൾ തമ്മിലുള്ള ഐക്യബന്ധം വളർത്തുന്നതിനും അതു ഊട്ടി ഉറപ്പിക്കുന്നതിനും തിരുമേനി പ്രത്യേകം താല്പര്യം എടുത്തിരുന്നു. സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയുടെ പ്രധാന പരിപാടികളിൽ കൃത്യസമയത്തിനു മുൻപുവന്ന് തിരുമേനി സംബന്ധിച്ചിരുന്നത് എടുത്തുപറയേണ്ടതാണ്.

ആതിഥേയരെ തൃപ്തിപ്പെടുത്തുന്ന നല്ല അതിഥിയായിരുന്നു തിരുമേനി. 1996-2000-ൽ ഞാൻ കുമ്പളാംപൊയ്ക ഇടവകവികാരിയും അവിടെ ആരംഭിച്ച എക്യൂമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രസിഡന്റുമായിരുന്നു. എക്യൂമെനിക്കൽ ക്രിസ്തുമസ് കരോളിൽ തിരുമേനിയെ ക്ഷണിച്ചു, വരാമെന്ന് സമ്മതിച്ചു. ഭക്ഷണം എന്തു തയ്യാറാക്കണം എന്ന ചോദ്യത്തിന് തിരിച്ചു കടിക്കാത്തതെന്തും എന്ന് മറുപടി നൽകി. കരോൾ കഴിഞ്ഞ് ഭക്ഷണത്തിന് ഇരുന്നപ്പോൾ അച്ചൻ ഒന്നുകൊണ്ടും വിഷമിക്കേണ്ട ഞാൻ എല്ലാം രുചിച്ചുനോക്കി തൃപ്തിയായിട്ടേ പോകുകയുള്ളൂ എന്നു പറഞ്ഞതും ഓർക്കുന്നു.

ചെറുപ്പക്കാരനായ പട്ടക്കാരനായിട്ടും തിരുമേനിയെ ക്ഷണിക്കുവാൻ ചെന്നപ്പോൾ കാണിച്ച വാത്സല്യവും ആതിഥ്യവും ജീവിതത്തിൽ പകർത്തേണ്ടതു തന്നെയാണ്. എന്റെ പിതാവും തിരുമേനിയും ഒരേ പ്രായക്കാർ ആണെന്ന് പറഞ്ഞപ്പോൾ അച്ചൻ എനിക്ക് മകനു തുല്യം എന്നു മറുപടി പറഞ്ഞതും ഓർക്കുന്നു.

നല്ല ഓർമ്മകൾ അവശേഷിപ്പിച്ച് നിത്യതയിൽ പ്രവേശിച്ച ക്രിസോസ്റ്റം തിരുമേനിയുടെ ജീവിതത്തെ ഓർത്ത് ദൈവത്തിന് സ്തോത്രം കരേറ്റുന്നു.

### മുടിയനായ പുത്രൻ

മുടിയനായ പുത്രന്റെ കഥയെ ആസ്പദമാക്കിയായിരുന്നു ക്രിസോസ്തം തിരുമേനിയുടെ പ്രസംഗം. പ്രസംഗം കഴിഞ്ഞപ്പോൾ പരമാർത്ഥിയായ ഒരു പെൺകുട്ടിക്കൊരു സംശയം.


തിരുമേനി, മുടിയനായ പുത്രന്റെ അപ്പനു ഇത്രമാത്രം സ്നേഹം ഉണ്ടായിരുന്നെങ്കിൽ മകൻ ഇറങ്ങിപ്പോയപ്പോൾ തന്നെ പുറകെ പോയി വിളിച്ചു കൊണ്ടു വരുമായിരുന്നു.അല്ലെങ്കിൽ ബാല്യക്കാരെ വിട്ട് അന്വേഷിപ്പിക്കാമായിരുന്നു. ഇതൊന്നും അപ്പൻ ചെയ്തില്ല. എന്നിട്ട് ദീർഘ നാളുകൾക്ക് ശേഷം മകൻ ആകെ നശിച്ചു തിരികെ വന്നപ്പോൾ ആഘോഷിക്കുന്നു. ഇതിൽ എന്ത് ആത്മാർത്ഥത?

തിരുമേനി ഗൗരവമായി ആലോചിച്ചിട്ട് പറഞ്ഞു:

എടീ കൊച്ചേ, എനിക്ക് ഭാര്യയും മക്കളും ഒന്നുമില്ല. വേണമെന്ന് വച്ചാലും ഇനി അതൊന്നും നടക്കത്തുമില്ല. അതുകൊണ്ട് ഒരപ്പനു മകനോട് തോന്നാവുന്ന സ്നേഹത്തെക്കുറിച്ച് എനിക്കറിയില്ല. പിന്നെ ചെയ്യാവുന്നത്..... നീ വലുതാവുമ്പം നല്ലയൊരു ചെറുക്കനെ വിവാഹം കഴിക്കണം. കുട്ടികൾ ഉണ്ടാകുമ്പോൾ ഭർത്താവിനോട് ചോദിക്കണം. ഇതിയാന് മക്കളോട് എത്രമാത്രം സ്നേഹം ഉണ്ടെന്ന്. എന്നെ അതോന്ന് എഴുതി അറിയിക്കയും വേണം.



# ദൈവരാജ്യം എവിടെയുണ്ട് ?



ഡോ. തോമസ് ഐസക്

മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത മാർ ക്രിസോസ്റ്റം തിരുമേനിയുടെ അനുശോചനക്കുറിപ്പുകൾ ഞാൻ വായിക്കുകയായിരുന്നു. എത്രയോ വ്യത്യസ്തരായ മനുഷ്യർക്കു നർമ്മത്തിന്റെയും സ്നേഹത്തിന്റെയും കരുണയുടെയും ഓർമ്മകൾ സമ്മാനിച്ചുകൊണ്ടാണ് ആ ധന്യ ജീവിതം കടന്നുപോയത്. ക്രൈസ്തവ വൈദിക ശ്രേഷ്ഠരിൽ എനിക്ക് ഏറ്റവും ബഹുമാനവും ബന്ധവുമുണ്ടായിരുന്നവരിൽ ഒരാളാണ് മാർ ക്രിസോസ്റ്റം തിരുമേനി. ജനകീയാസൂത്രണകാലത്ത് തുടങ്ങിയതാണ് ആ സൗഹൃദം. ജനകീയാസൂത്രണത്തിന്റെ രണ്ടാംവർഷം കേരളത്തിലെ ഭൂരിപക്ഷം ബിഷപ്പുമാരെയും ഞാൻ നേരിൽ കാണുകയുണ്ടായി. എന്റെ ആവശ്യം വളരെ ലളിതമായിരുന്നു. നല്ല ക്രിസ്ത്യാനികൾ ഏഴാംപ്രമാണം പാലിക്കണം. (പൊതുമുതൽ കക്കരുത്). അതുപോലെതന്നെ ഗ്രാമസഭകളിൽ പങ്കെടുക്കണം. ഇവ ഇടയലേഖനമായോ മറ്റേതെങ്കിലും രൂപത്തിലോ സഭ അംഗങ്ങളെ അറിയിക്കണം എന്നതായിരുന്നു അഭ്യർത്ഥന. ഇതിനോട് ഏറ്റവും ആവേശത്തോടെ പ്രതികരിച്ചത് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത ആയിരുന്നു. അദ്ദേഹവുമായുള്ള സംഭാഷണത്തിനിടയ്ക്ക് ജനകീയാസൂത്രണത്തെക്കുറിച്ച് ഞാൻ വാചാലനായപ്പോൾ അദ്ദേഹം ചോദിച്ചു: എവിടെവന്നാൽ നിങ്ങളുടെ ഈ സ്വർഗ്ഗരാജ്യം എനിക്കു കാണുവാൻ കഴിയും? എവിടെ വന്നാലും സ്വർഗ്ഗരാജ്യം കാണാം എന്നായിരുന്നു എന്റെ മറുപടി. ബിഷപ്പിനു സമയംകിട്ടുമ്പോൾ ബന്ധപ്പെട്ടാൽ മതി, ഞാൻ തന്നെ കൂട്ടിക്കൊണ്ടുപോകാം എന്നുപറഞ്ഞു പിരിഞ്ഞു.

അങ്ങനെ ഒരുദിവസം എനിക്ക് പ്ലാനിംഗ്ബോർഡിലേക്ക് ഒരു ഫോൺ വന്നു. മെത്രാപ്പോലീത്താ മണ്ണന്തല സെമിനാരിയിലുണ്ട്. സ്വർഗ്ഗരാജ്യം കാണാൻ വന്നിരിക്കുകയാണ്. ഏതു പഞ്ചായ്ത്തിൽ പോകണമെന്ന് അങ്ങുതന്നെ തീരുമാനിക്കൂ എന്നായി ഞാൻ. എന്റെ മഹാഭാഗ്യം കൊണ്ട് അദ്ദേഹം തെരഞ്ഞെടുത്തത് തന്റെ വൈദിക വൃത്തി ആരംഭിച്ച കുന്നതുകാൽ പഞ്ചായത്തായിരുന്നു. അന്ന് ഈ പഞ്ചായത്ത് കേരളത്തിലെ മാതൃകാ പഞ്ചായത്തുകളിൽ ഒന്നായിരുന്നു. അവിടത്തെ ലേബർ ബാങ്ക് ഇന്ത്യ മുഴുവൻ ഞങ്ങൾ മാതൃകാ പദ്ധതിയായി കൊണ്ടാടുകയായിരുന്നു. ആ ദിവസം മുഴുവൻ ഞങ്ങൾ കുന്നത്തുകാൽ പഞ്ചായത്തിൽ വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ചു. ലേബർ ബാങ്കിന്റെ പ്രവർത്തനം ആരെയും വിസ്മയിപ്പിക്കുന്ന ഒന്നായിരുന്നു. വൈകുന്നേരമായപ്പോൾ ഒരു കുന്നിൻചരുവിലെ പത്തേക്കർ പുരയിടത്തിലെത്തി. ലേബർ ബാങ്കിനു കൃഷി ചെയ്യാൻ ഇത്രയും സ്ഥലം വിട്ടു കൊടുത്ത തിരുവല്ലക്കാരനെക്കുറിച്ച് പറഞ്ഞപ്പോൾ തിരുമേനി പ്രതിവചിച്ചു: "ഞങ്ങളുടെ നാട്ടുകാരൻ ഇങ്ങനെ ചെയ്തെങ്കിൽ ഇതു സത്യംതന്നെ".

അവിടെ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ മെത്രാപ്പോലീത്തായെ വശീകരിച്ചു. ഇങ്ങനെയുള്ള പഞ്ചായത്തുകൾ സൃഷ്ടിക്കുവാൻ കഴിഞ്ഞാൽ ദൈവരാജ്യം വരുമെന്ന് അദ്ദേഹം സമ്മതിച്ചു. അത്തവണത്തെ മാരാമൺ കൺവൻഷനിൽ ബിഷപ്പിന്റെ പ്രസംഗം ആരംഭിച്ചത് ഈ സന്ദർശനത്തെ ആസ്പദമാക്കിയായിരുന്നു. ലോക്കൽ ഡെമോക്രസി ആന്റ് ലോക്കൽ ഡവലപ്പ്മെന്റ് എന്ന എന്റെ പുസ്തകത്തിന്റെ ഒരു കെട്ട് കോപ്പികൾ പ്ലാനിംഗ് ബോർഡിൽനിന്ന് വാങ്ങിച്ചു. മാരാമൺ കൺവൻഷനിൽ അവ വിറ്റ് അതിന്റെ തുക കൃത്യമായി എനിക്ക് അയച്ചുതരികയും ചെയ്തു.

ബൈബിളിലെ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിലാണ് യേശു അങ്ങയുടെ രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കുന്നത്. സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാനല്ല, ദൈവരാജ്യം ഭൂമിയിൽ കൊണ്ടുവരുന്നതിനാണ് പ്രാർത്ഥന. ഇത്തരമൊരു ലോകം സൃഷ്ടിക്കുന്നതിൽ വിശ്വാസിയും അവിശ്വാസിയുമായ എല്ലാ മനുഷ്യർക്കും ഒരുമിച്ചു പ്രവർത്തിക്കാനാകും എന്നത് ലിബറേഷൻ തിയോളജിയുടെ ഒരു പ്രധാന നിലപാടാണ്. ദൈവരാജ്യം എവിടെയുണ്ട് എന്ന ബിഷപ്പിന്റെ ചോദ്യത്തിന്റെ സ്വാരസ്യം ഇതായിരുന്നു.

കുന്നത്തുകാൽ മാതൃക തോട്ടപ്പുഴശ്ശേരിയിൽ സൃഷ്ടിക്കാൻ ഞങ്ങൾ ഒരു ശ്രമം നടത്തി. പല പദ്ധതികളിൽ സൗജന്യ ഭക്ഷണപദ്ധതി മാത്രമേ പച്ച പിടിച്ചുള്ളൂ. പിന്നീടൊരിക്കൽ ഇരവിപേരൂരിൽ വച്ചുകണ്ടപ്പോൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു, ഇവിടെ സ്വർഗ്ഗരാജ്യം വന്നു തുടങ്ങിയിട്ടുണ്ട്. സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി അത്ര എളുപ്പമല്ലായെന്ന് തിരുമേനി തമാശയും പറഞ്ഞു. ഇങ്ങനെ എത്രയോ ഓർമ്മകൾ. വലിയ മെത്രാപ്പോലീത്താ മാർ ക്രിസോസ്റ്റം തിരുമേനിക്ക് എന്റെ പ്രണാമം.

..................................................

*(ലേഖകൻ കേരളസംസ്ഥാന ധനകാര്യമന്ത്രിയായിരുന്നു.)*

### കല്യാണം ഗംഭീരമാകണോ?


എന്റെ സുഹൃത്തു ഈയിടെ എന്നോടു പറഞ്ഞു, അവരുടെ അമ്പലത്തിൽ ഉത്സവം മെച്ചമായിരുന്നോയെന്നു തീരുമാനിക്കുന്നത് കഴിഞ്ഞവർഷത്തേക്കാൾ കൂടുതലായി എത്ര നെറ്റിപ്പട്ടം കെട്ടിയ ആനകൾ പങ്കെടുത്തുവെന്നതിലാണെന്ന്. ഇപ്പോൾ കേരളത്തിൽ കല്യാണം ഗംഭീരമായോയെന്നു തീരുമാനിക്കുന്നത് എത്ര മെത്രാന്മാരെ കല്യാണത്തിനു കൊണ്ടു വരുവാൻ സാധിക്കുന്നു എന്നതിലാണ്.

ക്രിസോസ്തം വലിയ തിരുമേനി





# അമേരിക്കൻ ഐക്യനാടുകളിൽ നിന്നൊരു സാക്ഷ്യം



**സി.വി. സൈമൺകുട്ടി**
(മുൻ ട്രഷറാർ, നോർത്ത് അമേരിക്ക & യൂറോപ്പ് ഡയോസിസ്)

അഭിവന്ദ്യ തിരുമേനിയുടെ വേർപാട് നമുക്കേവർക്കും, മാർത്തോമ്മാ സഭയ്ക്കും ലോകത്തിനും ഒരു തീരാനഷ്ടമാണ്. തിരുമേനിയുടെ ധന്യമായ ജീവിതത്തിലൂടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിനും വിശിഷ്യാ ഞങ്ങളുടെ സുഹൃത്തുക്കൾക്കും ലഭിച്ച വിലപ്പെട്ട ചൈതന്യത്തിനും, ഉൽകൃഷ്ടമായ മാതൃകയ്ക്കും ദൈവത്തിനു സ്തോത്രവും നന്ദിയും കരേറ്റുന്നു. തിരുമേനിയുടെ ശ്രേഷ്ഠമായ ജീവിതത്തിലെ ഒരു ചെറിയ അംശമായി തീരുന്നതിനു ഞങ്ങൾക്കു സാധിച്ചത് ഞങ്ങളുടെ ജീവിതത്തിലെ ഒരു അനുഗ്രഹം ആയി കരുതുന്നു.

1988 കാലഘട്ടത്തിൽ, ഞാൻ നോർത്ത് അമേരിക്കൻ ഡയോസിസൻ ട്രഷറാർ ആയി സേവനം അനുഷ്ഠിക്കുന്ന കാലയളവിൽ തിരുമേനി ന്യൂയോർക്കിൽ വരുമ്പോഴൊക്കെ ഞങ്ങളുടെ എളിയ ഭവനത്തിൽ ആയിരുന്നു താമസിച്ചിരുന്നത്. അന്ന് സഭയ്ക്ക് അരമനയും പാഴ്സനേജും ഉണ്ടായിരുന്നില്ല. തിരുമേനിയുടെ ദൈനംദിന ജീവിതം കാണുന്നതിനും, തിരുമേനിക്ക് വേണ്ടുന്ന എല്ലാ ശുശ്രൂഷകളും ചെയ്യുന്നതിനും പല അവസരങ്ങൾ ലഭിച്ചത് ദൈവം നല്കിയ ഒരു മഹാഭാഗ്യം തന്നെയാണ്. തിരുമേനിയുടെ ലളിതമായ ജീവിതം ഞങ്ങൾക്കും കുഞ്ഞുങ്ങൾക്കും ഒരു മാതൃകയായിരുന്നു.

അന്ന് മറ്റു പള്ളികളിൽ നിന്നും അച്ചന്മാരും ചുമതലക്കാരും കമ്മറ്റി അംഗങ്ങളും തിരുമേനിയെ സന്ദർശിക്കുകയും മീറ്റിംഗുകൾ വീട്ടിൽവച്ച് നടത്തുകയും ചെയ്യുക പതിവായിരുന്നു. ബഹു. ഉമ്മൻ ജോർജ്ജ് അച്ചനും (ഇപ്പോഴത്തെ തോമസ് മാർ തീത്തോസ് തിരുമേനി) പലപ്പോഴും ഈ സദസ്സിൽ ഭാഗഭാക്കായിരുന്നിട്ടുണ്ട്. എല്ലാവരോടും സൗമ്യമായും ആധികാരികതയോടും എന്നാൽ സ്വതസിദ്ധമായ നർമ്മത്തോടും ഇടപെടുന്നത് ഞങ്ങളിൽ അത്ഭുതം തോന്നിച്ചിട്ടുണ്ട്.

പകലത്തെ തിരക്കുകൾക്കുശേഷം വൈകിട്ട് കുളികഴിഞ്ഞു അഴിച്ചിട്ട മുടിയുമായി കാവിമുണ്ടും ഷർട്ടും ധരിച്ചു വരുന്ന ആ മഹാവ്യക്തിയെ കാണുമ്പോൾ ഒരു ശ്രേഷ്ഠ സന്ന്യാസിയാണെന്നേ തോന്നുകയുള്ളൂ. പിന്നെ ഞങ്ങളും മറ്റു കുടുംബാംഗങ്ങളും സുഹൃത്തുക്കളും തിരുമേനിയുടെ മുമ്പിലിരിക്കും. അനുഭവകഥകൾ നർമ്മരസത്തോടെ അവതരിപ്പിക്കുന്നതോടൊപ്പം തിരുമേനി ഫലിത കഥകളുടെ ചെപ്പ് തുറക്കും. എന്റെ അസ്മയുടെ ചികിത്സയുടെ ഭാഗമായി ഹൈദരാബാദിൽ മീൻ വിഴുങ്ങാൻ പോയ കഥ കേട്ടപ്പോൾ ഉടൻ തിരുമേനിയുടെ കമന്റ് വന്നു. “ഇതേവരെ യോനയെ മത്സ്യം വിഴുങ്ങിയ കാര്യമേ കേട്ടിട്ടുള്ളൂ. എന്നാൽ ഇപ്പോൾ ആ മത്സ്യത്തെയും വിഴുങ്ങിയ ആളിനെ ഇപ്പോഴാ കണ്ടത്”. ആ സദസ്സുകളിൽ പങ്കെടുത്തിരുന്ന അമേരിക്കയിൽ ജനിച്ചു വളർന്ന കുട്ടികൾക്കെല്ലാം തന്നെ തിരുമേനി ഒരു റോൾ മോഡൽ ആയിരുന്നു. രാത്രി 12 മണിയോളംവരെ നീണ്ടുനിന്നിരുന്ന ഈ സദസ്സ് അവിടെ കൂടിയിരുന്ന എല്ലാവർക്കും പ്രത്യേകിച്ചും കുഞ്ഞുങ്ങൾക്കും മറക്കാനാവാത്ത അനുഭവങ്ങളായിരുന്നു. എത്ര താമസിച്ചു ഉറങ്ങാൻ കിടന്നാലും വെളുപ്പിനെ 4 മണിക്ക് തിരുമേനി ഉണർന്നു പ്രാർത്ഥന, വായന ഒക്കെ തുടങ്ങും. എന്നാൽ ഒരു ക്ഷീണമോ പ്രയാസമോ ഉണ്ടായി കണ്ടിട്ടില്ല. ഭക്ഷണകാര്യത്തിൽ യാതൊരു നിബന്ധനകളും ഇല്ലായിരുന്നു. സന്തോഷത്തോടെയുള്ള തിരുമേനിയുടെ ഇടപെടലുകൾ ഞങ്ങൾക്കെല്ലാവർക്കും അനുഗ്രഹപ്രദമായിരുന്നു.

ഇവിടെ താമസിക്കുന്ന സമയങ്ങളിലൊക്കെ രോഗികളെയും രോഗശയ്യയിൽ കിടക്കുന്നവരെയും വാർദ്ധക്യത്തിൽ ഇരിക്കുന്നവരെയും പോയി സന്ദർശിച്ചു പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. തിരുമേനിയോടൊപ്പം ഡ്രൈവറായി പോയ യാത്രകൾ എല്ലാംതന്നെ വളരെ രസകരവും പ്രത്യേക അനുഭവങ്ങളായിരുന്നു. ദിവസേനയുള്ള യാത്ര ശേഷം വീട്ടിൽ വരുമ്പോൾ കാലിൽ നീര് കാണുമ്പോൾ തിരുമേനി പറയും തലയിലെ വെള്ളം എല്ലാം കാലിലോട്ട് വന്നതാണ് കിടക്കുമ്പോൾ അതെല്ലാം തിരികെ തലയിലേക്ക് പൊയ്ക്കൊള്ളും.

നാട്ടിൽ ഞങ്ങൾ വരുമ്പോഴൊക്കെ തിരുമേനിയെ സന്ദർശിക്കാനും സൽക്കാരങ്ങൾ അനുഭവിക്കാനും ഓർമ്മകൾ പങ്കിടുവാനും സാധിച്ചിട്ടുണ്ട്. ഒരു പിതാവിനെപ്പോലെയും അതോടൊപ്പം ഒരു ആത്മീയ ആചാര്യനായും ഇരുന്ന് ഞങ്ങൾക്ക് നല്കിയ കരുതലും സ്നേഹവും വാത്സല്യവും എന്നും നിറകണ്ണുകളോടെ മാത്രമേ ഓർക്കാൻ സാധിക്കൂ.

## മെത്രാച്ചന്മാർ വിവാഹം കഴിക്കണം



ഒരിക്കൽ ബിഷപ്പ് എംഎം ജോൺ തിരുമേനിയും, ഭാര്യയും, ക്രിസോസ്തം തിരുമേനിയും ഒരു കൺവൻഷൻ പ്രസംഗത്തിനു പോയി. എംഎംജോൺ തിരുമേനി പ്രസംഗത്തിനായി എഴുന്നേറ്റു. ഭയങ്കര മഴയും തുടങ്ങി. ആളുകൾ ഓരോരുത്തരായി എഴുന്നേറ്റു പോയി. കുടയും പിടിച്ചു കൊണ്ട് ഒരാൾ മാത്രം ശേഷിച്ചു. അത് ബിഷപ്പ് ജോണിന്റെ ഭാര്യയായിരുന്നു. ഇത് കണ്ട് ക്രിസോസ്തം തിരുമേനി പറഞ്ഞു.

മെത്രാച്ചന്മാർ വിവാഹം കഴിച്ചാലുള്ളതിന്റെ ഗുണം ഇന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

പൊട്ടിച്ചിരിക്കിടയിൽ ബിഷപ്പ് ജോൺ, ഭൂമിയിലുള്ള എന്റെ ദൗത്യം നിവർത്തിയായി.



# ക്രിസോസ്റ്റം തിരുമേനിയുടെ സന്ദർശനം



ജോളി ഏബ്രഹാം

ഈ യുഗത്തിന്റെ പുണ്യതാരമായി, ശ്രേഷ്ഠ ഇടയനായി ശോഭിച്ചു നിത്യതയിലേക്ക് വാങ്ങിപ്പോയ നമ്മുടെ പ്രിയങ്കരനായിരുന്ന ക്രിസോസ്റ്റം തിരുമേനി ക്ഷീണിതരെയും ദുഃഖിതരെയും എത്രമാത്രം സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു എന്ന് നാം അനേക ദൃഷ്ടാന്തങ്ങളിലൂടെ കേട്ടിട്ടുണ്ട്. ഒരു ചെറിയ ഉദാഹരണം അനുഭവത്തിൽ നിന്ന് എഴുതുന്നു.

തിരുമേനിക്ക് 97 വയസ്സുണ്ടായിരുന്നപ്പോൾ, ഞങ്ങളുടെ പപ്പായ്ക്ക് 86 വയസ്സായിരുന്നു. പപ്പാ ക്ഷീണിതനായി ദീർഘവർഷങ്ങളായി കിടക്കയിലും വീൽചെയറിലുമായി കഴിയുന്ന കാലം. എന്നാൽ തിരുമേനി ഇടയ്ക്കിടയ്ക്ക് വീട്ടിൽ വന്നു പപ്പായെ കാണുകയും ക്ഷേമം അന്വേഷിച്ചു സ്നേഹാദരവുകൾ പ്രകടിപ്പിച്ചു പ്രാർത്ഥിച്ചിട്ടു പോകുക പതിവായിരുന്നു. വരുമ്പോൾ കൈവശം ഹോർലിക്സോ, ആപ്പിളോ, എന്തെങ്കിലും കൊണ്ടുവന്നു കൊടുക്കാറുമുണ്ടായിരുന്നു. ഇത്തരം സന്ദർശനങ്ങളിലെ സ്നേഹവും കുളിർമയും രോഗശയ്യയിലായിരുന്ന പപ്പായും ഏറെ ആസ്വദിച്ചിരുന്നു. ഒരിക്കൽ പപ്പാ നമ്മെ വിട്ടുപിരിയുന്നതിനു ഒരു മാസം മുൻപ്, തിരുമേനി മേക്കൊഴൂർ വീട്ടിൽ വന്നു. ആയിടയ്ക്ക് തിരുമേനിക്ക് കുറച്ചുദിവസം സുഖമില്ലാതെയും ഇരിക്കയായിരുന്നു. പപ്പായെ കണ്ടശേഷം അമ്മച്ചിയോട് പറഞ്ഞു. “കൊച്ചമ്മേ, ഞാൻ ദൈവത്തിന്റെ മുമ്പാകെ ഒരു വലിയ തെറ്റ് ചെയ്തു. അതിനു എനിക്ക് ദൈവത്തോട് ക്ഷമ ചോദിക്കണം”. “അതെന്താണ് തിരുമേനി” എന്ന് അമ്മ അത്ഭുതത്തോട് ചോദിച്ചു. “അത് ഞാൻ കഴിഞ്ഞ കുറച്ചുമാസങ്ങളായി, ക്ഷീണിതനായി കിടക്കുന്ന പി.എം. ജോർജ്ജ് അച്ചനെ കാണുവാൻ വന്നില്ല. അത് എന്റെ ഭാഗത്തു വലിയ വീഴ്ചയായിപ്പോയി. അതിനു എനിക്ക് അച്ചനോടു ഏറ്റുപറയണം, ദൈവത്തോടു ക്ഷമ ചോദിക്കണം”. 97 വയസ്സുള്ള തിരുമേനിയുടെ ആ വാക്കുകൾ കേട്ട് ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞു.

തുടർന്നു ഫലിതത്തിന്റെ പടക്കത്തിന് തിരി തെളിച്ച ശേഷമാണ് തിരുമേനി മടങ്ങിപ്പോയത്. ചായ കുടിക്കുവാൻ ഇരുന്നപ്പോൾ തിരുമേനിക്ക് ഇഷ്ടമുള്ള കപ്പ പുഴുങ്ങിയതും ചമ്മന്തിയും ഇല അടയും അല്പസ്വല്പം കഴിച്ചു. അതിനുശേഷം “തിരുമേനീ.. ഫ്രൂട്ട്സ് എന്തെങ്കിലും കഴിച്ചാലും” എന്നു പറഞ്ഞുകൊണ്ട് ഞാൻ ആപ്പിൾ ഇരുന്ന പ്ലേറ്റ് തിരുമേനിയുടെ അരികിലേക്ക് ഒന്നു നീട്ടി. ഉടനെ തിരുമേനി വേണ്ട എന്ന് കൈ കാണിച്ചുകൊണ്ട് പറഞ്ഞു: “ഞാൻ സ്ത്രീയുടെ കൈയിൽ നിന്നും ആപ്പിൾ വാങ്ങി കഴിക്കാറില്ല. ഒരിക്കൽ ആദാമിന് പറ്റിയതാ”. എല്ലാവരും ചിരിച്ചു. ജാള്യത പ്രകടിപ്പിക്കാതെ ഞാൻ വീണ്ടും ചോദിച്ചു, “കുടിക്കുവാൻ... ചായ..?” “ഞാൻ കുടിക്കാറേ ഇല്ലല്ലോ”. ഞാൻ വീണ്ടും ചോദിച്ചു. “എന്നാൽ അല്പം വെള്ളം?” തിരുമേനി ചിരിച്ചുകൊണ്ടു പറഞ്ഞു, “വെള്ളം അടിക്കാറില്ലല്ലോ”. എല്ലാവരെയും ചിരിപ്പിച്ചുകൊണ്ടാണ് സ്നേഹമയനായ തിരുമനസ്സ് അവിടെനിന്നും മടങ്ങിപ്പോയത്. രോഗവും ക്ഷീണവും ഉണ്ടായിരിക്കുമ്പോഴും മറ്റുള്ളവരെ ആശ്വസിപ്പിക്കുവാനും ചിരിപ്പിക്കുവാനും സ്നേഹത്തിന്റെയും ആർദ്രതയുടെയും ആൾരൂപമായിരുന്ന തിരുമേനി പരമാവധി ശ്രമിച്ചിരുന്നു എന്ന് വിങ്ങുന്ന ഹൃദയത്തോടു കൂടി മാത്രമേ നമുക്ക് പറയുവാൻ സാധിക്കുകയുള്ളൂ.

(Daughter in Law of Late Very Rev. P. M. George)

# ശ്രേഷ്ഠ ആചാര്യന് ഹൃദയാഞ്ജലികൾ



റവ. ബിനു വർഗീസ്

മാതാ പിതാ ഗുരു ദൈവം എന്ന് പറയാറുള്ളത് അക്ഷരാർത്ഥത്തിൽ ശരിവയ്ക്കുന്ന അനുഭവമായിരുന്നു അഭിവന്ദ്യ വലിയ തിരുമേനിക്ക് ഒപ്പമുള്ള എന്റെ ജീവിതം. മാതാവിന്റെ സ്നേഹവും ശിക്ഷണവും അഭിവന്ദ്യ തിരുമേനിയിൽനിന്നും എനിക്ക് എല്ലായ്പോഴും അനുഭവിക്കാൻ കഴിഞ്ഞു.

അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനിയുമായുള്ള എന്റെ സ്നേഹബന്ധവും പരിചയവും ആരംഭിക്കുന്നത് സഭയുടെ ഒരു പട്ടക്കാരനായി നിയോഗം ലഭിക്കുന്നതു മുതലാണ്. 2019 മെയ് മാസം മുതൽ അഭിവന്ദ്യ വലിയ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി എന്നെ സഭ നിയമിച്ചു. സഭയിലെ ഒരു യുവപട്ടക്കാരന് ലഭിക്കുന്ന ഏറ്റവും വലിയ ഒരു അവസരമായി ഈ നിയോഗത്തെ കാണുന്നു. ഇതിന് അവസരം തന്നെ ദൈവത്തോടും സഭയോടുമുള്ള നന്ദിയും കടപ്പാടും അതിരറ്റതാണ്.

പട്ടത്വശുശ്രൂഷയിൽ ഇളം തലമുറക്കാരനായ എനിക്ക് ലഭിക്കാവുന്നതിൽ വലിയ ഒരു അനുഗ്രഹമാണ് അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ ആദ്യ നിയമനത്തിന്റെ ചില മാസങ്ങൾക്കുള്ളിൽ വിശുദ്ധ കുർബ്ബാന ശുശ്രൂഷ അനുഷ്ഠിക്കാൻ സാധിച്ചത് എന്ന് ഞാൻ കരുതുന്നു. 1999 ഫെബ്രുവരി മാസം മാരാമൺ



കൺവൻഷന്റെ തുടക്കദിനത്തിൽ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിലായിരുന്നു ആ അനുഭവം. അന്ന് രണ്ട് ശുശ്രൂഷയാണ് ക്രമീകരിച്ചിരുന്നത്. രാവിലെ എട്ടുമണിക്ക് പഴയ സുറിയാനി പള്ളിയിലും ഒൻപതു മണിക്ക് ഇടവകപള്ളിയിലും. മുൻനിശ്ചയപ്രകാരം എട്ടുമണിക്കുള്ള ശുശ്രൂഷയിലാണ് ഞാൻ നേതൃത്വം നല്കേണ്ടത്. അന്ന് രാവിലെ ഏഴു മണിക്ക് ചെങ്ങന്നൂർ ഒലിവെറ്റ് അരമനയിൽ നിന്നും തിരുമേനി ശുശ്രൂഷയിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നുവെന്ന് വികാരിയെ അറിയിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചൻ തിരുമേനിയെ സ്വീകരിച്ചു മദ്ബഹായിൽ പ്രവേശിച്ചു. തിരുമേനി സംബന്ധിക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. വികാരി കയറി വന്നപ്പോൾ ആണ് ഞാൻ മനസ്സിലാക്കുന്നത്. തിരുമേനി കയറി വന്നപ്പോൾ 'Are you comfortable' എന്ന് വികാരി എന്നോട് ചോദിച്ചു. ചില ഉപദേശങ്ങളും നല്കി. കാര്യം മനസ്സിലാക്കിയ തിരുമേനി പറഞ്ഞു 'Achen pray and proceed'. ശുശ്രൂഷാനന്തരം അഭിനന്ദിക്കാനും മറന്നില്ല.

ആശയവിനിമയങ്ങൾക്കു നർമ്മം ഉപയോഗിക്കുന്നത് തിരുമേനിയുടെ ഒരു ശൈലിയാണ്. ഒരിക്കൽ ഒരു ഭവനത്തിൽ അഭിവന്ദ്യ തിരുമേനിയെ ഭക്ഷണത്തിനായി ക്ഷണിച്ചു. സംഭാഷണമദ്ധ്യേ അവിടുത്തെ മാതാവിന് സുഖമില്ല കിടപ്പിലാണെന്ന് അറിഞ്ഞ തിരുമേനി ആ മാതാവിന്റെ പ്രായം തിരക്കി. വികാരിയച്ചൻ പറഞ്ഞതും ഞാൻ പറഞ്ഞതും രണ്ടും രണ്ടുത്തരമായിപ്പോയി. ഉടൻ തമാശയായി തിരുമേനി പറഞ്ഞു; ഇവിടെ കല്യാണാലോചനയ്ക്കല്ല പ്രായം തിരക്കിയത്. തിരുമേനി പറഞ്ഞതിന്റെ പൊരുൾ എനിക്ക് മനസ്സിലായി.. ചോദ്യം ഉന്നയിക്കപ്പെട്ട സന്ദർഭവും ചോദ്യകർത്താവിന്റെ ഉദ്ദേശവും വ്യക്തമായി മനസ്സിലാക്കി മാത്രമേ പ്രതികരണം നല്കാവൂ എന്നാണ്. ഇവിടെ തിരുമേനി ചോദിച്ചത് മാതാവ് കിടപ്പുരോഗി ആയതു പ്രായാധിക്യം മൂലമാണോ എന്നതാണ്.

2004-ൽ മറ്റൊരു ഇടവകയിൽ മുൻധാരണപ്രകാരം അല്ലാതെ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് സന്ദർശിച്ചു. അന്ന് ജന്മദിന സ്തോത്രശുശ്രൂഷയിൽ അഭിവന്ദ്യ തിരുമേനി മദ്ബഹായിൽ നിന്ന് ഇറങ്ങിവന്ന് ജനങ്ങളോടൊപ്പം മുട്ടുമടക്കി സ്തോത്രാർപ്പണം നടത്തി പ്രാർത്ഥനയിൽ സംബന്ധിച്ചു. ആ അവസരത്തിൽ എന്തുചെയ്യണം എന്ന് അല്പനേരം ഒന്ന് ശങ്കിച്ചു. ശേഷം മറ്റുള്ളവരുടെ തലയിൽ കൈവച്ചു തിരുമേനിയുടെ മുമ്പിൽ കൈകൂപ്പി പ്രാർത്ഥിച്ചു.

പിന്നീട് സെക്രട്ടറിയായതിനുശേഷം ഈ സംഭവത്തിന്റെ ഓർമ്മ തിരുമേനിയോട് പങ്കുവച്ചു. അത്തരം സന്ദർഭങ്ങളിൽ എന്താണ് ചെയ്യേണ്ടിയിരുന്നത് എന്ന് ഞാൻ തിരുമേനിയോട് ചോദിച്ചു. അദ്ദേഹം തന്ന മറുപടി ഇങ്ങനെയാണ്: വിശുദ്ധ കുർബ്ബാന സമയം ചില ചിട്ടവട്ടങ്ങൾ ഒക്കെ പരിപാലിക്കപ്പെടുന്നത് നല്ലതാണ്. അച്ചന്റെ നേതൃത്വത്തിൽ നടന്ന ശുശ്രൂഷാമദ്ധ്യേ സ്തോത്രകാഴ്ച സ്വീകരിക്കുമ്പോൾ, അർപ്പണത്തെയും സമർപ്പിതനെയും വാഴ്ത്തണമേ എന്നാണ് പ്രാർത്ഥിക്കുക. ഒന്നുമില്ലായ്മയിൽ നിന്നും ഇതുവരെയും വളർത്തിയ ദൈവ മുൻപാകെ തങ്ങളെത്തന്നെ താഴ്ത്തി എല്പിച്ചുകൊണ്ട് നടത്തുന്ന ശുശ്രൂഷയിൽ വിശുദ്ധ മദ്ബഹായുടെ മുൻപാകെ തലവണങ്ങി പ്രാർത്ഥിക്കുന്ന സമർപ്പിതരെ ദൈവീക വാഴ്വുകൾക്കു സമർപ്പിച്ച് ആശീർവദിക്കുന്നതിന്റെ അടയാളമാണ് കൈവച്ചു പ്രാർത്ഥിക്കുക എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. ദൈവസന്നിധിയിൽ മുട്ടുമടക്കി പ്രാർത്ഥനയിൽ ആരു പങ്കെടുത്താലും അപ്രകാരം ചെയ്യുന്നതിനു മടിക്കേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം എന്നുപറഞ്ഞു. ഓരോന്നിനും വ്യത്യസ്ത കാഴ്ചപ്പാട് സ്വീകരിക്കുന്നതിലൂടെ ഓരോന്നിനോടുമുള്ള തിരുമേനിയുടെ സമീപനം വ്യക്തമാക്കപ്പെടുന്നു.

മറ്റൊരു സന്ദർഭത്തിൽ ഇടവകദിനത്തോട് ചേർന്ന് തിരുമേനി സംബന്ധിക്കത്തക്ക ഒരു തീയതി ലഭിക്കണം എന്നാഗ്രഹിച്ചു സമീപിച്ചു. എന്തൊക്കെയാണ് ഇടവകദിന പരിപാടികൾ എന്ന് തിരുമേനി അന്വേഷിച്ചു. പ്രോഗ്രാമുകൾ എല്ലാം പറഞ്ഞു. മുപ്പതു കുട്ടികൾ ആദ്യ കുർബാനക്കുള്ള ഒരുക്കക്ലാസ്സ് പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. കാര്യപരിപാടി കേട്ട ശേഷം ഇടവകദിനം ഇത്രയധികം നീണ്ടുപോകുന്നത് ഉചിതമാകില്ല എന്ന് തിരുമേനി അഭിപ്രായപ്പെട്ടു. ആദ്യ കുർബ്ബാനയ്ക്കായി കുഞ്ഞുങ്ങൾ ഒരുങ്ങിയിട്ടുണ്ട് എന്ന് കേട്ടതിലുള്ള സന്തോഷം അറിയിക്കാനും മറന്നില്ല. എന്നാൽ എന്റെ അഭിപ്രായം ആദ്യകുർബാന് വികാരിയച്ചന്മാർക്ക് അതിന്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കി സമയം നിശ്ചയിച്ച് ചെയ്യാവുന്നതാണ്. അതോടൊപ്പം ഇങ്ങനെ കൂട്ടിച്ചേർത്തു, പ്രത്യേക ദിനങ്ങളെ നിറമുള്ളതാക്കാനുള്ള കാര്യപരിപാടിയുടെ ഭാഗമല്ല ആദ്യകുർബാന ശുശ്രൂഷ. സഭയുടെ പൂർണ്ണ അംഗത്വത്തിലേക്ക് പ്രവേശിക്കുന്നതിനും സ്വയമായി വിശ്വാസം ഏറ്റുപറയാൻ പര്യാപ്തമായ പ്രായം എന്നതാണ്. അതിനാൽ കുഞ്ഞുങ്ങളുടെ ആ അവസരം തടസ്സപ്പെടാതെ വികാരിമാർക്ക് കുർബ്ബാന നല്കാൻ കഴിയണം. ഇടവക ദിനത്തിന്റെ പ്രാധാന്യം ഇടവകയുടെ വളർച്ച സമൂഹ മദ്ധ്യേയുള്ള നിലപാട് വിശ്വാസിക്ക് സമൂഹത്തിലുള്ള പങ്കാളിത്തം ഇവയെല്ലാം എത്രകണ്ട് ഗൗരവമുള്ളതാണോ എന്ന് ഓർക്കുന്നതിനും ഇടവകയായി പുനർസമർപ്പിക്കുന്നതിനുമുള്ള അവസരമാണ്. ഒരു ബിഷപ്പ് ഇടവക സന്ദർശിക്കുന്നത് ജനങ്ങളുമായി സംവേദിക്കുന്നതിനാണ്. നർമ്മസംഭാഷണത്തിലൂടെ മാനവ സൗഹൃദത്തെ ചൈതന്യവൽക്കരിക്കുന്നതിന് പ്രധാന ഊന്നൽ നല്കിയതാണ് തിരുമേനിയുടെ ഏറ്റവും വലിയ സവിശേഷത. ജീവിതംതന്നെ കൂദാശയായി മാറ്റി സ്വയത്തെ ത്യജിച്ച ഗുരുശ്രേഷ്ഠതയാണ് ഞാൻ ആ ജീവിതത്തിലൂടെ ഓർമ്മിക്കുക. വിശ്രമകാലത്തും പ്രസന്നവദനനായി ആചാര്യശ്രേഷ്ഠത ജീവിതശൈലിയാക്കിയ അഭിവന്ദ്യ ഗുരു ശ്രേഷ്ഠന്റെ അനശ്വരമായ ഓർമ്മകൾക്ക് മുന്നിൽ എന്റെ കണ്ണീർപ്പൂക്കൾ...

*(ലേഖകൻ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായിരുന്നു. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ സഞ്ചാര സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.)*



# MAR CHRYSOSTOM: A BLEND OFTWO CENTURIES



**Rev.Dr.M.J.Joseph**,Kottayam*.

In the history of the Christian Church, the late and lamented Dr.Philipose Mar Chrysostom Valiya Metropolitan had woven new fabrics of mission concerns for the Christian Church. He is a blend of the 20th and the 21st Century. Thirumeni is quite qualified to find a place in the Scroll of honour because of his age and stature. For him, the great city is one that handles its art and garbage equally well. He has not built any edifice to be remembered, but he used to appreciate what others have built. , "Really great people make you feel that you too can become great"(Mark Twain). He did not write any immortal books, but his oratorical skill has created indelible marks on the sands of time. He was not a poet, but his poetic sense of humour has commanded respect across caste and creed. He was not known as the head of a big Church with millions of people, but he has attained the spiritual authority to navigate the Ecumenical ship of the Universal Church. ***He will be remembered for what he is and how he lived the gospel .His life was his message.***"

As one who is committed to the gospel of Jesus Christ, Thirumeni always tries to establish and maintain his vast chain of friendship in the Community. His friends include the rich and the poor, the literate and illiterate ,the cinema actors and producers, church dignitaries and lay people, his school mates and classmates, politicians and religious leaders. I am sure, Thirumeni will agree with Fr.Murray Rogers(A British pilgrim) who said,"if friends are my assets, I am the richest man in the world".

His biographical book,**Mission in the Market Place** compiled and edited by Dr.Jesudas Athyal, is full of his life narratives. Dozens of articles that appeared in the New Vision Magazine carry the life-skletches of Thirumeni in a lucid manner. Thanks to Prof. Dr.Mathew Koshy, the editor.I remember to have organized a seminar at UTC Annex, Bangalore(2004) on the book**, Mission in the Market Place.**There were quite a few presentations on the multi-faceted personality of Thirumeni gleaned out of the book. Quite a few representatives of the Action Groups in Bangalore participated in the seminar organized by me as the director of ECC,Bangalore.In the Seminar, Thirumeni was also present. Later he sent me a letter of thanks.

I am reminded of two incidents which carry great meaning for the pastors and lay people..While Thirumeni was giving a message in a public place, a beggar who happened to be there , pointing out Thirumeni from a distance, said to his fellow beggar :"See,that bishop who is speaking there in MY FRIEND".What a great sign of relationship! While speaking in the presence of the late Metropolitran Geevarghese Mar Osthathios of the Orthodox Church Chrysostom Thirumeni narrated a story to illustrate his friendship with him. An Orthodox woman, married to a Mar Thoma layman came to know that Osthathios Thirumeni will be delivering a Convention message in the nearby place.She wanted to attend the convention there. But her husband dissuaded her first to go to an Orthodox convention. Finally the woman was allowed to attend the convention under one condition. She was asked by her husband to keep her jewels including the ear rings ,bangles and the chain on her neck safely under his custody and go. He was afraid that she would be moved to give away all her ornaments to Osthathios Thirumeni 's charitable causes. Osthathios Thirumeni liked the narration of the story in the same wave length. I have had the opportunity to listen to this narration. .

Thirumeni's sense of humour has attracted the wider section of the society. . For example,if you ask Thirumeni the following questions, I am sure one will get an instantaneous answer*( I add 3 imaginative questions*). Q.no.1 "River Pampa flows in which **state**? "Thirumeni will reply:***Liquid state Q.no.2:.***What is the main reason **for divorce**?Thiurmeni will reply"*marriage*" and he may add remain single " **as I am**". Q.no.3; "What is the reason **for failure**":Thirumeni might say*:**Exams** ! The rationality coupled with humor in his replies is indeed a vehicle for establishing authentic relationships..My last meeting with Thirumeni was on May 1,2018 at the Fellowship hospital. When Thirumeni was told that M.J.Joseph achen had come, His Grace woke up with a smile and asked me,"Do you still write books?'What a great love and concern for the clergy!*

***"Lives of great men all remind us***

***We can make our lives sublime***

***And,departing,leave behind us***

***Footprints on the sands of time" (Henry Wadsworth Longfellow).***

---

**Rev.Dr.M.J.Joseph is the former Principal of the Mar Thoma Theological Seminary ,Kottayam and the former Director of the Ecumenical Christian Center,Bnagalore.*





# CHRYSOSTOM THIRUMENI-END OF AN ERA



**Jacob Joseph**,Toronto

How blessed we all are to have known Chrysostom Thirumeni all our lives. I would like to look at the life and times of thirumeni as a special era.

Looking at the description given to the word 'Era' it says 'It is a long and distinct period of history with a particular feature or characteristic' and that particular feature and characteristic era belonged to Chrysostom Thirumeni. I believe that generations will remember it that way, including our future generations saying, 'my forefathers lived in the same time period or era of Chrysostom Thirumeni.What a proud legacy he has left for all of us. His ministry was beyond the boundaries of the church that he was consecrated to serve as a Bishop.

He redefined the traditional thinking of how to serve God without any barriers and prejudices.Thirumeni's life is an example of universal love and recognition of all mankind. According to the Biblical truths, he followed the life of Jesus Christ on earth as his only example. Since Thirumeni's passing, we have heard many people from all walks of life remembering him in a 'personal' way. How is it possible that a man of his status and respect in society become very personal to everyone?

He transpired his love and respect for everyone he met in his long life of 104 years. Thirumeni taught us how to love our neighbours, how to cross the man made barriers that stood in the way between rich or poor, faith or religion, man or woman, young or old. His characteristic inviting smile made everyone feel happy. His wit and humour were his therapy to make everyone feel good and invite their attention and listen to his insightful interpretation of Biblical teachings.

I have known Chrysostom Thirumeni for more than 50 years, initially through my late father Rev.J.Joseph, who was born on 12 0ct 1917, and Thirumeni on 27 April 1918. They were classmates in Kozhenchery high school. They always kept their respect for each other. During my last 50 years of life in Canada, I have had the privilege to spent plenty of time with him while he visited the U.S and Canada during the early years of the 1980s and until 2006. Chrysostom Thirumeni was also the Diocesan Bishop of North America and Europe .

It was during this time this region became a Diocese and established a Diocesan Center for a resident bishop. It was indeed a great achievement for the Mar Thoma Church. The Mar Thoma immigrant community in U.S.and Canada at large with many churches and congregations. Most of the parishes were formed in the 1980s and '90s. I would like to mention that the children who are born here in the '70s and '80s were highly influenced by the magnetic personality of Chrysostom Thirumeni and kept their loyalty to their mother church. As parents, we were somewhat concerned about that in the beginning.

Thirumeni's life, is a life lesson to learn how to live and serve every human being around us with humility and love. He taught us to be simple-hearted

people with a touch of humor to relax others and convey true faith, hope, and love.

## തിരുമേനി അപ്പച്ചന് നിറകണ്ണുകളോടെ പ്രണാമം

സന്തോഷ്

2007 ഒക്ടോബർ മാസം 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിക്ക് അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനിയുടെ സെക്രട്ടറി ആയിരുന്ന റവ. സണ്ണി ജോർജ്ജ് അച്ചൻ എന്നെ മാരാമണ്ണിലുള്ള ജൂബിലി ഹോം അരമനയിൽ കൊണ്ടുപോയി. കാലം ചെയ്ത ഏബ്രഹാം മാർത്തോമ്മാ തിരുമേനിയുടെയും യൂഹാനോൻ മാർത്തോമ്മാ തിരുമേനിയുടെയും കൂടെ ഉണ്ടായിരുന്ന കുഞ്ഞുകോശിയുടെ കൊച്ചുമകൻ ആണ് ഇത് എന്നും സന്തോഷ് എന്നാണ് പേര് എന്നുപറഞ്ഞു തിരുമേനിക്ക് എന്നെ പരിചയപ്പെടുത്തിക്കൊടുത്തു. ഇയാൾക്ക്, ഇംഗ്ലീഷ് ടൈപ്പിംഗ് വശമുണ്ടോ എന്ന് തിരുമേനി എന്നോട് ചോദിച്ചു. ഒരുവിധം അറിയാം എന്ന് ഞാൻ മറുപടി നല്കി. മലയാളം ടൈപ്പിംഗ് അറിയാമോ എന്ന് ചോദിച്ചപ്പോൾ, ഇല്ല എന്നുള്ള എന്റെ മറുപടി കേട്ട് ഇയാൾക്ക് സായിപ്പൻമാരുടെ കൂടെ ജോലി ചെയ്യാൻ സാധിക്കത്തൊള്ളോ എന്ന് ചോദിച്ചു. മലയാളം ടൈപ്പിംഗ് പഠിച്ചെടുക്കാമോ എന്ന് ചോദിച്ചപ്പോൾ ശ്രമിക്കാം എന്നുപറഞ്ഞ എന്നോട്, ശ്രമിച്ചാൽ പോരാ പഠിച്ചെടുക്കണം എന്നുപറഞ്ഞ് തിരുമേനിയുടെ ഓഫീസിൽ ക്ലാർക്കായി നിയമിച്ചു. അന്നുമുതൽ തിരുമേനിക്ക് ഒപ്പം ആയിരിപ്പാൻ എളിയവനായ എന്നെ ദൈവം തെരഞ്ഞെടുത്തത് ജീവിതത്തിലെ ഒരു സുകൃതമായി ഞാൻ കാണുന്നു. മറക്കാനാവാത്ത ഒരുപാട് ഓർമ്മകൾ.... ഒരുപാട് അനുഭവങ്ങൾ... ഇന്ത്യയ്ക്ക് അകത്തും വിദേശത്തുമായി ഒരുപാട് യാത്രകൾ...

എന്നും പിതൃതുല്യമായ വാത്സല്യത്തോടെ എന്നെ കരുതുകയും സ്നേഹിക്കുകയും സഹായിക്കുകയും ഉപദേശിക്കുകയും ശാസിക്കുകയും ചെയ്തിരുന്ന തിരുമേനിയുടെ വേർപാട് വ്യക്തിപരമായി എനിക്കും നികത്താനാവാത്ത വലിയ നഷ്ടമാണ്. എന്റെ ഭാവിജീവിതത്തെ കരുതി എന്നെ വിവാഹം കഴിപ്പിക്കുവാനും ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൽ ഒരു ജോലി ലഭിക്കുവാനും തിരുമേനി മുൻകൈ എടുത്തു. ഇനിയും ഒരു ജന്മംകൂടി കൂടെ ജീവിച്ചു തീർത്താലും തീർക്കാൻപറ്റാത്ത അത്ര കടപ്പാട് എനിക്ക് തിരുമേനിയോടുണ്ട്.

ജീവിതപന്ഥാവിൽ എനിക്കും വെളിച്ചമായിരുന്ന ആ ദീപനാളം അണഞ്ഞു... ഞാൻ തൊട്ടറിഞ്ഞ ദൈവീക സാന്നിദ്ധ്യം മറഞ്ഞു.....

പ്രിയ തിരുമേനി അപ്പച്ചന് നിറകണ്ണുകളോടെ പ്രണാമം അർപ്പിക്കുന്നു.

# ക്രിസോസ്റ്റം തിരുമേനി എന്റെ ഗുരുവും സ്നേഹിതനും



ഡോ. മാത്യു കോശി പുന്നയ്ക്കാട്

ക്രിസോസ്റ്റം വലിയ തിരുമേനിയുമായി ഏറ്റവും കൂടുതൽ തവണ അഭിമുഖ സംഭാഷണം നടത്തി പ്രസിദ്ധീകരിക്കുവാനുള്ള അസുലഭ അവസരം എനിക്ക് ലഭിക്കുകയുണ്ടായി. 1994 മുതൽ 2007 വരെ പലയവസരങ്ങളിലും തുടർന്നു എല്ലാ മാസവും തിരുമേനിയുമായി നടത്തിയ അഭിമുഖ സംഭാഷണങ്ങൾ ന്യൂവിഷൻ മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു. അഭിമുഖങ്ങളെല്ലാം ചേർത്ത് രണ്ടു പുസ്തകങ്ങളിറക്കുവാനും സാധിച്ചു. പവ്വർ ടിവിയ്ക്ക് വേണ്ടി അമ്പതോളം എപ്പിസോഡുകളിൽ അവതാരകനായി വരുവാനും എനിക്കവസരം ലഭിക്കുകയുണ്ടായി. അതുകൊണ്ട് തന്നെ തിരുമേനിയെ അടുത്തറിയുവാനുള്ള അവസരം എനിക്ക് ലഭിച്ചു.



ഒരിക്കൽ ഞാൻ ഊട്ടി സന്ദർശിക്കവേ ഗുരു നിത്യചൈതന്യയതി നാരായണഗുരുകുലത്തിൽ ഉണ്ടെന്നറിഞ്ഞത്. സമയം ഉള്ളതിനാൽ അദ്ദേഹവുമായി അഭിമുഖമായിക്കളയാമെന്ന് കരുതി. അദ്ദേഹത്തെ വേണ്ട രീതിയിൽ പഠിക്കാതെ രണ്ടു ദിവസമായി നടത്തിയ അഭിമുഖ സംഭാഷണം ചളമായതിന്റെ ഓർമ്മകളുമായാണ് പത്തു ദിവസത്തന് ശേഷം ക്രിസോസ്തം മെത്രാപ്പോലിത്തായെ കാണുവാനായി റാന്നിയിലെത്തിയത്. മുൻ അനുഭവം ഉണ്ടാവാതിരിക്കുവാൻ തിരുമേനിയെക്കുറിച്ചും മാർത്തോമ്മാ സഭയെക്കുറിച്ചും വായിക്കാവുന്ന എല്ലാ പുസ്തകങ്ങളും വായിച്ചിട്ടാണ് ഞാൻ അഭിമുഖസംഭാഷണത്തിനായി ചെന്നത്. തിരുമേനിയുടെ പ്രസംഗവും പ്രവർത്തനങ്ങളും തമ്മിലുള്ള അന്തരങ്ങൾ ചിലത് ചൂണ്ടിക്കാട്ടണമെന്നാഗ്രഹമുണ്ടായിരുന്നു. അഭിമുഖ സംഭാഷണത്തിന് എന്റെ ഒരു സഹപ്രവർത്തകൻ കൂടിയുണ്ടായിരുന്നു. അഭിമുഖ സംഭാഷണത്തിനിടയിൽ ഞാനൊരു ചോദ്യം ചോദിച്ചു.ക്രൈസ്തവ ബിഷപ്പുമാരുടെ ജീവിതവും പ്രസംഗവും തമ്മിലുള്ള അന്തരം സഭയെ ക്രൈസ്തവേതരരുടെയിടയിൽ തരംതാഴ്ത്തുവാൻ ഇടയാക്കിട്ടില്ലെ?. തിരുമേനി ഏത് ഉത്തരം പറഞ്ഞാലും അതിന് മറുചോദ്യം എന്റെ കൈവശം ഉള്ളതിനാൽ വലിയ ആത്മവിശ്വാസത്തോടെയാണ് ചോദ്യം ചോദിച്ചത്. തിരുമേനിയെ ഉത്തരം മുട്ടിക്കാമെന്നു കരുതി . തിരുമേനി എന്റെ മുഖത്തേക്ക് നോക്കി മറുപടി പറഞ്ഞു: ലോകത്തിൽ പ്രസംഗിച്ചതു പോലെ ജീവിച്ച മൂന്നു വ്യക്തികളെയെനിക്കറിയാം. ഒന്ന്, കർത്താവായ യേശുവാണ്. ബാക്കി രണ്ടു പേർ നിങ്ങൾ രണ്ടു പേരാണ്. എന്റെ കൂടെയുണ്ടായിരുന്നയാൾ ശരിക്കും മഞ്ഞളിച്ചു പോയി. എന്റെ കാലിൽ തിരുമേനി കാണാതെ ചവുട്ടി. വടി കൊടുത്ത് അടി വാങ്ങേണ്ട ആവശ്യമുണ്ടായിരുന്നോ എന്നാണ് ചവിട്ടിന്റെ ഉദ്ദേശമെന്നു എനിക്ക് മനസ്സിലായി. ചമ്മലറിയിക്കാതെ രണ്ട് ചോദ്യങ്ങൾ കൂടി ചോദിച്ചിട്ട് ഞങ്ങൾ സ്ഥലം വിട്ടു.

## കമ്മ്യൂണിറ്റി ബിൽഡിംഗ് അപ്

ജാതി മത ചിന്തകൾക്കതീതമായ കമ്മ്യൂണിറ്റി ബിൽഡിംഗ് അപ് ആണ് തിരുമേനിയുടെ സ്വപ്നവും ദർശനവും. പള്ളിയാരാധന കഴിഞ്ഞാലുടൻ സ്ഥലം വിടുന്ന രീതി മാറണമെന്ന് തിരുമേനി അഭിപ്രായപ്പെടുന്നു. കുറെ നേരം എല്ലാവരുമായി സംസാരിക്കണം. അപ്പോഴായിരിക്കുമറിയുന്നത് മറിയാമ്മ ആശുപത്രിയിലായ കാര്യം. നോക്കുവാൻ ആരുമില്ല. പണത്തിന് കുറവുണ്ട്. ഉടനെ അവിടെ കൂടിയിരുന്നവരെല്ലാം കൂടി ഒത്തുചേർന്ന് പണം പിരച്ചെടുത്ത് മറിയാമ്മയെ കാണുവാൻ പോകുന്നു. തിരുമേനി ചോദിക്കുന്നു: അതൊരു റീക്രീയേഷനല്ലെ. പഴയ ബന്ധങ്ങൾ പുനംസ്ഥാപിക്കുന്നതിൽ കൂടിയും പുതിയ ബന്ധങ്ങൾ ഉണ്ടാകുന്നതിൽ കൂടിയും തിരുമേനി മറ്റുള്ളവരുമായി സന്തോഷം പങ്കിടുകയാണ്. ഒരു കമ്മ്യൂണിറ്റിയെ സ്ഥിരമായി സഹായിച്ച് പൂർണ്ണതയിലേക്ക് നയിക്കുന്നതിനെക്കുറിച്ച് തിരുമേനി എപ്പോഴും പറയുന്നു. തിരുമേനി ഇത് വ്യക്തമാക്കുവാൻ ഒരു കഥ പറയാറുണ്ട്. ഒരാശുപത്രിയിൽ സേവനസന്നദ്ധനായ ഒരു ഡോക്ടറുണ്ട്. ഏതാവശ്യം വന്നാലും ഉടനദ്ദേഹം ശുശ്രൂഷയാരംഭിക്കും. ഒരിക്കൽ ഒരു ആക്സിഡന്റ് പറ്റി ധാരാളം പേരെ ആശുപത്രിയിലേക്ക് കൊണ്ടുവന്നു. ഡോക്ടർ ഉടനെ രംഗത്തിറങ്ങി. കാലിലെ മുറിവുകളെല്ലാം കുത്തികെട്ടി മുകളിലോട്ട് ചെന്നപ്പോഴാണ് മനസ്സിലായത് തലയില്ലായെന്ന്. നമ്മുടെ ശുശ്രൂഷകൾ തലയുണ്ടോയെന്ന് നോക്കിയിട്ട് വേണം. പൂർണ്ണ ആളത്വത്തിലേക്ക് നയിക്കാത്ത ശുശ്രൂഷകളും അവാർഡ് ദാനവുമൊക്കെ ഇതുപോലെയായിരിക്കും തിരുമേനി അഭിപ്രായപ്പെടുന്നു.

## നേതാവ് ജനങ്ങളെ നന്മയിലേക്ക് നയിക്കുന്ന ദർശനങ്ങൾ നൽകണം.

സമുഹത്തിന് മാറ്റമുണ്ടാകണമെങ്കിൽ നല്ല പോലെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുവാൻ കഴിവുണ്ടാകണം. നല്ലപോലെ കാര്യങ്ങൾ സംവേദനം ചെയ്യുവാൻ കഴിയുന്നവർക്കെ ജനങ്ങളിൽ ഒരു പുതിയ ദർശനങ്ങൾ കൊടുക്കുവാൻ സാധിക്കയുള്ളു. പുതിയ ദർശനങ്ങൾ ലഭിക്കുമ്പോൾ പുതിയ സ്വപ്നങ്ങൾ കാണുവാൻ ഇടയാകും. അപ്പോൾ വ്യക്തികളിലും സമൂഹത്തിലും മാറ്റമുണ്ടാകയുള്ളു. എത്രയോ നാളുകളായി നമ്മുടെ അച്ചന്മാരും ബിഷപ്പുമാരും പ്രസംഗിക്കുന്നു. പ്രസംഗം ഫലപ്രദമായ സംവേദനം ചെയ്യുന്നില്ല. തിരുമേനി ഒരു രസകരമായ സംഭവത്തിലൂടെ വിശദീകരിക്കുന്നു: –



അയ്യങ്കാളി ഞങ്ങളുടെ നാട്ടിൽ പ്രസംഗിക്കുവാൻ വന്നു. ഞങ്ങളുടെ പുലയൻ കേൾക്കുവാൻ പോയി. അയ്യങ്കാളി പ്രസംഗിച്ചു. ഇനിയും ജാതിയൊന്നുമില്ല. ഒറ്റ ജാതിയെയുള്ളു. മനുഷ്യ ജാതി മാത്രം. പുലന് ഇത് ശരിക്കും മനസ്സിലായി. അവൻ തിരികെ വന്നപ്പോൾ അടങ്ങാപ്പുറത്തെ വല്ല്യപ്പൻ ചോദിച്ച് – നീ എവടെയായിരുന്നു– തെക്കെവഴിക്ക് ഞങ്ങളുടെ ഒരു വലിയ ആൾ വന്നിരുന്നു. അദ്ദേഹം പറഞ്ഞു ഇനിയും ജാതി എല്ലാം ഒന്നാകുകയാണെന്ന്. അങ്ങനെ ഒന്നാകുകയാണെങ്കിൽ..........

വല്ല്യപ്പൻ ചോദിച്ചു – അങ്ങനെ ഒന്നാകുകയാണെങ്കിൽ.......

അങ്ങനെ ഒന്നാവുകയാണെങ്കിൽ .... ഇവിടെ ഒരു തമ്പുരാട്ടി കല്ല്യാണം കഴിക്കാറായി നില്പുണ്ട്. എനിക്കാണെങ്കിൽ ഒരു ക്ടാത്തനുമുണ്ട്. തമ്പുരാട്ടിക്ക് കല്ല്യാണമാലോചിക്കുമ്പോൾ ഇതൊന്ന് ഓർമ്മയിലുണ്ടാവണം. വല്ല്യപ്പനൊരടി കൊടുത്തതോടെ സംഭാഷണമവസാനിച്ചു. ഇത് ഇന്ന് ഓർക്കുമ്പോൾ എനിക്ക് അത്ഭുതം തോന്നും. കാരണം അയ്യങ്കാളി തന്റെ ജനതക്ക് ഒരു പുതിയ ദർശനം കൊടുത്തു. ഞങ്ങളുടെ അടിയാന് അത് മനസ്സിലായി എന്നു മാത്രമല്ല അയാൾക്ക് സ്വപനങ്ങൾ കാണുവാനും സാധിച്ചു. ഇത് ഇന്ന് നമ്മുടെ സഭയ്ക്ക് സാധിക്കുന്നുണ്ടോ. പുതിയ ആശയങ്ങൾ ജനങ്ങളിലേക്ക് ഫലപ്രദമായി സംവേദനം ചെയ്യുവാൻ നമുക്ക് സാധിക്കുന്നുണ്ടോ. നമ്മുടെ അച്ചന്മാരുടെയും തിരുമേനിമാരുടെയും പ്രസംഗം കേട്ടാൽ ജനങ്ങൾക്ക് പുതിയ ദർശനം ലഭിക്കുന്നുണ്ടോ. ചില്പ്പോൾ ലഭിച്ച ദർശനം പോകുവാനുമിടയാകും.

## ക്രൈസ്തവ പ്രതികരണം

വേദപുസ്തകം ഓരോ കാലഘട്ടത്തിനുസരിച്ച് പുനരാഖ്യാനം ചെയ്യണമെന്നാണ് തിരുമേനിയുടെ അഭിപ്രായം. ആധുനിക യുഗത്തിൽ വേദപുസ്തക സന്ദേശം എങ്ങനെയാണ് മനസ്സിലാക്കേണ്ടതെന്ന് ചോദിച്ചാൽ അതിനുത്തരമാണ് തിരുമേനി നൽകുന്നത്. ഇന്നത്തെ ആവശ്യം കണ്ടറിഞ്ഞു പ്രവർത്തിക്കുന്നതാണ് നവീകരണം.അതെ കർത്താവു എന്താണ് ചെയ്തത്. പഴയ നിയമത്തിലെ പലതിനും പുനരാഖ്യാനം കൊടുക്കയായിരുന്നു. ശബ്ബത്ത് മനുഷ്യനു വേണ്ടിയാണെന്ന് കർത്താവല്ലെ പറഞ്ഞത്. വേദപുസ്തത്തിലെ വാക്യങ്ങൾ അതേ പടി വ്യാഖ്യാനിച്ചാൽ അപകടമായിരിക്കും ഫലം. അയൽക്കാരന്റെ മുതൽ മോഷ്ടിക്കരുതെന്നു പറഞ്ഞാൽ ദൂരെയുള്ളവന്റെ മുതൽ മോഷ്ടിക്കാമെന്നാണോ. വേദപുസ്തകത്തിന്റെ പൂർണ്ണ അന്തഃസത്ത മനസ്സിലാക്കി കാലഘട്ടത്തിനനുസരിച്ച് മനസ്സിലാക്കി പ്രതികരിക്കുന്നതാണ് ക്രൈസ്തവ പ്രതികരണം എന്ന് തിരുമേനി അഭിപ്രായപ്പെടുന്നു.

## ഇടത്തൂട്ടുപദേശം വിറ്റു ജീവിക്കുന്ന ക്രിസ്ത്യാനികൾ

യേശുവിനെ ക്രിസ്ത്യാനികളുടെ മാത്രം ദൈവമാക്കി ഏറ്റവും വലിയ ഇടത്തൂട്ടുപദേശം വിറ്റു ജീവിക്കുന്നവരാണ് കേരളത്തിലെ ക്രിസ്ത്യാനികളെന്ന് തിരുമേനി അഭിപ്രായപ്പെടുന്നു. ദൈവം ഒന്നേയുള്ളു. ഹിന്ദുക്കൾ, മുസ്ലിമുകൾ, ക്രിസ്ത്യാനികൾ മനസ്സിലാക്കുന്ന രീതിയിൽ വ്യത്യാസമുണ്ടാകാം. ചിലർ തിരുമേനിയോട് ചോദിക്കും, യേശുക്രിസ്തുവും ശ്രീകൃഷ്ണനും ഒന്നാണോ? തിരുമേനി പറയും, ശ്രീകൃഷ്ണനെക്കുറിച്ചു ഞാൻ പഠിച്ചിട്ടില്ല. അപ്പോൾ ഞാൻ ശ്രീകൃഷ്ണനെക്കുറിച്ച് എങ്ങനെ പറയും. യേശുക്രിസ്തുവിനെക്കുറിച്ച് തന്നെ ഞാൻ പഠിച്ചുകൊണ്ടിരിക്കുന്നതേയുള്ളു.

## മരണം

മരണത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള വ്യക്തിയാണ് തിരുമേനി. മരണം ജീവിതത്തിന്റെ പൂർണ്ണതയിലേക്കുള്ള യാത്രയാണ് എന്ന് വേദപുസ്തകം പറയുന്നു. മരണം ജീവിതത്തിന്റെ അടുത്ത മുഖമാണ്. നാം ഒരു കിണർ കുഴിക്കുമ്പോൾ വെള്ളം കണ്ടെത്തുന്നത് മരണമാണോ? ആ പ്രവർത്തിയുടെ മരണമാണ്. എന്നാൽ അത് ഒരു പ്രയോജകീഭവിക്കലിന്റെ ആരംഭമാണ്. അപ്പോൾ എല്ലാ അന്തങ്ങളും ഒരു ആരംഭമാണ്. സഭയുടെ പഠിപ്പിക്കലുകളിൽ എങ്ങനെ ജീവിക്കണമെന്നോ എങ്ങനെ മരിക്കണമെന്നോ പഠിപ്പിക്കുന്നില്ല. കാൻസർ രോഗിയാണെന്നറിഞ്ഞപ്പോൾ തിരുമേനി ഞെട്ടിപ്പോയി. തികച്ചും മാനുഷികമായ പ്രതികരണം.

പക്ഷേ തന്റെ അവസ്ഥയെ മറ്റുള്ളവർക്ക് ആത്മവിശ്വാസം പകർന്നു നൽകുവാൻ ഫലപ്രദമായി ഉപയോഗിക്കുന്ന തിരുമേനിയെയാണ് നാം കാണുന്നത്. സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തി അർത്ഥസമ്പുഷ്ടമായി ഉപയോഗിക്കുകയെന്നതാണ് പ്രധാന്യമർഹിക്കുന്നതെന്ന് തിരുമേനി പറയുന്നു.

എറണാകുളത്ത് വെച്ച് ബോധക്ഷയം ഉണ്ടായപ്പോൾ ആശുപത്രിയിൽ കിടക്കേണ്ടി വന്നു. തിരികെ മാരാമൺ വന്നപ്പോൾ ഞാൻ കാണുവാൻ പോയിരുന്നു. തിരുമേനിയുടെ പെങ്ങളുടെ മകൾ സൂസി തരുർ ഹൈദ്രബാദിൽ നിന്നു വന്നിട്ടുണ്ടായിരുന്നു. തിരുമേനി പറഞ്ഞു:ഇവൾ ഭർത്താവിനെയും ഇട്ടിട്ട് എന്നെ ശുശ്രൂഷിക്കുവാൻ വന്നിരിക്കുകയാ. ഞാൻ ചോദിച്ചു: തിരുമേനി ഇനിയും പൊതുപരിപാടികൾക്ക് പോകുന്നുണ്ടോ. പോകരുതെന്നാ ഡോക്ടർ പറഞ്ഞിരിക്കുന്നത്. ഏതായാലും അടുത്ത ബുധനാഴ്ച വരെ എങ്ങും പോകത്തില്ല. ഇവൾ ബുധനാഴ്ച പോകും. തിരുമേനി അല്പം വിശ്രമം എടുക്കുന്നതല്ലെ നല്ലത്.

എനിക്ക് ആളിനെ കാണുന്നത് വലിയ ഇഷ്ടമാ. സ്വാഗത പ്രസംഗവും ഇഷ്ടമാ. അതിവിടെയിരുന്നാൽ കേൾക്കുവാൻ പറ്റുമോ. എനിക്കോരു സംശയവുമുണ്ടു. ഈ സ്വാഗത പ്രസംഗകൻ സ്വർഗ്ഗത്തിൽ പോകുമോന്ന്. കാരണം ഇല്ലാത്ത കാര്യങ്ങൾ പൊലിപ്പിച്ചല്ലെ അവൻ പറയുന്നത്.

തിരുമേനിയുമായി നടത്തിയ അഭിമുഖസംഭാഷണങ്ങൾ പുസ്തക രൂപത്തിലിറക്കുവാൻ പോകയാണെന്ന് ഒരിക്കൽ തിരുമേനിയോട് പറഞ്ഞു. തിരുമേനിയുടെ ഉടനെയുള്ള മറുപടി. എന്നാൽ നമ്മൾ രണ്ടു പേരും രക്ഷപെടും. എന്നെക്കുറിച്ചുള്ള പുസ്തകം എനിക്ക് പ്രസിദ്ധി തരും. എന്നെ അറിയാവുന്നവരെല്ലാം ആ പുസ്തകം വാങ്ങിക്കും. ആക്കൂട്ടത്തിൽ സാറിന്റെ പേരും ഇപ്പോൾ അറിയാത്ത മേഖലയിൽ കൂടി അറിയപ്പെട്ടു തുടങ്ങും.

കാൻസർ , ഹൃദയ തകരാറുകൾ, രക്തക്കുഴലിൽ തടസ്സം, നടക്കുവാൻ പ്രയാസം തുടങ്ങിയവയുള്ള ഈ അപ്പച്ചൻ വീട്ടിലടങ്ങിയിരിക്കേണ്ടതിന് പകരം ലോകം മുഴുവൻ സഞ്ചരിച്ചു, നൂറു കണക്കിനാളുകളോട് സംവദിച്ചു, പുതിയ പുതിയ ആശയങ്ങൾ ജനത്തിന് നൽകി, എല്ലാ മത വിഭാഗങ്ങളിലുമുള്ളവരുടെയും സ്നേഹാദരവുകൾ ഏറ്റു വാങ്ങുകയുണ്ടായി. അവരെ ആവേശഭരിതരാക്കി ചൈതന്യത്തോടെ മുന്നേറിയ ക്രിസോസ്തം വലിയ മെത്രാപ്പോലിത്ത അങ്ങനെ നൂറ്റിനാലാം വയസ്സിൽ ഈ ലോകത്തോട് വിടവാങ്ങി.



# ശിരസ്സ് നമിക്കുന്നു



**വീണാ ജോർജ്**
കേരള സംസ്ഥാന ആരോഗ്യമന്ത്രി

**ക്രിസോസ്റ്റം തിരുമേനിയെ കാണുവാൻ ചെന്നപ്പോൾ തിരുമേനി എന്നോട് പറഞ്ഞു. എല്ലാവർക്കും വീട്, വസ്ത്രം, ആഹാരം എന്നിവ ലഭിച്ചാൽ നമ്മുടെ നാട് ഒരു സ്വർഗ്ഗമായി മാറും. കോഴഞ്ചേരിയെയും മാരാമണ്ണിനെയും നമുക്ക് ഒരു സ്വർഗ്ഗമാക്കി മാറ്റണം. തിരുമേനി എന്റെ കൂടെയുണ്ടായിരുന്ന പഞ്ചായത്ത് പ്രസിഡന്റിനോട് ചോദിച്ചു, നിങ്ങളുടെ പഞ്ചായത്തിൽ എത്രപേർ ഉച്ചക്ക് ആഹാരം കഴിക്കുവാൻ സാധിക്കാത്തവരുണ്ട്. ആഹാരം കഴിക്കുവാൻ സൗകര്യമില്ലാത്ത ആരും ഇല്ലായെന്ന് പറഞ്ഞു. തിരുമേനിയുടെ ആവശ്യപ്രകാരം ഒരു വാർഡിൽ ഞങ്ങൾ നടത്തിയ സർവ്വേയിൽ 32 പേർക്ക് ഭക്ഷണം വെച്ചു കൊടുക്കുവാൻ സൗകര്യമില്ലാത്തതിനാൽ വിഷമിക്കുന്നത് കണ്ടെത്തി. അങ്ങനെയാണ് തിരുമേനി ഭക്ഷണം കൊടുക്കുവാനുള്ള പദ്ധതിക്ക് രൂപം കൊടുത്തത്. ഓരോ കാര്യങ്ങളും വസ്തു നിഷ്ഠമായി പരിശോധിച്ചു ചെയ്യുവാൻ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 2016ൽ തെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ ഞാൻ തിരുമേനിയെ കാണുവാൻ ചെന്നു. അപ്പോൾ എന്നോട് തിരുമേനി ചോദിച്ചു, വീണാ ജോർജ് ഏത് സഭക്കാരിയാണ്. ഞാൻ മിണ്ടാതെ കുറെ നേരം നിന്നപ്പോൾ തിരുമേനി പറഞ്ഞു. വീണാ ജോർജ്, ഓർത്തഡോക്സുകരിയല്ല, മാർത്തോമ്മാക്കാരിയല്ല, കത്തോലിക്കക്കാരിയല്ല, പിന്നെ ആരാണെന്നല്ലേ. മനുഷ്യസ്ത്രീയാണ്. ജാതി മത ചിന്തകൾക്കതീതമായി ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യണമെന്ന സന്ദേശമാണ് ആ ചോദ്യത്തിലൂടെ തിരുമേനി നൽകിയത്. ക്രിസോസ്റ്റം തിരുമേനി ജീവിച്ച ഈ നൂറ്റാണ്ടിൽ ജീവിക്കാൻ നമുക്കും സാധിച്ചുവെന്നത് വലിയ ഭാഗ്യമായി കരുതുന്നു. ചിരിക്കും ചിന്തക്കും വക നൽകിയ ക്രിസോസ്റ്റം തിരുമേനിയുടെ സ്മരണക്ക് മുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു.**

## വായനക്കാർ നൽകുന്ന നല്ലയനുഭവങ്ങൾ

കഴിഞ്ഞ ദിവസം ഒരു വാട്ട്സ്ആപ് സന്ദേശം വന്നു. കൊവിഡ് കാലത്ത് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്ന് മാസികയിൽ അറിയിപ്പ് വന്നതിന്റെ വെളിച്ചത്തിൽ പതിനായിരം രൂപ സംഭാവന അയക്കുന്നുവെന്ന് ചെന്നൈയിൽ നിന്നും ശ്രീ ബിജി കെ കുര്യന്റെ കുറിപ്പ്. ഞാൻ അത് ഞങ്ങളുടെ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുവാൻ നോക്കിയപ്പോൾ അദ്ദേഹം 10000രൂപ നേരത്തെ തന്നിട്ടുള്ള വരിക്കാരനാണെന്ന് കാണുകയുണ്ടായി. ബിജി കെ കുര്യനെ പോലെ മാസികയെ സ്നേഹിക്കുന്ന, കരുതുന്ന അനവധിയാളുകളുള്ളതു കൊണ്ടാണ് മാസിക കഴിഞ്ഞ 29 വർഷമായി ഒരു ലക്കവും മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നത്. മാസികയുടെ ആയുഷ്ക്കാല വരിക്കാരനും തുടക്കം മുതൽ വായനക്കാരനുമായ റവ ജോളി തോമസ് അച്ചൻ ഈയിടെ പതിനഞ്ചു പേരെ വിളിച്ചു പറഞ്ഞു, ഞാൻ നിങ്ങൾക്ക് ഒരു സർപ്രൈസ് ഗിഫ്റ്റ് തരുവാൻ പോകുകയാണെന്ന്. അവർ തിരക്കിയപ്പോൾ പറഞ്ഞു. "എനിക്ക് വരുന്ന ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ഏറ്റവും മികച്ചതും, ഞാൻ മുടങ്ങാതെവായിക്കുന്നതുമായ ഒരു പ്രസിദ്ധീകരണമാണ് ന്യൂവിഷൻ. അത് നിങ്ങളും വായിക്കണമെന്ന ഉദ്ദേശത്തോടെ ഞാൻ നിങ്ങൾക്ക് മാസിക ഒരു വർഷത്തേക്ക് സ്പോൺസർ ചെയ്യുകയാണ്." ജോളി തോമസ് അച്ചൻ നൂറു രൂപാ വെച്ച് പതിനഞ്ചു പേർക്കയക്കുവാനായി മേൽ വിലാസവും 1500 രൂപായും അയച്ചു തന്നു. അച്ചൻ ചോദിച്ചു. "250രൂപ വാർഷിക വരിസംഖ്യയുള്ള ന്യൂവിഷൻ മാസിക 100 രൂപായ്ക്ക് കൊടുത്താൽ മുതലാകുമോ?". അതിന്റെ ഉത്തരമാണ് ആദ്യത്തേത്. ബിജി കെ കുര്യനെ പോലെയുള്ള ചില വായനക്കാരുടെ ഔദാര്യതയാണ് ഇതിന് സഹായിക്കുന്നത്.ഓരോ ലക്കവും മുപ്പതിനായിരത്തോളം പേർ വായിക്കുന്നു. മാസികയുടെ അച്ചടിയും പോസ്റ്റേജുമല്ലാതെ മറ്റൊരു ചെലവിന് ഞങ്ങൾ മാസികയുടെ അക്കൗണ്ടിൽ നിന്നു പണമെടുക്കാറില്ല.1995 ൽ ഞങ്ങളുടെ ട്രസ്റ്റിന്റെ ചെയർമാനായ കെ സി മാത്യു അച്ചനോട് ചിലർ ചോദിച്ചു. ഒരു ഫിക്സഡ് ഡിപ്പോസിറ്റോ, സെക്യൂരിറ്റിയോയില്ലാതെ ഈ മാസിക എത്രനാൾ ഓടിക്കാനാവും. അച്ചൻ പറഞ്ഞു. "ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു. മാസിക ക്രമമായി പ്രസിദ്ധീകരിക്കേണ്ടത് ദൈവഹിതപ്രകാരമാണെങ്കിൽ വായനക്കാർ കരുതിക്കൊള്ളും.". അത്ഭുതമെന്ന് പറയട്ടെ, കഴിഞ്ഞ 29 വർഷമായി ഞങ്ങളുടെ അക്കൗണ്ടിൽ, വരുന്ന നാലു ലക്കമടിക്കുവാനുള്ള പണമേ കാണുകയുള്ളു. ഒരിക്കലും താഴോട്ടും പോകാറില്ല.(സറേഫാത്തിലെ വിധവയുടെ കലം പോലെ -1Kings 17:8-16) മുകളിലോട്ട് കാര്യമായിട്ട് ഉയരാറുമില്ല. പ്രീയ വായനക്കാരാ, മാസിക നിങ്ങൾക്കിഷ്ടപ്പെടുന്നുവെങ്കിൽ ഞങ്ങളെ രണ്ടു വിധത്തിൽ സഹായിക്കാനാവും. ഒരാൾക്ക് 100 രൂപാ വെച്ച് തന്ന് നിങ്ങളുടെ സ്നേഹിതരെ വരിക്കരായി സ്പോൺസർ ചെയ്യുവാൻ സാധിക്കും.ദശാംശത്തിൽ നിന്നും സംഭാവനകൾ തന്നും ഞങ്ങളെ സഹായിക്കാം.ഞങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

ഡോ.മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ & പബ്ലിഷർ(**mobile/whatsApp** 9847275754)



# THE WIND BENEATH OUR WINGS IS GONE



MEERA PRASAD

O Death, where is your sting? The day after Chrysostom Thirumeni's burial, his 95-year-old sister who had watched the live coverage of the funeral suddenly said, "Let's visit Thirumeni and ask him how he felt in the hole (referring to the grave)."

Taking the cue from my aunt who is our last living connection of her generation, I pictured in my mind a high-voltage family get-together. This time Thirumeni was recounting his death experience and having us in splits. Net result: the room was cracking up with all the fun and laughter.

Our family has a reputation for high decibel noise levels when we got together with Thirumeni. There would be good food, laughter, animated discussion, food for thought and lots of banter that extended into many hours over several rounds of black coffee. Each time we wished it would never end.

Let me put it this way. We are an intriguing mix in the family. Our life paths are different and our views don't always converge. But there is never any disagreement on the undiluted bond that holds us together as family. Each one of us, down to the youngest, have our share of special moments with Thirumeni which also comes together to bind us cohesively. We joke that there can't be a crazier family than ours, but the fact is we are singularly proud of our close ties.

For us, his nieces and nephews, Thirumeni has been the rock in our good times and bad. When my husband and I moved to Kottayam for a few years, Thirumeni took us under his wings and ensured our stay there was hassle-free. Like my mother would, he brought with him handpicked items for my kitchen and our home each time he visited us when I was setting up the place. The aramana was the home we could go to any time.With Thirumeni gone, the soul has gone out of Kerala for me. But I will never feel disconnected because my life has been enriched with the many new associations I have made there through my dear uncle. Our parents, uncles and aunts have been the wind beneath our wings. As they move on one by one and the curtains come down on a glorious era, the way ahead seems dim.

However, Thirumeni has shown us that death does not interrupt the flow of life. From the outpouring of love at his funeral, we know he will live on in the minds and hearts of people, for eternity perhaps. What a powerful testimony from someone who through his life taught of a heaven on earth. He embraced death with the same ecstasy that he lived his life for 104 years.

His spirituality was intrinsically intertwined with day-to-day living. Thirumeni never wore religion on his sleeve and did not get preachy. He preferred to have dialogues with people, and by this I mean, with all kinds of people. As for me, whenever I have spent time with him, I came away feeling I had encountered the Divine.

In his end days, it was his equanimity that amazed me. When he was confined to a bed in the hospital room for three years, there was never any rancour – just graceful acceptance of the will of God. I once asked him if he had any regrets and he said, "The fact that I did not have my mother with me for a longer time is my biggest regret." Thirumeni was around 18 years old when his mother died.

Now reunited with his Maker, his mother and all the loved ones in glory up there, he is not complaining anymore. He is in seventh heaven.

*(The writer is Chrysostom Thirumeni's niece.)*

## ആദരാഞ്ജലി

ഭാരതത്തിലെ ശ്രദ്ധേയനായ പരിസ്ഥിതി പ്രവർത്തകനും ചിപ്കോ പ്രസ്ഥാനത്തിന്റെ നേതാവും ഗാന്ധിയൻ ചിന്താ രീതികളായ അഹിംസ, സത്യാഗ്രഹം എന്നിവയുടെ അനുകർത്താവുമാണ് സുന്ദർലാൽ ബഹുഗുണ. ഇന്ത്യയിലെ ആദ്യകാല പരിസ്ഥിതി പ്രവർത്തകരിൽ ഒരാളായ ബഹുഗുണ പിന്നീട് ചിപ്കോ പ്രസ്ഥാനത്തിലെ ജനങ്ങളുമായി ചേർന്ന് രാജ്യത്തുടനീളം വനനശീകരണം, വലിയ അണക്കെട്ടുകൾ, ഖനനം തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്കെതിരെ പ്രക്ഷോഭ പരിപാടികൾ ഏറ്റെടുത്തു മുന്നോട്ടു കൊണ്ടു പോയി. സുന്ദർലാൽ ബഹുഗുണയുടെ ധന്യമായ ജീവിതം പരിസ്ഥിതി പ്രവർത്തകർക്ക് ആവേശവും ഊർജ്ജവും പകരുന്നു. പരിസ്ഥിതി സംരക്ഷണത്തിന് നിലകൊള്ളുന്ന ന്യൂവിഷൻ മാസിക ധന്യമായ ജീവിതത്തിന് അഭിവാദ്യമർപ്പിക്കുകയും ദേഹവിയോഗത്തിൽ അനുശോചിക്കുകയും ചെയ്യുന്നു.

**പത്രാധിപ സമിതി**

# Declaration of 3 July 2021

## Indian Christian Day / Yeshu Bhakti Divas

This declaration of 3 July 2021 as Indian Christian Day (Yeshu Bhakti Divas*) as an annual day of remembrance, is for followers of the Lord Jesus Christ, of Indian origin, to celebrate the person and message of JESUS CHRIST which was brought to India in 52 AD by one of His twelve disciples, St. Thomas the Apostle.

This day, historically observed as St. Thomas Day, commemorates the martyrdom of the Apostle in 72 AD near Chennai. In marking it in 2021 and every year henceforth, we as followers of the Lord Jesus, also preserve our identity within the Indian cultural heritage, while uniting with all who wish to celebrate, irrespective of language, custom, creed, region or religion.

The celebration of Indian Christian Day (Yeshu Bhakti Divas*) on 3 July 2021, will launch the Decade of Celebration (2021-2030) to honour the 2000th anniversary of the earthly ministry of the Lord Jesus Christ whose teaching and life principles have helped to shape and transform India and the world.

**with corresponding regional names*

NEW VISION FOR A CHANGING WORLD

Annual Subscription Rs.250.00

**June 2021**

Postal Registration No. KL/PTA/92/2019-21
Licensed to post without prepayment
KL/PTA/WPP/252/2019-21

Registered with the Registrar of Newspapers for India, under

No.KER BIL/2000/01543

**Published on 28.5.2021**




Printed and published by Prof.Dr.Mathew Koshy Punnackadu on behalf of
Rev.Prof.K.C.Mathew, Chairman, Nava Darshan Trust and Printed at Evangel Press
Ramanchira, M C Road, Thiruvalla, Pathanamthitta District 689 101 Kerala
Published at Malayil Punnurethu, Punnakkadu, Kozhencherry, Pathanamthitta District 689 652 Kerala
Editor: Prof.Dr.Mathew Koshy Punnackadu